# അരുണ



ഏപ്രിൽ
1954

4ണ.

# അരുണ

## ഗാർഹിക മാസിക

എഡിറ്റർ മിസ്സസ് ഏ. വി. കളത്തിൽ, മാനേജിംഗ് എഡിറ്റർ വറുഗീസ് കളത്തിൽ എം. ഏ.

പുസ്തകം 5 | ഏപ്രിൽ 1954 | ലക്കം 2


# തയ്യൽ

ഈ ലക്കത്തിലെ പുറംചട്ടയിലുള്ള ചിത്രം കുഷ്യൻകവറിലോ കസേരയുടെ പിൻ വിരിപ്പിലോ തയ്ക്കാൻ നന്നായിരിക്കും. വെള്ളയോ ഇളം നിറം തുണിയിലോ ഇതു് നല്ലതുപോലെ യോജിക്കും.

### നിറവും തയ്ക്കുന്ന വിധവും

പെൺകുട്ടിയുടെ പാവാടയുടെ അടിയിലുള്ള മൂന്നു വളഞ്ഞ വരകളും പച്ച നൂലിൽ സാററിൻ സ്റ്റിച്ചിലും കളങ്ങൾ വരച്ചിരിക്കുന്നതു് ചുവന്ന നൂൽ അതുപോലെ പാകി വരകൾ തമ്മിൽ യോജിക്കുന്ന ഭാഗങ്ങൾ ചുവന്ന നൂലുകൊണ്ടു തന്നെ തുണിയോടു് കുത്തി പിടിപ്പിക്കുകയും വേണം. അടിഭാഗത്തെ രണ്ടുവരി ചെറിയ വൃത്തങ്ങൾക്കു് മഞ്ഞ ഫ്റെഞ്ചു് കുരുക്കുകൾ ഇടണം. മുകളിലുള്ള ഗുണനചിഹ്നങ്ങൾ ചുവപ്പു നിറത്തിലും പാവാടയുടെ ചുരുക്കു കാണിച്ചിരിക്കുന്നതും പുറം വരകളും ബ്ളൂസിൻറാ രേഖകളും എല്ലാം ചുവന്ന പുറകോട്ടുകാണിയിലും തയ്ക്കുക, (Stem Stitch) പാവാട വേറെ ചേരുന്ന നിറത്തിലുള്ള തുണി വെട്ടി പിടിച്ചു് (applique) ഈ തയ്യലുകൾ അതിന്റെ മുകളിൽ തയ്ക്കുന്നതു് ഒന്നുകൂടെ ഭംഗിയായിരിക്കും. കൈകളും മുഖവും റോസ്സു് നൂലിൽ പുറകോട്ടു് കാണി തന്നെ. കുടയുടെ പിടി കറുത്ത സാററിൻ സ്റ്റിച്ചിലും കുടയുടെ വള്ളിയും അടിഭാഗവും ബ്രൌൺ സാററിൻ സ്റ്റിച്ചിലും തയ്ക്കണം. ബാക്കി വരകൾ ഒന്നിടവിട്ടു് മഞ്ഞയും ബ്രൌണും പുറകോട്ടു കാണി തയ്ച്ചാൽ മതി.

പാലം ഷെയിഡഡു് ബ്രൌൺ പുറകോട്ടു കാണി നിറച്ചു തയ്ച്ചോ അല്ലെങ്കിൽ സാററിൻ സ്റ്റിച്ചിലോ ആകാം. വെള്ളം കാണിക്കുന്ന രേഖകൾ നീല പുറകോട്ടു് കാണി. മരത്തിന്റെ തടിയും കൊമ്പുകളും ബ്രൌൺ പുറകോട്ടു കാണി അടുപ്പിച്ചടുപ്പിച്ചു് തയ്ക്കണം. ഇലകൾ പച്ചയും പൂക്കൾ നീലയും ലേസിഡെയ്സി തയ്യൽ മതി. പൂക്കളുടെ നടുവിലുള്ള കുത്തുകൾ മഞ്ഞ ഫ്റെഞ്ചു് കുരുക്കു്. വലതുവശത്തെ പുഷ്പങ്ങളുടെ അടിഭാഗം ലൂപ്പു് സ്റ്റിച്ചിലും, മുകൾഭാഗം സാററിൻ സ്റ്റിച്ചിലും ഓറഞ്ചു് നൂലുകൊണ്ടാണു് വേണ്ടതു്. ഇല പച്ച സാററിൻ സ്റ്റിച്ചു്—ഇടതുവശത്തെ സ്റ്റാർ പൂക്കൾക്കു് നീല സാററിൻ സ്റ്റിച്ചു് നന്നായിരിക്കും. ഇല പച്ച സാററിൻ സ്റ്റിച്ചു് തന്നെ. ഏററവും അടിയിലുള്ള ചെറിയ പുൽച്ചെടികളുടെ പൂക്കൾ ചുവന്ന ഫ്റെഞ്ചു് കുരുക്കുകളും, തണ്ടു് കടും പച്ച പുറകോട്ടു് കാണിയിലും തയ്ക്കണം. താഴെയുള്ള വഴിത്താരയുടെ വരകൾ ഇളം ബ്രൌൺ പുറകോട്ടു കാണിയിലും തയ്ക്കുക.

സാററിൻ സ്റ്റിച്ചു്, സ്റ്റെം സ്റ്റിച്ചു് ഫ്റെഞ്ചു് കുരുക്കുകൾ, ലെയ്സി ഡെയ്സി ഇതെല്ലാം ഇ

# ഗാന്ധിയും കുരുവിയും

**ശേഖർ പൈങ്ങോട്ടു്**

മാദകമായ ചുംബനത്തിന്റെ നിർവൃതിയിൽ അലിഞ്ഞുചേരുന്ന ആൽത്തിരകളുള്ള നാലുംകൂടിയ കവല, അതിനു പടിഞ്ഞാറു് വശത്തു് ഉയർത്തിപ്പണിതിട്ടുള്ള ഒരു മണ്ഡപത്തിലാണു് ജീവിതമൂല്യത്തിന്റെ മഹാസന്ദേശവുമേന്തിയ മഹാത്മാഗാന്ധിയുടെ പ്രതിമ നിലകൊള്ളുന്നതു്. ആ പ്രതിമ നിർമ്മിച്ചിരിക്കുന്നതു് ഈയം കൊണ്ടാണു്. പുറമെ സ്വർണ്ണത്തകിട്ടു് പൊതിഞ്ഞിരിക്കുന്നു. കണ്ണുകൾ രണ്ടും രത്നങ്ങളാണു്; കണ്ണടയുടെ ഫ്രെയിമും സ്വർണ്ണം തന്നെ! സദാ മന്ദഹാസവുമേന്തി നില്ക്കൊള്ളുന്ന ആ പ്രതിമ, ലോകത്തിനു ശാന്തിയുടേയും സമാധാനത്തിന്റേയും പ്രകാശം പൊഴിയുകയാണെന്നു തോന്നും.

ആ കവലയിൽ ബസ്സിറങ്ങുന്നവർ ആദ്യമായി കാണുന്നതു് മഹാത്മാഗാന്ധിയുടെ പ്രതിമയാണു്. അവർ ആ പ്രതിമയിൽ, ഭൂമിയിൽ ആദ്യമായി വിപ്ലവത്തിന്റെ ബീജമെറിഞ്ഞുകൊടുത്ത ക്രിസ്തുവിനേയും വിശ്വഭാവം സ്ഫുരിക്കുന്ന നബിയേയും ശാന്തിയുടെ കൈത്തിരിയേന്തിയ ബുദ്ധനേയും ദർശിക്കുന്നു.

"രാഷ്ട്രപിതാവാണു്"

'ക്രിസ്തുവാണു്'

"നബിയാണു്"

"ബുദ്ധനാണു്"

"എല്ലാമാണു്"

ആ പ്രതിമയുടെ സ്ഥാപകനായ നഗരപ്രധാനിയോടു് ജനങ്ങൾക്കു നന്ദിയുണ്ടായിരുന്നു.

"അയാൾ ഒരു ഗാന്ധിഭക്തനാണു്"

"അതല്ല—ഒരു കഥാസ്വാദകൻ കൂടിയാണു്"

---

...പ്പോൾ എല്ലാവർക്കും സുപരിചിതങ്ങളായിരിക്കുമല്ലോ. അറിയാൻ പാടില്ലാത്തവർ ആരുണ്ട്. മുട്ടമ്പലം, കോട്ടയം എന്ന വിലാസത്തിലെഴുതി ചോദിച്ചാൽ ഓരോന്നും തയ്യുന്ന വിധങ്ങൾ വിശദീകരിച്ചു തരാം.

നൂലിന്റെ നിറങ്ങൾ ഭാവനയനുസരിച്ചു് അവരവർക്കു് ഇഷ്ടപ്പെടുന്ന തരത്തിൽ ഭേദപ്പെടുത്താവുന്നതാണു്.

---

## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | തയ്യൽ | 1 |
| 2. | ഗാന്ധിയും കുരുവിയും—ശേഖർ പൈങ്ങോട്ടു് | 2 |
| 3. | കുട്ടികളുടെ അഭിനയകലാവൈഭവം—ഏണാക്ഷി ഭവാനി | 7 |
| 4. | കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലെ ബൂർഷ്വാ — ജെ. വി. മത്തായി എം. എ. | 9 |
| 5. | തകർന്ന ജീവിതം (ചെറുകഥ)—എം. ജെ. ദേവസ്യാ | 13 |
| 6. | അട്ടകളെ—പുരുഷന്റെ പിടിയിലൊതുങ്ങാത്ത സാമ്രാജ്യം — റ്റി. സി. | 16 |
| 7. | ഇന്ത്യയിലെ മാതൃത്വത്തിന്റെ വിശേഷതകൾ | 19 |
| 8. | കത്തുകാണാക്കിളി—അടൂർ ജി ചന്ദ്രശേഖരൻ നായർ | 29 |
| 9. | നിങ്ങൾക്കറിയാമോ? | 24 |
| 10. | എന്തിനു നിങ്ങൾ വിവാഹം കഴിച്ചു?—രമണി | 26 |
| 11. | നമ്പൂതിരിസ്ത്രീകളും വിവാഹവും — വെണ്മണി ദേവസേനഅന്തർജ്ജനം | 27 |
| 12. | കലാകാരൻ തൊഴിലാളികളുടെ പറുദീസായിൽ (ചെറുകഥ) — രവീന്ദ്രനാഥടാഗോർ | 29 |
| 13. | ആഫ്റിക്കയിലെ ഹിഡുംബികളും താടകമാരും — മാടശ്ശേരി മാധവവാരിയർ | 31 |


**മുഖചിത്രം**

**തയ്യൽഡിസൈൻ** (ഇതിനെപ്പറ്റിയുള്ള ലേഖനം അന്യത്ര)

ഒരു രാത്രിയിൽ—ആകാശത്തിന്റെ പരിശുദ്ധനീലജലത്തിൽ ആമ്പൽപ്പൂക്കളുടെ താരങ്ങളും ചെന്താമരയുടെ അമ്പിളിയും വിരിഞ്ഞു നിറഞ്ഞുനിന്ന രാത്രിയിൽ ആ നഗരത്തിനു മീതെ ഒരു കുരുവി ഏകയായി പറന്നിരുന്നു. തലേദിവസമാണു് അവളുടെ കൂട്ടുകാർ അടുത്ത ഗ്രാമത്തിലേക്കു പറന്നുപോയതു്. എന്നാൽ അവൾക്കുമാത്രം അവരുടെ കൂടെ പോകുന്നതിനു തരപ്പെട്ടില്ല. കാരണം; അവൾ വഴിക്കുവച്ചു് ഒരു നാടൻ കുരുവിയെ പ്രേമിച്ചുപോയി. അവന്റെ ഗൌരവംനിറഞ്ഞ മുഖഭാവവും, അഴകൊഴുകുന്ന തിളങ്ങുന്ന മിഴികളുമായിരുന്നു അവളെ അനുരാഗബദ്ധയാക്കിയതു്. പക്ഷെ, അവൻ വിവാഹിതനായിരുന്നുവെന്ന രഹസ്യം അവൾക്കു് അറിവുണ്ടായിരുന്നില്ല. അവൾ അവനോടു് തുറന്നുതന്നെ അപേക്ഷിച്ചു. "ഞാൻ നിന്നെ സ്നേഹിക്കുന്നു. ജീവിതത്തിന്റെ പരിപൂർണ്ണത സ്നേഹമാണു്. ജീവിക്കുന്നവർക്കു് സ്നേഹം സ്വർഗ്ഗമാണു്—ഞാൻ നിന്റെ ഭാര്യയാകുവാൻ ആഗ്രഹിക്കുന്നു."

അവൻ അവളുടെ അപേക്ഷ കേട്ടു് പൊട്ടിച്ചിരിച്ചുപോയി. ചിരിച്ചുകൊണ്ടുതന്നെ അവൻ മൊഴിഞ്ഞു.

"എന്റെ മുത്തിപ്പെണ്ണേ! ഞാൻ വിവാഹിതനാണു് സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും എനിക്കൊരുത്തിയുണ്ടു്."

"ശരി വന്ദനം. ഞാൻ കൂട്ടുകാരുടെ അടുത്തേക്കു പോകുന്നു.

അവൾ നിരാശയോടെ കൂട്ടുകാരെത്തിരക്കി. ആകാശത്തിലൂടെ പൊങ്ങിയും താണും പറന്നു പകൽ അവസാനിച്ചു. സന്ധ്യ ആഗമിച്ചു. അവൾ രാത്രി കഴിച്ചുകൂട്ടുവാൻ ഒരഭയസ്ഥാനമന്വേഷിച്ചു പറന്നു. നിലാവു് ഘനീഭവിച്ച ആ രാത്രിയിൽ അവൾ നഗരത്തിനു മീതേ പറന്നപ്പോൾ മഹാത്മഗാന്ധിയുടെ പ്രതിമ നിൽക്കുന്ന മണ്ഡപം കണ്ടു. അവൾ ആ പ്രതിമയ്ക്കു കീഴിൽ താമസിക്കാൻ തീരുമാനിച്ചു. അതൊരു സ്വർണ്ണക്കൂടാണു്. ഹാ! എത്ര മനോഹരം! രാജോചിതമായ ഒരു മന്ദിരം,

എനിക്കു താമസിക്കാൻ ഒരു സ്വർണ്ണക്കൂടു് "കിട്ടി"

അവൾ ആഹ്ലാദിച്ചു.

അവൾ പ്രതിമയുടെ കാൽക്കൽ ഉറങ്ങാൻ ഇരുന്നു. പക്ഷെ, കൊക്കു് ചിറകിനുള്ളിലേക്കു ഒളിപ്പിക്കുന്നതിനു മുമ്പു് അവളുടെ ശരീരത്തിൽ ഒരു തുള്ളി വെള്ളംവീണു അവൾ ഞെട്ടി ഈ കാലം വസന്തമാണല്ലോ? പിന്നെ എങ്ങിനെ മഴത്തുള്ളി വീണു. അവൾ ആകാശത്തിലേക്കു് മിഴിവിടർത്തി പകച്ചു നോക്കി. ആകാശത്തു് ഒരൊററ കാർമേഘംപോലും കാണ്മാനില്ല. അവിടെ താരങ്ങളും അമ്പിളിയും ആരുടേയോ വിവാഹമണ്ഡപത്തിനു് തോരണംകെട്ടിയിരിക്കുന്നു.

പിന്നെയും ഒരുതുള്ളി വെള്ളവും കൂടി അവളുടെ ഉടലിൽ വീണു.

അവൾ പിടഞ്ഞെണീററു. പ്രതിമയെ ശപിച്ചു എന്നിട്ടു് പറന്നുപോകുവാൻ തീരുമാനിച്ചു. അടുത്ത ദേവാലയത്തിലാണെങ്കിൽ അവൾക്കു് മഴയിൽനിന്നു രക്ഷനേടാം. അതാവീഴുന്നു ഒരു തുള്ളി വെള്ളവുംകൂടി. അവൾ ആ പ്രതിമയെ വെറുപ്പോടേ ഒന്നു നോക്കി. നോക്കിയപ്പോൾ ............മന്ദഹസിച്ചുനിന്നിരുന്ന പ്രതിമ കരയുന്നതായി അവൾ കണ്ടു.

പ്രതിമ കരയുകയോ—? അവൾക്കതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. പക്ഷേ പ്രതിമ കരഞ്ഞിരുന്നു. അവളുടെകണ്ണിൽനിന്നു കണ്ണുനീർ സ്വർണ്ണത്തകിടുകൊണ്ടു പൊതിഞ്ഞ കവിളിണയിൽക്കൂടി പ്രവഹിക്കുന്നു. നിലാവിൽ ആ മുഖം കാണുവാൻ പ്രത്യേക അഴകുണ്ടായിരുന്നു.

ബാപ്പു എന്തിനു കരയുന്നു?

കുരുവി ചോദിച്ചു.

'എന്റെ കുരുവീ'—ഗാന്ധി മൊഴിഞ്ഞു. "നീ എന്റെ ദയനീയനില കാണുന്നില്ലേ? ഒരുത്തൻ എന്നെ ബന്ധിച്ചിരിക്കയാണു്. എനിക്കനങ്ങാൻ വയ്യ. ബ്രിട്ടീഷുകാരുടെ ജയിലിലും, ഇത്രയും അസ്വാതന്ത്ര്യതയില്ല"

"അതുകൊണ്ടാണോ ബാപ്പു കരയുന്നതു്?"

"അല്ല കുരുവീ എന്റെ സഹോദരങ്ങൾ പട്ടിണിയിലും മാറാരോഗത്തിലും കിടന്നു മരിച്ചുകൊണ്ടിരിക്കുമ്പോൾ, അവരെ ആശ്വസിപ്പിക്കേണ്ട എന്നെ ഇങ്ങനെ ബന്ധിച്ചുനിർത്തിയാലോ—? എന്റെ ഹൃദയം ഈയംകൊണ്ടു വാർത്തതാണെങ്കിലും അതിനു വെണ്ണയുടെ ലാഘവതയുണ്ടു്."

കുരുവി അദ്ദേഹത്തിന്റെ മുഖത്തേക്കുതന്നെ നോക്കിയിരുന്നു. ഗാന്ധി വീണ്ടും മൊഴിഞ്ഞു.

കുരുവി എനിക്കു് ഇവിടെ നിന്നാൽ ജീവിതത്തിന്റെ തകർച്ചകൾ വ്യക്തമായി കാണാം. ഞാൻ ഇവിടെനിന്നു് ഒരു ദയനീയരംഗം കാണുന്നു. തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒരു കോളനി—അവിടെ ഒരു ചെറിയ ചെററപ്പുരയിൽ ഒരു ക്ഷയരോഗി കിടക്കുന്നു. അയാളുടെ ശരീരം മെല്ലിച്ചു്, അസ്ഥികൾ എഴുന്നുനിൽക്കുന്നു. ചുമച്ചുതുപ്പുന്നതു ചോരയാണു്. പ്രസവപ്രായമായ അയാളുടെ ഭാര്യ അടുത്തിരിക്കുന്നുണ്ടു്. പണ്ടവൾ ഒരു സുന്ദരിയായിരുന്നിരിക്കണം. പക്ഷെ ഇന്നവൾ മിഴിയിണ മങ്ങിയും കവിളൊട്ടിയും തലനാർ കൊഴിഞ്ഞതുമായ ഒരു പ്രേതമായിരിക്കുന്നു. അവളുടെ മൂത്തമകൻ കഞ്ഞിക്കുവേണ്ടി കാലിട്ടടിച്ചു കരയുകയാണു്. അവൾ ആ കുട്ടി

ക്ക് എവിടെനിന്നു കഞ്ഞികൊടുക്കും എനിയ്ക്കവരെ ആശ്വസിപ്പിക്കുവാൻ അതിയായ ആഗ്രഹമുണ്ട്. പക്ഷേ ഞാൻ അസ്വതന്ത്രനാണ്. എന്റെ പ്രിയപ്പെട്ട കുരുവി നീ എനിക്ക് ഒരു ഉപകാരം ചെയ്യാമോ? ഇന്നു രാത്രി നീ എന്റെ കൂടെ താമസിച്ചു എന്നെ സഹായിക്കണം.

ബാപ്പു....എന്റെ കൂട്ടുകാർ എന്നെക്കാത്ത് അടുത്ത ഗ്രാമത്തിലിരിക്കയാണ്. അവർ കാട്ടരുവികളിൽ കുളിച്ചു ദിവാശലഭങ്ങളെ വേട്ടയാടി,...എന്നെ കാണാതെ ദേഷ്യപ്പെട്ടു കാണും. നാളെ രാത്രി അവർ അവിടെനിന്ന് അതിന്നടുത്ത ഗ്രാമത്തിലേക്കു പറന്നുപോകും.

ഇന്നു രാത്രി നീ എന്നെ സഹായിക്കയില്ലേ കുരുവി?

ഗാന്ധി വീണ്ടും അപേക്ഷിച്ചു. ആ അപേക്ഷ കുരുവിയുടെ ഹൃദയത്തിലേക്ക് ആഞ്ഞു കയറി. ഹൃദയമുള്ള കുരുവി ആരാഞ്ഞു.

ഇന്നു ഞാൻ അങ്ങയെ സഹായിക്കാം—എന്താണു സഹായിക്കേണ്ടത്?

നീ എന്റെ സ്വർണ്ണക്കണ്ണട എടുത്തു രോഗിയുടെ ഭാര്യയ്ക്കു കൊണ്ടുകൊടുക്കണം.

"എനിക്കു മനുഷ്യരെ നല്ല പ്രിയമില്ല. അവർ ക്രൂരന്മാരാണ്. പലപ്പോഴും അവർ എന്നെ ഉപദ്രവിച്ചിട്ടുണ്ട്" എങ്കിലും ബാപ്പു പറഞ്ഞതുകൊണ്ട് ഞാൻ അനുസരിക്കാം."

അങ്ങിനെ കുരുവി ഗാന്ധിജിയുടെ സ്വർണ്ണക്കണ്ണടയും എടുത്തു യാത്രയായി. അവൾ ദേവാലയങ്ങളുടെ മുകളിൽക്കൂടി പറന്നു. പിന്നെ കുന്നുകളും ചെറുപുഴകളും കടന്ന്, ഒടുക്കം ആ ക്ഷയരോഗിയുടെ കുടിലിന്റെ മുകളിൽ പറന്നിരുന്നു.........ആ കുടിലിനകത്ത് അവൾക്കു നിഷ്പ്രയാസം കടക്കാൻ സാധിച്ചു. കുടിലിനകത്തു തന്റെ കൊച്ചുമകനെ മാറോടു ചേർത്തു ആ സ്ത്രീ കിടക്കുകയായിരുന്നു. ക്ഷയരോഗി അബോധാവസ്ഥയിലും. കുരുവി സ്വർണ്ണക്കണ്ണട ആ സ്ത്രീയുടെ തലക്കരികിൽ വെച്ചു തിരിച്ചുപോന്നു.

ആ യാത്രയിൽ അവൾക്കു പലതും കാണുവാൻകഴിഞ്ഞു. എല്ലാം ജീവിതത്തിന്റെ വേദനിക്കുന്ന വൈരുദ്ധ്യങ്ങൾതന്നെ. ഒരു വശം ആനന്ദത്തിന്റെ മാദകസംഗീതം മറുവശം പട്ടിണിയുടെ കരളലിയിക്കുന്ന ദീനരോദനം.

ഉറക്കമുണർന്ന ക്ഷയരോഗിയുടെ ഭാര്യ കണ്ടത് ഒരു സ്വർണ്ണക്കണ്ണടയാണ്. അവളുടെ കണ്ണുകളിൽ വസന്തം അതിന്റെ പൂ നീട്ടി, കരളിൽ ഒരു കുളിർമ്മ! അവൾ കണ്ണട മാറിൽ അമർത്തിപ്പിടിച്ചുകൊണ്ട് ഈശ്വരനു നന്ദിപറഞ്ഞു!

കുരുവി ഗാന്ധിയുടെ അടുക്കലെത്തിയപ്പോൾ... ..

"നീ ഒരു സൽക്കർമ്മം ചെയ്തിരിക്കുന്നു, എനിക്കു നിന്നോടു നന്ദിയുണ്ട്."

ഉദയഗിരി ചുവന്നു. കുരുവി ചിറകു വിടർത്തി കുടഞ്ഞു. എന്നിട്ടു ആ നഗരം മുഴുവനും പറന്നുനടന്നു ഭക്ഷിച്ചു, സന്ധ്യമയങ്ങി. ആകാശത്തു നിലാവു തെളിഞ്ഞുയർന്നു. കുരുവി ഗാന്ധിയോടു യാത്ര ചോദിച്ചു.

ഞാൻ പോകട്ടെ ബാപ്പു.

"നീ ഇന്നും കൂടി എന്നെ സഹായിക്കാമോ....?"

ബാപ്പു—കൂട്ടുകാർ ഇപ്പോൾ രണ്ടാമത്തെ ഗ്രാമത്തിൽ എന്നെ കാത്തിരിക്കയാണ്. എന്നെ കാണാതാവുമ്പോൾ അവർ ചുമന്ന ആമ്പൽപൂക്കളോടു സല്ലപിച്ച് അതിന്നടുത്ത ഗ്രാമത്തിലേക്കു പറന്നുപോകും"

എന്റെ കൊച്ചുകുരുവി! നീ ഇന്നുംകൂടി എന്നെ സഹായിക്കണം. അതാ....! ആ കാണുന്ന മാളികയുടെ അടുത്തുള്ള വീട്ടിലെ വൃത്തികെട്ട മുറിയിൽ ഒരുത്തൻ, ഒരു സ്ത്രീയുടെ തല തന്റെ മടിയിൽ വെച്ചിരിക്കുന്നതു കണ്ടോ? ആ സ്ത്രീ മരിച്ചുപോയി. അവൾ അവന്റെ പ്രിയപ്പെട്ട ഭാര്യയായിരുന്നു. അവൾക്ക് ഒരു തുള്ളി മരുന്നുപോലും വാങ്ങിച്ചുകൊടുക്കാൻ ആ ഭർത്താവിനു കഴിഞ്ഞില്ല. ഇപ്പോൾ അവളെ മണ്ണിന്നടിയിലാക്കണം. പക്ഷെ അയാളുടെ പക്കൽ ഒരു ചെമ്പുതുട്ടുപോലുമില്ല. "കുഴിപ്പണം" കൊടുക്കാഞ്ഞാൽ ശവം കുഴിയിൽ വെക്കില്ല. പാതിരിപോലും അവരെ ഉപേക്ഷിച്ചിരിക്കുന്നു. നീ എന്റെ രത്നം കൊണ്ടുള്ള ഒരു കണ്ണെടുത്ത് അയാൾക്കു കൊടുക്കാമൊ?"

കുരുവി അതു സമ്മതിച്ചു. അവൾ ഗാന്ധിയുടെ ഒരു കണ്ണു ചൂർന്നെടുത്തു പറന്നു. ആ വലിയ മാളികയുടെ അരുകിലുള്ള വൃത്തികെട്ട വീട്ടിൽകടന്നു; ആ രത്നം അയാളുടെ മടിയിൽ ഇട്ടുകൊടുത്തു. അയാൾ വിഷാദം നിറഞ്ഞ മിഴികൾ മേല്പോട്ട് ഉയർത്തിയപ്പോൾ ഒരു കുരുവി ചിറകടിച്ചു പുറത്തേക്കു പറന്നുപോകുന്നതു കണ്ടു. അയാൾ ഭക്തിനിർഭരതയോടെ കൈകൂപ്പി.

"കർത്താവ് എന്നെ രക്ഷിച്ചു"

പിറേറന്നു പുലർച്ചയിൽ കുരുവി പുഴക്കരയിൽ ചെന്നിരുന്നു പാടി. അവിടത്തെ കുളിർമ്മയുള്ള വെള്ളത്തിൽ മുങ്ങി കുളിച്ചുകൊണ്ട് തുവലുണങ്ങുന്നതിന്ന് വെയിൽ കൊണ്ട്. അതിനു ശേഷം പുഴയുടെ മുകളിലൂടെ കുറച്ചു നേരം പാറിക്കളിച്ചു. പിന്നെ മഞ്ഞശലഭങ്ങളെ വേട്ടയാടി ഭക്ഷിച്ചു. സന്ധ്യയായപ്പോൾ വീണ്ടും ഗാന്ധിയുടെ അടുക്കലേക്ക് മടങ്ങി. എന്നിട്ട് പോ

കുന്നതിനു് അനുവാദം ചോദിച്ചു.

"ഞാൻ പോകട്ടെ ബാപ്പൂ"

ഗാന്ധി അപേക്ഷിച്ചു. ഇന്നും കൂടി എന്നെ സഹായിക്കൂ കുരുവി ഇനി ഒരിക്കലും നിന്നെ ഞാൻ ബുദ്ധിമുട്ടിക്കുകയില്ല നാളെ രാത്രി നിനക്കു പോകാം."

അയ്യോ! ബാപ്പൂ. എന്റെ കൂട്ടുകാർ ഇപ്പോൾ മൂന്നാമത്തെ ഗ്രാമത്തിലേക്കു് ഈ നീല നിലാവിൽ പറന്നുകൊണ്ടിരിക്കുകയായിരിക്കും. ഇവിടത്തെ കാലാവസ്ഥ എന്നെ അസ്വാസ്ഥ്യപ്പെടുത്തിത്തുടങ്ങി ബാപ്പൂ. കുറേശ്ശെ തണുപ്പു്"

"പ്രിയപ്പെട്ട കൊച്ചു കുരുവി നീ ഇന്നു കൂടി എന്നെ സഹായിക്കുക! ആ മൺകുടിലിൽ ഒരു സാഹിത്യകാരൻ പട്ടിണികൊണ്ടു് തളർന്നു കിടക്കുന്നു. അവൻ എഴുതുന്നതിന്നു് ആരും പ്രതിഫലം കൊടുക്കുന്നില്ല. എല്ലാവരും അവനെ അഭിനന്ദിക്കുന്നുണ്ടു്. പക്ഷെ, അവൻ ജീവിക്കുന്നുണ്ടോ എന്നു് ആരും തിരക്കുന്നില്ല. അവൻ പട്ടിണി കിടന്നു മരിക്കാൻ പോകുന്നു. അവൻ മരിച്ചാൽ നാടിന്നു് ഒരു സാഹിത്യകാരനാണു് നഷ്ടപ്പെടുക. ഈ പ്രപഞ്ചത്തെ നയിക്കുന്നതും വളർത്തുന്നതും അവനും അവന്റെ കൂട്ടരുമാണു്. അതാണു് അവന്റെ മഹത്വം. നീ എന്റെ മറ്റെക്കണ്ണും ചൂഴ്ന്നെടുത്തു അവനു് കൊടുക്കുക".

കുരുവി അതു് സമ്മതിച്ചില്ല. അവൾ പറഞ്ഞു.

"അങ്ങു് അന്ധനായിപ്പോകും അതു കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല.,,

"നീ ഞാൻ പറയുന്നതു കേൾക്കു.,

ഒടുക്കം കുരുവി മറ്റെക്കണ്ണു ചൂഴ്ന്നെടുത്തു ആ സാഹിത്യകാരന്റെ കുടിലിലേക്കു പറന്നുപോയി. അവിടെ അയാൾ ഒരു കനത്ത പുസ്തകത്തിന്നരികെ തലയും താഴ്ത്തി തളർന്നു കിടക്കുകയായിരുന്നു. അവൾ ആ രത്നം അയാളുടെ കനത്ത പുസ്തകത്തിന്മേൽ വെച്ചു. അവളുടെ ചിറകടിക്കേട്ടു് അയാൾ കണ്ണുമിഴിച്ചു നോക്കിയപ്പോൾ ആ കനത്ത പുസ്തകത്തിന്മേൽ ഒരു രത്നം ഇരിക്കുന്നതാണു് കണ്ടതു്. അയാളും ആ കുരുവിയെ കൃതാർത്ഥതയോടെ നോക്കി ഈശ്വരനു നന്ദി പറഞ്ഞു.

കുരുവി ഗാന്ധിയുടെ അരുകിലേക്കു പറന്നു ചെന്നറിയിച്ചു.

"ഞാൻ കൂട്ടുകാരുടെ അടുക്കലേക്കു പോകുന്നില്ല."

"ഉം.... ഏതേ?"

അങ്ങൊരു അന്ധനായിരിക്കുന്നു.'

"എന്റെ കൊച്ചുകുരുവി; ഈ നിലയാണെനിക്കധികം ഇഷ്ടം. വഞ്ചനയും, വിദ്വേഷവും നിറഞ്ഞ ഈ പ്രപഞ്ചത്തിൽ ഒരന്ധനായി ജീവിക്കുന്നവൻ ഭാഗ്യവാനാണു്. നീ പോയി നിന്റെ കൂട്ടുകാരുമായി ജീവിക്കുക. നിനക്കു നന്മവരട്ടെ.'

ഹൃദയമുള്ള കുരുവി, ഗാന്ധിയെ വിട്ടുപിരിയാൻ ആഗ്രഹിച്ചില്ല. അവൾ പകലെല്ലാം പട്ടണത്തിലെ ഓടകളിൽ ഇര തേടി അലഞ്ഞു നടക്കും. ഇരുളിന്റെ തിരസ്കരണി വീഴുമ്പോൾ അവൾ ഗാന്ധിയുടെ അടുക്കൽ വന്നിരിക്കും. ഗാന്ധി ദിവസവും അവളെ നിർബന്ധിച്ചിരുന്നു.

"നീ പോകുന്നില്ലേ കുരുവി? ഇവിടത്തെ കാലാവസ്ഥ നിനക്കു് അസഹ്യമാണു് നിനക്കു നിന്റെ കൂട്ടുകാരെ കാണുവാൻ ആഗ്രഹമില്ലേ? അവരോടൊത്തു് നിനക്കു് പാടിയും ഉല്ലസിച്ചും ജീവിക്കാൻകൊതിയില്ലേ?"

"ഇല്ല ബാപ്പൂ, ഇല്ല. അങ്ങൊരന്ധനാണു്. അങ്ങയെ തനിയെ വിട്ടുപോകുവാൻ പാടില്ല.'

പകലെല്ലാം തീറ്റ അന്വേഷിച്ചു പോകുന്ന കുരുവിയോടു് ഗാന്ധി അന്വേഷിക്കും.

"നീ എവിടെയെല്ലാം പോയി....... ?

അവൾ പോയ ഇടമെല്ലാം ഗാന്ധിയെ പറഞ്ഞുകേൾപ്പിക്കും

അവിടെ നീ എന്തെല്ലാം കണ്ടു.?

അവൾ പറയും. മനുഷ്യൻ മനുഷ്യനെ വേട്ടയാടുന്നതു് ഞാൻ കണ്ടു—ജാതിയുടെ പേരിൽ പണത്തിന്റെ പേരിൽ സാമ്രാജ്യത്തിന്റെ പേരിൽ പൊതുനിരത്തുകളിൽ രക്തപ്പുഴ ഒഴുകുന്നു. തൊഴിലില്ല...കിടക്കാൻ ഇടമില്ല..... പട്ടിണി... സഹോദരങ്ങൾ തമ്മിലുള്ള സ്പർദ്ധ പിഞ്ചുപൈതങ്ങൾ ഓടയിൽ കിടന്നു വിശന്നു മരിക്കുന്നു. സ്ത്രീകൾ ഒരു നേരത്തെ ആഹാരത്തിനുവേണ്ടി ശരീരം വില്ക്കപ്പെടുന്നു. ധനവാൻ തലയുയർത്തിപ്പിടിച്ചു് മദനകേളി നടത്തുന്നു."


"നിറുത്തു കുരുവി." ഗാന്ധി പൊട്ടിക്കരഞ്ഞു കൊണ്ടു ചോദിച്ചു:

"എന്റെ അനുയായികൾ എന്താണു് ചെയ്യുന്നതു്?"

"എന്തു ചെയ്യാനാ! അവർ പ്രസംഗവും വനമഹോത്സവവുമായി നടക്കുന്നു"

"അവരെ അതിനേ കൊള്ളുകയുള്ളു. ഞാൻ നടത്തിയ രക്തരഹിതമായ വിപ്ലവത്തിന്റെ ഫലം അവർ കളഞ്ഞുകുളിച്ചു. എന്റെ പൊന്നുകുരുവീ. നീ എനിക്കൊരു ഉപകാരവുംകൂടി ചെയ്യു! എന്നെ പൊതിഞ്ഞിട്ടുള്ള സ്വർണ്ണത്തകിടു് ഈ നഗരത്തിലെ കഷ്ടപ്പെടുന്നവർക്കു വീതിച്ചുകൊടുക്കുക. അവരെങ്കിലും ആനന്ദിക്കട്ടെ." കുരുവി അപ്രകാരം സ്വർണ്ണത്തകിടു് എല്ലാവർക്കും വീതിച്ചുകൊടുത്തു. കവലകളിൽ ആനന്ദം തിരയടിച്ചു. തെരുവുതെണ്ടികളുടെ ഇടയിലും ആനന്ദത്തിന്റെ സംഗീതവും നൃത്തവും ഉയർന്നു.

ഒട്ടുനാൾക്കുശേഷം പ്രതിമയുടെ ഭംഗി ആകെ നശിച്ചു. ആ പ്രതിമയ്ക്കു് ഒരു കുഷ്ഠരോഗിയെക്കാളും



ചൈനയിലെ ആരോഗ്യമന്ത്രി ഇന്ത്യ സന്ദർശിച്ചപ്പോൾ എടുത്ത ചിത്രം. ഇടത്തുനിന്നു വലത്തോട്ടു 1) ഇന്ത്യയിലെ ഡെപ്യൂട്ടി മന്ത്രി ശ്രീമതി മരതകം ചന്ദ്രശേഖരൻ 2) ചൈനയിലെ ആരോഗ്യമന്ത്രി 3) ഇന്ത്യയിലെ ആരോഗ്യമന്ത്രി രാജകുമാരി അമൃതകോർ.

വൈരൂപ്യമുണ്ടായിരുന്നു.

ഒരു ചായക്കട ഉൽഘാടനത്തിനുവന്ന ഖദറിട്ട മന്ത്രി ആരാഞ്ഞു: ഇതു് ആരുടെ പ്രതിമയാണു്. ഈ എരുപ്പാളിക്കു് ഒരു കഴുകന്റെ ചന്തമുണ്ടല്ലൊ?"

"അതു് രാഷ്ട്രപിതാവിന്റെതാണു്"

ഒരാൾ മന്ത്രിയെ അറിയിച്ചു. അയാൾ ലജ്ജിച്ചുപോയി.

ദിവസങ്ങൾ കഴിയുംതോറും കുരുവിക്കു് തണുപ്പ് അസഹ്യമായി തോന്നിത്തുടങ്ങി. എന്നിട്ടും അവൾ ഗാന്ധിയെ വിട്ടുപിരിഞ്ഞില്ല. അവൾ കീറത്തുണികളെല്ലാം ശേഖരിച്ചു ചൂടുണ്ടാക്കാൻ ശ്രമിച്ചു. എന്നാലും കടുത്ത തണുപ്പുതന്നെ! ശരീരം വേദനിക്കുന്നതായി അവൾക്കു തോന്നി. ഇനി ഒരിക്കലും പറക്കാൻ കഴിയാത്ത വിധം അവളുടെ ശക്തി ക്ഷയിച്ചിരിക്കുന്നു. അവൾ അവസാനമായി ഗാന്ധിയോടു് യാത്രചോദിച്ചു:

"ഞാൻ പോകുന്നു ബാപ്പൂ"

"നീ പോകുന്നതിൽ ഞാൻ സന്തോഷിക്കുന്നു"

"ഞാൻ പോകുന്നതു് കൂട്ടുകാരുടെ അടുത്തേക്കല്ല. സ്വർഗ്ഗത്തിലേക്കാണു്. എനിക്കു് അങ്ങയെ ഒന്നു ചുംബിക്കാൻ ആഗ്രഹമുണ്ടു്.

"നിനക്കു് എന്നോടു സ്നേഹമുണ്ടു്. നീ ചുംബിച്ചോളൂ."

ഗാന്ധിഗദ്ഗദത്തോടെസമ്മതിച്ചു അവൾ സർവ്വശക്തികളും സംഭരിച്ചു മേൽപ്പോട്ടുയർന്നു. എന്നിട്ടു് ഗാന്ധിയെ ചുംബിച്ചു കാൽക്കൽ ചത്തുവീണു.

അപ്പോൾ ആ പ്രതിമയുടെ അന്തർഭാഗത്തു് ഒരിടിമുഴക്കത്തിന്റെ ശബ്ദമുണ്ടായി. ആ പ്രതിമയും രണ്ടുതുണ്ടായി നിലം പതിച്ചു.

X X X X X X X

സ്വർഗ്ഗലോകത്തു്, ദൈവം തന്റെ ഏററവും ഇഷ്ടപ്പെട്ട ദൂതനോടു കല്പിച്ചു.

"ഭൂമിയിൽനിന്നു വിശിഷ്ടപ്പെട്ട രണ്ടു വസ്തുക്കൾ കൊണ്ടുവരിക."

ദൈവദൂതൻ ഈശ്വരനു് ചത്ത കുരുവിയേയും ഉടഞ്ഞ ഗാന്ധിയുടെ പ്രതിമയേയുംകാഴ്ചവെച്ചു. അദ്ദേഹം മന്ദഹസിച്ചുകൊണ്ടു് അരുൾചെയ്തു.

"നീ ഞാൻ ആഗ്രഹിച്ചതു തന്നെ കൊണ്ടുവന്നിരിക്കുന്നു.

ഈ വസ്തുക്കളും ത്യാഗത്തിന്റെ ചിഹ്നങ്ങളാണു്. ഇവർ നമ്മുടെ സ്വർഗ്ഗത്തിന്റെ മഹത്വത്തെ മാററുകൂട്ടട്ടെ.

(ഓസ്ക്കാർ വൈൽഡിനെ അനുകരിച്ചു്)

(പൂമാല)

# കുട്ടികളുടെ അഭിനയകലാവൈഭവം

ഏണാക്ഷി ഭവാനി

(ശ്രീ ഏണാക്ഷി ഭവാനി എഴുതിയ ഒരു ലേഖനത്തിന്റെ സ്വതന്ത്രപരിഭാഷ)

ശതാബ്ദങ്ങളായി കുട്ടികൾ പല കലാരംഗങ്ങളിലും താല്പര്യത്തോടുകൂടി സുപ്രധാനമായ ഒരു പങ്കു വഹിക്കുന്നുണ്ടു്. ചിത്രകലയോ സംഗീതമോ അഭിനയമോ ആകട്ടെ അവയിലെല്ലാം ഒരു നൈസർഗ്ഗികതയും മനോഹാരിതയും [illegible]മാട്ടിട്ടു നിൽക്കുന്നു.

കുട്ടികളുടെ ലളിതമായ കലാവിഷ്കരണത്തിനു് പ്രത്യേകമായ ഈ ആകർഷണീയത കൈവരുത്തുന്നതെന്താണു്. ബാലമനസ്സുകളേയും അവയുടെ ഭാവങ്ങളേയുംകുറിച്ചു പഠനം നടത്തിയിട്ടുള്ള മനഃശാസ്ത്രപണ്ഡിതന്മാർ കുട്ടികളുടെ കലാവാസനയ്ക്കും ലളിതകലാസൃഷ്ടികൾക്കും കാരണം കാണുന്നതു് അവ നിയമങ്ങളുടെയും മറ്റും നിയന്ത്രണത്തിൽനിന്നു് തികച്ചും വിമുക്തമാണെന്നുള്ളതിലാണു്. ഒരു കുട്ടി അവന്റെ ഭാവങ്ങളെ സ്വീകരിക്കുന്നതു് വ്യക്തമായ ഒരു സമീപനത്തിൽനിന്നാണു്.

അതിനാൽ കുട്ടികളുടെ പ്രവണതകളെ ക്രമീകൃതമായ മാർഗ്ഗദർശിതമെന്നുള്ള നിലയിലല്ല, പ്രത്യുത ഒരു പ്രോത്സാഹനമെന്ന നിലയിൽ വികസിപ്പിക്കേണ്ടതാണു്. ഉദാഹരണമായി ചിത്രകലയെടുക്കുക. ആധുനികരീതിയിൽ പഴയ രീതികളെ അധിക്ഷേപിക്കുകയാണു.

ഇന്നു് 4 വയസ്സു പ്രായമുള്ള കുട്ടികളുടെ കൈയിൽ ചോക്കും ചായങ്ങളും നൽകിയാൽ എന്തത്ഭുതകരമായ ഫലങ്ങളാണുണ്ടാകുന്നതു്. വ്യക്തതയും പ്രകൃതിനിരീക്ഷണപാടവവും വർണ്ണബോധവുംകൂടിച്ചേർന്നു് "ഇംപ്രഷനലിസത്തിന്റെ" ഒരു പ്രാരംഭമാണു് നാം അതിൽ കാണുന്നതു്.

## ബാലഹൃദയം

ഈയിടെ ഇൻഡ്യയിലും വിദേശരാജ്യങ്ങളിലുമായി പല പ്രദർശനങ്ങളും സംഘടിക്കപ്പെട്ടിട്ടുണ്ടു്. ബാലകലകൾക്കായുള്ള പ്രസ്തുത പ്രദർശനങ്ങൾ അത്ഭുതകരമായ ഫലങ്ങളാണു് ഉളവാക്കിയതു്. അനേകായിരം കുട്ടികൾ തങ്ങളുടെ ചിത്രങ്ങളുടെയും മറ്റും മാതൃകകളുമായി അവിടേക്കു പ്രവഹിച്ചു. ഓരോ വസ്തുവിന്റെയും പിന്നിലുള്ള —അതു് ഒരു മനുഷ്യനോ, പക്ഷിയോ, മൃഗമോ, എന്തുതന്നെയായിരുന്നാലും— ആത്മാർത്ഥമായ വികാരങ്ങൾ (1) മൈമ അത്യധികം ആകർഷിക്കുന്നവയാണു്.

ഈ പ്രവണതകളെ പ്രോത്സാഹിപ്പിക്കുകയെന്നതു് കുട്ടികളുടെ കലാഭിരുചിയെ പ്രോത്സാഹിപ്പിക്കുകയാണു്.

മുനിസിപ്പൽ തൊഴിലാളികളുടെ കുട്ടികൾക്കായി "ഭങ്കി സമാജ് സൊസൈറ്റി" നടത്തുന്ന ഒരു വിദ്യാലയം ഈയിടെ ഞാൻ സന്ദർശിക്കുകയുണ്ടായി.

തങ്ങളുടെ വസ്ത്രാലങ്കാരങ്ങളിലും ആഭരണങ്ങളിലും മൺപാത്രങ്ങളിലും കാണുന്ന മാതൃകകളെ അനുകരിച്ചു് കലാസൃഷ്ടി ചെയ്യുവാൻ ഇൻഡ്യയിലെ ലളിതജീവിതം നയിക്കുന്ന കർഷകർക്കും മറ്റും സ്വാഭാവികമായ ഒരു ചാതുര്യമുണ്ടു്. 4 മുതൽ 6 വരെ വയസ്സു പ്രായമുള്ള കുട്ടികൾ നിർമ്മിച്ച ചില മൺപാത്രങ്ങൾ എന്നെ അത്ഭുതപ്പെടുത്തുകയുണ്ടായി. നാട്ടിൻപുറത്തിന്റെ രമണീയത കാണാതെ നഗരങ്ങളിൽ താമസിക്കുന്ന അവർ പൂക്കളും മറ്റും ചിത്രീകരിച്ചിരിക്കുന്നതു് എന്തു് പാടവത്തോടെയാണു്?

ക്ലാസ്സ്റൂമുകളിൽ വച്ചു മാത്രമല്ല കുട്ടികളുടെ പ്രവണതകൾ വികസിപ്പിക്കാവുന്നതു്. സാമുദായികവും സംസ്കാരികവുമായ എല്ലാ മണ്ഡലങ്ങളിലും അവരുടെ കഴിവുകൾ വികസിപ്പിക്കാവുന്നതാണു്. കുസുമോത്സവങ്ങളും പാവകളിപ്രദർശനങ്ങളും സിനിമകളും എല്ലാം കുട്ടികളെ ആനന്ദതുന്ദിലരാക്കുകയും അവരിൽ അന്തർലീനമായിക്കിടക്കുന്ന സിദ്ധികളെ വികസിപ്പിക്കുകയും ചെയ്യുന്നതാണു്. എല്ലാ പരിഷ്കൃതരാജ്യങ്ങളുടെയും സാമുദായികഘടനയിൽ ഇത്തരത്തിലുള്ള പരിപാടികൾക്കു് അതുല്യമായ പ്രാധാന്യമാണു് കല്പിക്കപ്പെട്ടിട്ടുള്ളതു്.

## ഗായകസംഘം

കഴിഞ്ഞ 28 വർഷക്കാലമായി ബോംബെയിലെ കുട്ടികൾക്കുവേ

ണ്ടി വളരെ സേവനങ്ങൾ ചെയ്തിട്ടുള്ള ബാൽക്കൻ-ജി. ബാറി (കുട്ടികളുടെ ആരാമം) അതിന്റെ രജത ജൂബിലി മഹോത്സവത്തോടനുബന്ധിച്ച് ഒരു പ്രദർശനം നടത്തുകയുണ്ടായി. "നാടകലോകം" എന്നുള്ള ഒരു ഭാഗത്ത് സജ്ജീകരിച്ചിരുന്ന സ്റ്റാളുകൾ ബാലലോകത്തിന് വിദ്യാഭ്യാസ പരമായും മററും വളരെ പ്രയോജനങ്ങൾ ഉണ്ടാക്കി.

കുട്ടികൾ ഉണ്ടാക്കിയതും അവർ ഡ്രെസ്സ് ചെയ്യിച്ചതുമായ അനേകം പാവകളും ജപ്പാൻ പാവകളടങ്ങിയ ഗായകസംഘവും ഇൻഡ്യൻ പാവ നൃത്തങ്ങളും വളരെ ആകർഷകങ്ങളായിരുന്നു. ഗ്രാമീണ രൂപങ്ങൾക്കും വസ്ത്രാലങ്കാരങ്ങൾക്കും പ്രസിദ്ധിപെട്ട ഈ രണ്ടു രാജ്യങ്ങളിലേയും പ്രദർശന വസ്തുക്കൾ അസാധാരണങ്ങൾ തന്നെയായിരുന്നു. പാവകളുടെ ഗായകസംഘത്തിലെ കുരങ്ങുകളും ജിറാഫുകളും മററും മൃദംഗവും വയലിനും രാഗ താളങ്ങളോടുകൂടി ഉപയോഗിച്ചിരുന്നു.

കലാവിഭാഗത്തിലും ഗ്രന്ഥവിഭാഗത്തിലും അനേകം ഏഷ്യൻരാജ്യങ്ങളും യൂറോപ്യൻ രാജ്യങ്ങളും പങ്കെടുത്തു. കളിപ്പാട്ടങ്ങളിൽ വിവിധ രാജ്യങ്ങളിൽ നിർമ്മിച്ചതും ഡ്രെസ്സ് ചെയ്തതുമായ പാവകൾ അണിനിരന്ന് തങ്ങളുടെ സംസ്കാരങ്ങളെ വിളംബരം ചെയ്തു. ഈ ആനന്ദസാഗരത്തിൽ നീന്തിത്തുടിക്കയും അന്യോന്യം ആശയങ്ങൾ മനസ്സിലാക്കുകയും ചെയ്യുക എന്നുള്ളത് എന്തൊരു മധുരമായ അനുഭവമാണ്.

## തീയേററർ പ്രസ്ഥാനം

പാശ്ചാത്യ രാജ്യങ്ങളിൽ കുട്ടികൾക്കുവേണ്ടിയുള്ള തീയേററർ പ്രസ്ഥാനം വളരെയേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. കുട്ടികളെ അഭിനയിപ്പിക്കുക മാത്രമല്ല, അവർക്കുവേണ്ടി പ്രായമായവർ നാടകങ്ങൾ അഭിനയിക്കുകയും പതിവാണ്. ഇങ്ങനെ തീയേററിനോടുള്ള സ്നേഹം അവരിൽ അങ്കുരിപ്പിക്കുകയും വിമർശനബുദ്ധി വളർത്തുകയും ചെയ്യുന്നു. കുട്ടികൾ പ്രായമായവരുടെ ആജ്ഞകൾക്കും നിയന്ത്രണങ്ങൾക്കും വിധേയരാകേണ്ട ആവശ്യമില്ല: ഹൃദയത്തിന്റെ അഗാധതലങ്ങളിൽ നിന്ന് പ്രശംസകളും വിമർശനങ്ങളും ഉയർന്നുവരുന്നു.

ചെറുപ്പത്തിലെ ഉള്ള ഈ അഭ്യസനം കുട്ടികളെ ഭാവിയിൽ പ്രസിദ്ധ നടന്മാരായിത്തീരുവാൻ സഹായിക്കുന്നു. ഇന്ത്യൻ നാഷണൽ തീയേററിന്റെ ബാലവിഭാഗത്തിന്റെ ഉൽഘാടനം കുട്ടികളുടെ തീയേററിന് ഇന്ത്യയിൽ പ്രാരംഭമിട്ടുകൊടുത്തിരിക്കുന്നു. കൂടാതെ 'യുനെസ്കോയുടെ' തീയേററർ ഓർഗനൈസേഷനും ഇതിൽ മുഖ്യമായ ഒരു പങ്കു വഹിക്കുന്നുണ്ട്. ഇന്ത്യൻ തീയേററർ സംഘടന "പിനോക്കിയോ" എന്ന കഥയെ അടിസ്ഥാനമാക്കി ഒരു നാടകം സംവിധാനം ചെയ്തിട്ടുണ്ട്. പക്ഷെ ഇനിയും കൂടുതൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നുവെന്നു മാത്രമല്ല കഥകൾ ഇൻഡ്യാക്കാർക്ക് പരിചിതങ്ങളുമായിരിക്കണം.


## കുട്ടികൾക്കായുള്ള ഫിലിമുകൾ

കുട്ടികളുടെ ഫിലിംലോകത്തിലേക്കു നോക്കിയാൽ പല സുപ്രധാനനാഴികക്കല്ലുകളും കാണാം. കുട്ടികൾ അവയിൽ അഭിനയിച്ചിട്ടുണ്ടെന്നു മാത്രമല്ല പ്രധാനപാത്രങ്ങളായിത്തന്നെ അഭിനയിച്ചിട്ടുണ്ടെന്നു മാത്രമല്ല പ്രധാനപാത്രങ്ങളായിത്തന്നെ അഭിനയിച്ചിട്ടുണ്ട്. "സ്നോവൈററ് ആൻസ് ദി സെവൻ ഡ്വാർഫ്സ്" ആലീസ് ഇൻ ദി വണ്ടർ ലാൻഡ്, ദി വിസാർഡ് ഓഫ് ഓസ് പീററർ പാൻ, സിൻഡറില്ലാ മുതലായവ കുട്ടികൾക്കായുള്ള ചില സുപ്രസിദ്ധ ഫിലിമുകളായ ഒലിവർ ട്വിസ്റ്റ്, ട്രഷർ ഐലൻഡ്, റോബിൻസൺ ക്രൂസോ, ഡേവിഡ് കോപ്പർഫീൽഡ് മുതലായ പല നല്ല ഫിലിമുകളും ഇൻഡ്യയിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഈയിടെ പ്രദർശിപ്പിച്ച "മാൻഡി" എന്ന ഫിലിമിൽ ഒരു ബധിരയുടെ ഭാഗമഭിനയിച്ചതു ബധിരയായ ഒരുവൾ തന്നെയാണ്. ഇതു ഏററവും നല്ല ഒരു ഫിലിമാണെന്നു പലസ്ത്രീസംഘടനകളും സശിരഃകമ്പം സമ്മതിച്ചിട്ടുണ്ട്. ഈ ബാലികയുടെ വിജയം മൂലം പല ബ്രിട്ടീഷ് കമ്പനിക്കാരും അവളുടെ സർവ്വീസ് ആവശ്യപ്പെട്ടിട്ടുണ്ട്. "ഡോ.ററിയുടെ അയ്യായിരം വിരലുകൾ" എന്നകഥയിൽ ഒരു ബാലനാണ് പ്രധാനഭാഗമഭിനയിക്കുന്നത്. റുമോറോ, ഈസ് റൂ ലേററ് എന്ന കഥയും സ്റ്റാൻഡൽ ആററ്സ്റ്റൂറി എന്നകഥയും വളരെ പ്രസിദ്ധിയാർജ്ജിച്ചതാണ്.

## മനുഷ്യത്വത്തിന്റെ മനോഹരമുദ്രകൾ

ഈ കഥകളിലെല്ലാം ബാലന്മാർ അഭിമാനപൂർവ്വം പങ്കെടുത്തിട്ടുണ്ട്. സുഖപര്യവസായികളായ കഥകളിലും അവർ തികച്ചും വിജയം വരിക്കുകതന്നെ ചെയ്തു. അവരുടെ അഭിനയപാടവവും കഥാപാത്രങ്ങളിൽ അലിഞ്ഞുചേരുന്നതിലുള്ള കഴിവും അവരുടെ ഭാവാദികളിലുള്ള സ്വാഭാവികതയും ഒരു മനുഷ്യത്വത്തിന്റെ മനോഹരമുദ്രകൾ പതിക്കുവാൻ സഹായിച്ചിട്ടുണ്ട്. "യൂക്കിവാരുസ്സു" എന്ന ജപ്പാൻ ഫിലിമിൽ 5 വയസ്സായ ഒരു ബാലനുണ്ട്. അവൻ കഥയിൽ അഭിനയിക്കയല്ല ജീവിക്കയാണ് ചെയ്യുന്നത്. ഇവൻ ആ ലളിതമായ കഥക്കു ജീവനും യാഥാ

(ശേഷം 29-ാം പേജിൽ)



# കമ്മ്യൂണിസ്റ്റു മാനിഫെസ്റ്റോയിലെ ബൂർഷ്വാ

ജെ. പി. മത്തായി, എം. എ.

(മാർക്സും എംഗൽസും കൂടി ചമച്ച കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ ജനനത്തെപ്പറ്റി കഴിഞ്ഞലക്കത്തിൽ വിവരിച്ചിരുന്നു. പ്രസ്തുത മാനിഫെസ്റ്റോയിലെ ചില വിശദാംശങ്ങൾ ഈ ലേഖനത്തിൽ ലേഖകൻ പരിശോധിച്ചുനോക്കുന്നു.)

ii

മാർക്സിസത്തെ ത്യജിക്കുന്ന വർഭപല്യം മാനിഫെസ്റ്റോയിൽ ഉടനീളമൊഴുകുന്ന ഊർജ്ജസ്വലവും തീക്ഷ്ണവും ദൃഢവുമായ ആവിഷ്കരണരീതിയെ അഭിനന്ദിക്കാതിരിക്കയില്ല. ഇത്ര ഹ്രസ്വമായ കാലയളവിൽ അതെഴുതിത്തീർക്കാൻ സാധിച്ചതു് അടിസ്ഥാനാശയങ്ങൾ ഗ്രന്ഥകാരന്മാരുടെ മനസ്സിൽ രൂപം പ്രാപിച്ചിരുന്നതുകൊണ്ടുതന്നെയാകണം, എംഗൽസിന്റെ ജീവചരിത്രകാരനായ ഗുസ്റ്റാവ് മെയർ അഭിപ്രായപ്പെടുന്നു് (1). എംഗൽസിന്റെ 'Principles of Communism'' 'German Ideology'' എന്നീ ഗ്രന്ഥങ്ങളിലില്ലാത്ത ഒന്നും തന്നെ മാനിഫെസ്റ്റോയിൽ കാണുകയില്ലെന്നാണു്. ഇവ രണ്ടും അതുകാലങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നെങ്കിൽ ചരിത്രത്തിന്റെ സാമ്പത്തികമായ അവധാരണത്തെപ്പറ്റി മാനിഫെസ്റ്റോയിൽ പറയുന്നതൊന്നും അത്ര പുതുമയായി തോന്നുകയില്ലായിരുന്നേനെ.

മാർക്സിനും എംഗൽസിനും അന്നു് മുപ്പതിൽ താഴെയായിരുന്നു പ്രായം. അവരുടെ കൃതിയുടെ പ്രാധാന്യത്തെ അവർ മനസ്സിലാക്കിയിരിക്കാനുമിടയില്ല. മാനിഫെസ്റ്റോയുടെ പല ഭാഗങ്ങളും അബദ്ധജടിലവും സത്യവിരുദ്ധവും അതിശയോക്തിപരവുമാണെന്നിരുന്നാലും 'a masterpiece of enrapturing diction'' എന്നും അതേപ്പറ്റി വെർണർ സൊംബാർട്ടു പറഞ്ഞിട്ടുള്ളതു തികച്ചും പരമാർത്ഥമാണു്. അതിൽ നവമായിട്ടൊരു ചിന്തയോ അവക്രമായിട്ടൊരു വീക്ഷണഗതിയോ ഇല്ലെന്നു നമുക്കു തീർത്തുപറയാൻ സാധിക്കും. അതു ശാസ്ത്രീയമായ ഒരു പ്രബന്ധമായിരിക്കണമെന്നു് ഉദ്ദേശിക്കപ്പെട്ടിരുന്നില്ല. ഛിന്നഭിന്നമായിക്കിടന്നിരുന്ന ഒരു പ്രോലിട്ടേറിയറ്റിന്റെ വികാരങ്ങളെ ഉജ്ജ്വലിപ്പിച്ചുണർത്തി അവരെ “നേരായിപന്ഥാവിലൂടെ നയിക്കണമെന്നുമാത്രമേ ഗ്രന്ഥകാരന്മാർ അഭിലഷിച്ചിരുന്നുള്ളൂ. അവരുടെ കമ്മ്യൂണിസം ശാസ്ത്രീയമാണെന്നു മാർക്സും എംഗൽസും വ്യാമോഹിച്ചിരുന്നതേ ഉള്ളൂ എന്നു പറയുന്നതും ശരിയായിരിക്കയില്ല. നേരേമറിച്ചു്. അവരെന്തെന്നു അവർ അഭിമാനിച്ചിരുന്ന ശാസ്ത്രീയസമീക്ഷണമാണു് ന മധ്യാനപരമായ വിവാദങ്ങളെയും യുക്തിപൂർവ്വമായ പ്രേരണകളെയും അവിശ്വസിക്കാൻ അവരെ തയ്യാറാക്കിയതു്. വിപ്ലവകാരിയായ ഒരു നേതാവു ചരിത്രത്തിന്റെ പരിണാമാത്മകമായ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുകയാണു ചെയ്യുന്നതു്. ഇതിന്റെ നിർവാഹത്തെയും അയാൾ ദീർഘദൃഷ്ടിയോടുകൂടി കാണുന്നതുകൊണ്ടു പ്രതിബന്ധങ്ങളെയും ക്ലേശങ്ങളെയും എതിരിടാൻ സഹായകമായ ഏതെങ്കിലുംമാർഗ്ഗം സ്വീകരിക്കാൻ അയാൾ അനുവദിക്കപ്പെടുന്നുമുണ്ടു്. വർഗ്ഗരഹിതമായ ഒരു സാമൂഹ്യവ്യവസ്ഥിതിയെ അതു സഹായിക്കുമെങ്കിൽ ഈ മാർഗ്ഗം ന്യായീകരിക്കപ്പെടുകയും ചെയ്യും. മാർക്സിനെയും എംഗൽസിനെയും നയിച്ച ശാസ്ത്രീയമനോഭാവം ഇതു മാത്രമായിരുന്നു.

മാനിഫെസ്റ്റോയുടെ ശാസ്ത്രീയസ്വഭാവമാണു് എപ്പോഴും അഭിനന്ദനം അർഹിക്കുന്നുള്ളതെങ്കിലും അതിന്റെ അഭാവമാണു മാനിഫെസ്റ്റോയിൽ കൂടുതൽ പ്രകടമാ

(1) Gustav Meyer. Engels Page 88.

(2) ഈ രണ്ടു ഗ്രന്ഥങ്ങളും 1845-നും 1846-നും മദ്ധ്യേ മാർക്സ് തന്നെ എഴുതിയിട്ടുള്ളതാണു്.

കുന്നതെന്നു പലപ്പോഴും വിസ്മരിക്കപ്പെടുന്നു. അതിലെ യുക്ത്യനുവാദങ്ങൾ മാർക്സിന്റെയും എംഗൽസിന്റെയും കാലത്തും, 19-ാം നൂറ്റാണ്ടിന്റെ അവസാനംവരെയും നിലനിന്നിട്ടുള്ള പാരമ്പര്യത്തെ ആദരിക്കുന്നവയാണ്, അതിലധിഷ്ഠിതവുമാണതാനും. സങ്കീർണ്ണമായ സാമൂഹ്യപ്രശ്നങ്ങളുടെ ബാലിശമായ ലഘൂകരണവും പക്ഷീയമായ അപഗ്രഥനവും നീതീകരിക്കത്തക്കതല്ല. ചരിത്രത്തിന്റെ ആദിമുതൽക്കേ വർഗ്ഗസമരമുണ്ടായിരുന്നു എന്നു മാർക്സ് സിദ്ധാന്തിക്കുന്നു. ചരിത്രദൃഷ്ട്യാ അതു ശരിയായിരിക്കയില്ലെങ്കിലും മനഃശാസ്ത്രപരമായി ഒരു പക്ഷേ അതു സാധൂകരിക്കപ്പെട്ടേക്കാം. എന്നാൽ മനുഷ്യസമുദായത്തിൽ നടന്നിട്ടുള്ള സംഭവപരമ്പരകൾക്കെല്ലാം നിദാനമായി വർത്തിക്കുന്നതു്, അവയ്ക്കെല്ലാം ഉത്തരവാദിത്വം വഹിക്കുന്നതു് വർഗ്ഗസമരം മാത്രമാണെന്നുള്ള പ്രഖ്യാപനം അയുക്തമാണ്. മാത്സര്യം മാത്രമല്ല, മനുഷ്യചരിത്രം പരിശോധിച്ചാൽ സംഘടനാത്മകതയും സഹകരണാഭിലാഷവും മനുഷ്യനു് സഹജമായിട്ടുള്ളതാണെന്നും, അവ അവന്റെ കഴിവുകളെ മിക്കപ്പോഴും ഉത്തേജിപ്പിച്ചിട്ടുണ്ടെന്നും അവനു് മാർഗ്ഗദർശനമരുളിയിട്ടുണ്ടെന്നും നമുക്ക് അനായാസേന കാണാൻ കഴിയും. അതുപോലെതന്നെ, വ്യക്തികളും സമുദായങ്ങളും തമ്മിലുള്ള മത്സരത്തിനും ദ്വേഷത്തിനും കാരണമായിട്ടുള്ളതു് സാമ്പത്തികഘടകങ്ങൾമാത്രവുമല്ല; മതപരമായ വൈരുദ്ധ്യങ്ങളും, ഒരു വൈകാരികവൈലക്ഷണ്യമായ അമിതമായ ദേശീയത്വവും ചരിത്രത്തിന്റെ ഏടുകളെ വികൃതമാക്കിത്തീർത്തിട്ടുണ്ടു്. അവയുടെ പ്രേരണാശക്തി അനിഷേധ്യമാണതാനും. വർഗ്ഗസമരത്തിനു് അന്തർലീനമായിരിക്കുന്ന സാമ്പത്തികതാല്പര്യങ്ങളുടെ പ്രാധാന്യത്തെ തെളിവുകളുടെ അനിഷേധ്യതയെക്കാൾ അവയുടെ പാർശ്വീയമായ വ്യാഖ്യാനം കൊണ്ടാണു് മാർക്സ് സമർപ്പിക്കുന്നതു്. ഇതു് ശാസ്ത്രീയമാണോ?

മാനിഫെസ്റ്റോയിൽ ഡയലക്റ്റിക്കൽ സങ്കേതത്തിന്റെ ഉപജ്ഞാതാവായിട്ടാണല്ലോ മാർക്സ് പ്രത്യക്ഷപ്പെടുന്നതു്. ഉത്പാദനത്തിന്റെ സാമൂഹ്യബന്ധങ്ങൾ ഉൾപ്പെടെ എല്ലാംതന്നെ ഹേഗലിയൻ ത്രിപാഠത്തി(Hegelian triad)ലൂടെ പരിണാമിയാകുന്നു എന്നത്രേ മാർക്സ് അവകാശപ്പെടുന്നതു്. അല്ലെങ്കിൽ അഖിലവും കരണം (thesis) പ്രതികരണം (anti-thesis) ഉത്ഗ്രഥനം(syntheis) എന്നിങ്ങനെ മൂന്നവസ്ഥകൾക്കു വിധേയമാണെന്നാണു് മാർക്സിന്റെ വാദം. ഈ വാദം മാനിഫെസ്റ്റോയിൽ അവിവക്തമായി പ്രകാശിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ മാർക്സിന്റെ ഇതരഗ്രന്ഥങ്ങളിൽ മനുഷ്യചരിത്രത്തെ മയമില്ലാത്ത ഈ ചട്ടക്കൂട്ടനുള്ളിലിട്ടു് അപഗ്രഥിക്കാൻ ചെയ്തിട്ടുള്ള ശ്രമം ആക്ഷേപാർഹമായിത്തീർന്നിട്ടുണ്ടെന്നുവേണം പറവാൻ.

ലക്ഷങ്ങളുടെ മനസ്സുകളെ പരിവർത്തിക്കാൻകഴിഞ്ഞിട്ടുള്ള കമ്മ്യൂണിസ്റ്റു മാനിഫെസ്റ്റോ ഒരു മഹത്ഗ്രന്ഥമാണു്, എന്നാൽ മിഥ്യാഭാസത്തിലേക്കു് ആ മനസ്സുകളെ പരിവർത്തിച്ചതുകൊണ്ടു് ദൂഷിച്ച ഗ്രന്ഥങ്ങളിൽവെച്ചു് ഏറ്റവും ദൂഷിഷ്ടതാണീഗ്രന്ഥം. അക്കാരണത്താൽ, അതിന്റെ അടിസ്ഥാനപരമായ അബദ്ധങ്ങളെപ്പറ്റിയുള്ള അവധാരണം ആവശ്യകവുമാണു്. ആധുനിക ശാസ്ത്രത്തിന്റേയും ശരിയായ ഒരു തത്വദീക്ഷയുടെയും വെളിച്ചത്തിൽ അതിന്റെ അനാഭൂപത നമുക്കു ഗ്രാഹ്യമാകുകയും ചെയ്യും. മാർക്സിസത്തിന്റെ ഒരു സൂക്ഷ്മ വിവരണമാണു് മാനിഫെസ്റ്റോ. സാമൂഹ്യമായ ഒരു തത്വസംഹിതയാണു് മാർക്സിസം പ്രോലിട്ടേറിയറ്റിനു് സംഭാവന ചെയ്യുന്നതു്. സ്വകാര്യസ്വത്തുക്കളില്ലാത്ത ഒരു പ്രോലിട്ടേറിയറ്റു് എന്തുചെയ്യണമെന്നും എങ്ങനെയാണു് അതു ചെയ്യേണ്ടതെന്നുമാണു് മാർക്സിസം ഉത്ബോധിപ്പിക്കുന്നതു്. ജീവിതത്തിൽ മഹത്തായ ഒരുദ്ദേശം അവർക്കുണ്ടെന്നും ചരിത്രത്തിന്റെ നടനവേദിയിൽ അവരും ഒരു നല്ല പങ്കു വഹിക്കാനുണ്ടെന്നും ചരിത്രത്തിന്റെ അപ്രതിമമായ പ്രകാശം അവരുടെ, അതായതു് മനുഷ്യവംശത്തിന്റെ തന്നെ ആത്യന്തികമായ വിമോചനത്തിലാണു് പര്യവസാനിക്കുന്നതെന്നുമുള്ള ഉത്ബോധനങ്ങളാണു് മാനിഫെസ്റ്റോയിൽ ആദ്യവസാനം നാം കാണുന്നതു്".

പ്രചരണസാഹിത്യത്തിൽ മുൻഗണന അർഹിക്കുന്ന ഒരു ഗ്രന്ഥമാണു് കമ്മ്യൂണിസ്റ്റു മാനിഫെസ്റ്റോ. ഫ്രാൻസിലെയും ആസ്ത്രിയായിലെയും ഇറ്റലിയിലെയും ഹംഗറിയിലെയും രാഷ്ട്രീയസാമൂഹ്യ വിപ്ലവങ്ങളുടെ കാലത്തു് എഴുതപ്പെട്ടിട്ടുള്ള ഈ ഗ്രന്ഥം, ഏതൊരു സാമൂഹ്യവിപ്ലവത്തിന്റെയും അഭിലാഷങ്ങളെയും ലക്ഷ്യങ്ങളെയും മാത്രമേ അതിൽ ക്രോഡീകരിച്ചിട്ടുള്ളു. മാർക്സും എംഗൽസും പരിധികളെ ഉല്ലംഘിക്കുകയും പാരമ്പര്യവാദങ്ങളെ നിഷേധിക്കുകയുമാണു് ചെയ്യുന്നതെന്നു് എതിരാളികൾ ഉദ്ഘോഷിക്കുമ്പോൾ ഈ രണ്ടു വിപ്ലവകാരികളും സങ്കോചം കൂടാതെ അതു സമ്മതിക്കുന്നു. അതേ-

---

(3) Goetz Briefs: The Proletariat, Page 24.

അതുതന്നെയാണു് അവർ ലാക്കാക്കുന്നതു്. എന്നാൽ വിപ്ലവത്തെ ആസൂത്രണം ചെയ്യുമ്പോൾ, ബൂർഷ്വാസമുദായത്തിൽ പ്രകടമാകുന്ന പ്രവണതകളെ സർവലൌകികമാക്കാനും നിയമത്താൽ നീതീകരിക്കാനുമാണു് ശ്രമിക്കുന്നതെന്നു് അവർ തുടർന്നു പറയുന്നുണ്ടു്.

ഉത്പാദനോപാധികളുടെ സാമുദായികരണത്തെയും കുടുംബത്തിന്റെ ധ്വംസനത്തെയും ചരിത്രത്തിൽ അനന്യമായിട്ടല്ല വിഭാവനം ചെയ്തിട്ടുള്ളതു്. എങ്കിലും ഈ വിധത്തിൽ സംവിധാനം ചെയ്യപ്പെടേണ്ട ഒരു സാമൂഹവ്യവസ്ഥിതിയെ, അതിൽ ഒളിപ്പിടിച്ചിരുന്ന സ്വപ്നപരതയെയും അഭ്യൂഹപരതയെയും വേർപെടുത്തി ഭൂതവർത്തമാന കാലങ്ങളിലെ മനുഷ്യനും മനുഷ്യനുമായിട്ടുള്ള ബന്ധത്തെപ്പറ്റിയുള്ള ഒരവധാരണത്തെ അസ്പദമാക്കി, അതിനെ ദൃഢമായ ഒരു യാഥാർത്ഥ്യമാക്കി കാണിച്ചിട്ടുള്ളതു് അവർ മാത്രമാണെന്നു് മാർക്സും എംഗൽസും അവകാശപ്പെടുന്നു. ഇതു് ഒരു പദ്ധതിയോ വ്യവസ്ഥിതിയോ മാത്രമല്ല, ശാസ്ത്രീയമായ അലംഘനീയമായ ഒരു പ്രവചനമാണെന്നും അവർ വാദിക്കുന്നുണ്ടു്. പ്രോലിട്ടേറിയറ്റിന്റെ അന്തിമ വിജയം അനിവാര്യമാണെന്നു് അവർ സിദ്ധാന്തിക്കുന്ന എന്തുകൊണ്ടു്? ബൂർഷ്വാസമുദായമദ്ധ്യത്തിൽ വിപ്ലവകാരിയായ ഒരു വർഗ്ഗമുണ്ടെങ്കിൽ അതു പ്രോലിട്ടേറിയറ്റു് മാത്രമാണെന്നും ഉല്പാദനത്തിലും വിനിമയത്തിലും അധിഷ്ഠിതമായിട്ടുള്ള ഒരു നവീനവ്യവസ്ഥിതിക്കു് പരമ്പരാഗതമായ ഒരു ദൃഢവ്യവസ്ഥിതിയെ പരാജയപ്പെടുത്താനുള്ള സാദ്ധ്യതകൾ അനേകമാണെന്നും മാർക്സ് വിശ്വസിച്ചതുകൊണ്ടാണു് ഈ ഒരു നിഗമനത്തിലെത്തിച്ചേരാനിടയായതു്.

തന്നെയുമല്ല, വർഗ്ഗാധിഷ്ഠിതമായ ഒരു സമുദായത്തിന്റെ വിനാശത്തെ വിളംബരം ചെയ്യുന്ന പ്രോലിട്ടേറിയറ്റിനു് ‘ദൈവിക’’മായ ഒരു സത്തയുണ്ടെന്നു കൂടെ മാർക്സ് വിശ്വസിച്ചിരിക്കണം. ചരിത്രത്തിന്റെ റിഥം (rhythm) തന്നെ വർഗ്ഗസമരത്തിന്റെ പടഹധ്വനിയാണെന്നു മാർക്സ് കരുതിയിരുന്നു. അടിമവ്യാപാരത്തിലുറപ്പിച്ചിരുന്ന അടിമപ്രാകൃതിക സമുദായം നാടുവാഴി പ്രഭുത്വത്തിലേക്കും അതു പിന്നീടു് ബൂർഷ്വാ വ്യവസ്ഥിതിയിലേക്കും പരിവർത്തിച്ചിട്ടുണ്ടെന്നും, ഈ പരിവർത്തനം—ചരിത്രത്തിന്റെ പരിണാമാത്മകമായ പ്രവർത്തനം—അവിച്ഛിന്നമായി തുടർന്നു് കമ്മ്യൂണിസ്റ്റും സമുദായ സ്ഥാപനത്തിൽ പര്യവസാനിക്കുമെന്നും, വർഗ്ഗസമരത്തിന്റെ പ്രത്യാഘാതങ്ങൾ മാത്രമാണു് ഇതൊക്കെയെന്നും മാർക്സ് സമർത്ഥിക്കുന്നു.

സാമൂഹ്യപരിണാമത്തിന്റെ ആദ്യകാലങ്ങളിൽ വിപ്ലവകാരിവർഗ്ഗത്തിനു തന്നെ സ്വകാര്യസ്വത്തുടമയുണ്ടായിരുന്നതുകൊണ്ടു് അവർ സാധിച്ച പരിവർത്തനം സ്വകീയ താല്പര്യങ്ങളാൽ പ്രചോദിതമായിരുന്നു. എന്നാൽ ബൂർഷ്വാസമുദായം പ്രോലിട്ടേറിയറ്റിന്റെ ഉടമയെ നിഷേധിച്ചുടച്ചുകളഞ്ഞു. അവർക്കു് അവരുടെ കായികശക്തി മാത്രം അവശേഷിച്ചു, വേല (latour) തന്നെ ഉല്പാദനോപാധികളുടെ ഒരു വിഭക്തഘടകമായിത്തീർന്നുകൊണ്ടു്, പുരുഷനു നിവർന്നുനിൽക്കാനും സ്ത്രീക്കു ഗർഭധാരണം ചെയ്യാനുമുള്ള അവകാശങ്ങളെപ്പോലും അംഗീകരിക്കാത്ത ഒരു ജീവനക്കൂലി വ്യവസ്ഥയാണു് പ്രോലിട്ടേറിയറ്റിന്റെ ചുമലിൽ ബൂർഷ്വാസമുദായം കെട്ടിയേല്പിക്കാനിടയായതു്. ഇക്കാരണത്താൽ പ്രോലിട്ടേറിയറ്റിന്റെ വിജയം ആ വർഗ്ഗത്തിന്റെ പ്രത്യേക താല്പര്യങ്ങളെയല്ല സ്ഥാപിച്ചു പുലർത്തുന്നതു്. മനുഷ്യവർഗ്ഗത്തിന്റെ വിജയത്തെയും വർഗ്ഗരഹിതമായ ഒരു സമുദായത്തിന്റെ സ്ഥാപനത്തെയുമാണു് അതു് സാദ്ധ്യമാക്കിത്തീർക്കുന്നതെന്നു സിദ്ധിക്കുന്നു.

പ്രോലിട്ടേറിയറ്റിനു് ആരോപിക്കപ്പെട്ടിട്ടുള്ള ഈ “ദൈവിക”മായ സത്തയുംപക്ഷം സമർത്ഥമായ ഒരു പ്രചരണവിദ്യയായിരുന്നു. സ്വകീയ താല്പര്യങ്ങൾക്കുവേണ്ടിയുള്ള സമരം സമുദായത്തിന്റെ മോചനത്തെക്കൂടെ സാധിക്കുവാൻ പര്യാപ്തമാണെന്നു് പ്രഘോഷിക്കപ്പെടുമ്പോൾ അതിൽ കവിഞ്ഞ ഒരു പ്രലോഭനം സാധാരണക്കാരനെ വശീകരിക്കാനില്ല. അന്തിമ വിജയത്തിന്റെ അനിവാര്യതയും, തെളിവുകൾക്കുണ്ടെന്നു പറയപ്പെടുന്ന അനിഷേധ്യതയും ശാസ്ത്രീയതയും കൂടെയാകുമ്പോൾ ഈ പ്രലോഭനം ഒരു പ്രചോദനം ആയി ഉയരുകയും അതിനു് ധാർമ്മികമായ ഒരടിസ്ഥാനം ലഭിക്കുകയും ചെയ്യുകഴിയും. ‘കമൂണിസ്റ്റു് മാനിഫെസ്റ്റൊ ഇത്രയുമാണു്; ഇതിൽ കൂടുതലാണു് അതു സാധിച്ചിട്ടുള്ളതും.

അവരുടെ പിൽക്കാല കൃതികളിൽ മാർക്സും എംഗൽസും കൂടുതൽ ശാസ്ത്രീയവും ഋജുവുമായ ഒരു വാദകോടി സ്വീകരിച്ചു കാണുന്നുണ്ടെങ്കിലും, മാനിഫെസ്റ്റോയുടെ തൈക്ഷ്ണ്യവും ഓജസ്സും അവയ്ക്കൊന്നിനും ഇല്ലെന്നു് തീർത്തുപറയാവുന്നതാണു്. ഒന്നോ രണ്ടോ ഉദാഹരണങ്ങൾ ഉദ്ധരിച്ചു് ഈ വസ്തുത വിശദമാക്കാം.

ഉൽപ്പാദനത്തെ നിയന്ത്രിക്കുന്ന സാമൂഹ്യ ബന്ധങ്ങൾ മനുഷ്യ

---

(4) സ്വതന്ത്രമായ സംരംഭങ്ങൾക്കു് ഇടവും. നീതീകരണവും ലഭിക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥിതി എന്നാണു് അവർ ഇതിനു നൽകുന്ന വിവക്ഷ.

# എം. എം. മാണി മാളിയേക്കൽ

## സ്വർണ്ണവ്യാപാരം

**കെ. കെ. റോഡ് — കോട്ടയം**

**ഏററവും നവീന മാതൃകയിലുള്ള എല്ലാത്തരം സ്വർണ്ണാഭരണങ്ങൾക്കും പ്രസിദ്ധിയാർജ്ജിച്ച ഏക സ്ഥാപനം.**

**കമ്പോള നിരക്കനുസരിച്ചുള്ള വിലക്ലിപ്തം. ഓർഡറുകൾ അനുസരിച്ചു കൃത്യസമയത്ത് ആഭരണങ്ങൾ നൽകപ്പെടും.**

**ഞങ്ങളുടെ ഷോ റൂം സന്ദർശിക്കുക.**


ഷ്ഠയുടെ സഹകരണസാമീപ്യം കൂടാതെയാണ് പരിവർത്തിക്കുന്നതെന്നും ഏക പാർശ്വീയമായ ഈ പരിണാമമാണ് മതം, സന്മാർഗ്ഗം ഫിലോസഫി, കല, സാഹിത്യം, രാഷ്ട്രമീമാംസ മുതലായ മനുഷ്യന്റെ സഹപ്രവർത്തനങ്ങളെ നിർവചിച്ചു ക്രമീകരിക്കുന്നതെന്നുമുള്ള അനുമാനമാണ് മാർക്സ് തന്റെ മാനിഫെസ്റ്റോയിൽ പ്രകാശിപ്പിച്ചിരിക്കുന്നത്. മാനിഫെസ്റ്റോയിൽ ഇത് ഒരനുമാനം മാത്രമാണ്. അത് അവിടെ പ്രകടമായി, വ്യക്തമായി പ്രസ്താവിച്ചിട്ടില്ല, അക്കാരണത്താൽ, അതെപ്പററി സിദ്ധാന്തപരമായ ഒരു തർക്കം അന്നുണ്ടായിട്ടുമില്ല. എന്നാൽ A Critique of Political Economy എന്ന തന്റെ പിൽക്കാല കൃതിയിൽ ഈ അനുമാന (hypothesis) ത്തെ ഒരു സിദ്ധാന്തമായി അസന്ദിഗ്ദ്ധമായ ഭാഷയിൽ മാർക്സ് ആവിഷ്കരിച്ചിട്ടുമുണ്ട്.

ബൂർഷ്വാ സമുദായത്തെ അപഗ്രഥിച്ചു തുടങ്ങുമ്പോൾ അങ്ങനെയൊരു സാമൂഹ്യ വ്യവസ്ഥിതിയിൽ കഷ്ടിച്ചു ജീവനക്കൂലി മാത്രമേ തൊഴിലാളിക്കു ലഭിക്കാനിടയുള്ളു എന്ന അഭിപ്രായത്തെ മാർക്സ് അപ്പാടെ സ്വീകരിക്കുകയാണു ചെയ്യുന്നത്. മാനിഫെസ്റ്റോ എഴുതപ്പെട്ട കാലത്ത് അതായിരുന്നു സ്ഥിതി എന്നു സമ്മതിക്കണം. എംഗൽസിന്റെ (Condition of the Working Class in England) എന്ന ഗ്രന്ഥത്തിൽ നിന്നെടുത്ത വിവരങ്ങളെ ആധാരമാക്കിയാണ് മാർക്സ് ഈ നിഗമനത്തിൽ എത്തിച്ചേർന്നതും അതിൽത്തന്നെ മുറുകെ പിടിച്ചിരുന്നതും. ഇനിയും അഭിവൃദ്ധിപ്പെടേണ്ടതായിട്ടാണിരിക്കുന്നതെങ്കിലും ഇന്ന്, ബൂർഷ്വാ സമുദായഘടനയിൽ തന്നെ, തൊഴിലാളിയുടെ ജീവനക്കൂലി താരതമ്യേന ഉയർന്നിട്ടുണ്ട്. ഇതേ വ്യവസ്ഥിതിയിൻ കീഴിൽത്തന്നെ, ഭൗതിക നേട്ടങ്ങളിലും സംസ്കാര സമ്പത്തിലും ഗണ്യമായ ഒരു പങ്കു വഹിക്കാൻ പ്രോലിട്ടേറിയററിനു സാധിക്കുമെന്ന്. ബോധ്യപ്പെടാൻ ഇനിയും വിളംബമുണ്ടാകുമെന്നു തോന്നുന്നില്ല. അതുകൊണ്ട് മാനിഫെസ്റ്റോയിൽ മാർക്സ് ദീർഘദർശനം ചെയ്ത ബൂർഷ്വാ സമു



ചെറുകഥ

# തകർന്ന ജീവിതം

എം. ജെ. ദേവസ്യ

'ഗോപീ! എങ്കിലും സ്നേഹിതൻ ഇത്ര നല്ലൊരു വിവാഹാലോചന നിരസിച്ചുകളഞ്ഞല്ലോ!'

'അതിനെന്താ?'

'നമ്മൾ ജോലി ചെയ്യുന്ന ഈ എസ്റ്റേറ്റിന്റെ ഉടമസ്ഥന്റെ ഏകപുത്രിയല്ലേ അവൾ? അഴകും, ആഭിജാത്യവും, അന്തസ്സും ഉള്ള ഒരു യുവതിയല്ലേ അവൾ?'

'ആയിരിക്കാം' നിരുത്സാഹനായി ഗോപി പറഞ്ഞു.

'നിങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഒരു 'സ്ത്രീഹൃദയം' അല്ലേ അവളുടേത്?'

'സ്ത്രീ ഹൃദയം!...............കണ്ണുനീരിന്റെ ആ കഥ ഓർപ്പിക്കാതെ തോമസേ അന്നുപ്പിച്ച മുറിവുകളുടെ ഉണങ്ങാത്ത വ്രണങ്ങൾ ആണ് ഇന്നു എന്റെ ജീവിതത്തിൽ. ഏതാനും മാസത്തെ പരിചയമല്ലേ നമ്മൾ തമ്മിലുള്ളൂ. ശോകമൂകമായ എന്റെ കഴിഞ്ഞ കാലകഥകൾ നിങ്ങൾ അറിഞ്ഞിരിക്കുകയില്ല.'

'അതെന്താണു ഗോപീ?' തോമസിന്റെ മനസ്സിൽ ജിജ്ഞാസ ഉണ്ടുകൊളുത്തി;

'എന്റെ ജീവിതകഥ............ ....അതു വഞ്ചനയുടെ മുമ്പിൽ തകർന്നുവീണ ഒരു പ്രേമകഥയാണ്. വെറുമൊരു കെട്ടുകഥയല്ല. അനുഭവത്തിന്റെ തൂലികത്തുമ്പ്; യാഥാർത്ഥ്യങ്ങളുടെ മഷിയിൽ മുക്കി ഹൃദയത്തിന്റെ മാംസഭിത്തിയിൽ കുത്തിക്കുറിച്ച ഒരു ശോകകഥയാണത്! പ്രേമത്തിൽ ജനിച്ച്, കണ്ണുനീരിൽ അവസാനിച്ച ഒരു ശോകാന്ത നാടകം!'

ഗോപി തുടർന്നു:—

'സരസ്സ' എന്റെ ബാല്യകാലസഖിയായിരുന്നവൾ. അഴകിൽ പൊതിഞ്ഞ ആകാരം! പറന്നു കളിക്കുന്ന ആ കുറുനിരകളും വിടർന്ന കണ്ണുകളും ഇന്നും ഞാനോർക്കുകയാണ്. ഞങ്ങൾ ഒരുമിച്ചാണു സ്ക്കൂളിൽ പോകാറുള്ളതും, തിരിച്ചുവരുന്നതും ഒന്നിച്ചു ഞങ്ങൾ ജീവിച്ചു, ഒന്നിച്ചു വളർന്നു.

യൗവനത്തിന്റെ മോഹനാരാമത്തിലേക്കു ഞങ്ങൾ കാലുവച്ചു. താരുണ്യത്തിന്റെ ഉടിമുഴക്കം കേട്ടു അവളുടെ മാറിടത്തിൽ നാണത്തിന്റെ കൃണ്ടകൾ മുളച്ചുപൊങ്ങിയിരുന്നു. അവളുടെ യൗവനം ഒരു വിപ്ലവകാരിയെപ്പോലെ മുമ്പോട്ടുകുതിച്ചു.

സൗന്ദര്യത്തിന്റെ സാക്ഷാത്കാരം. അവൾ എന്റെ ചിന്തകൾക്കു കാന്തി കൂട്ടി. എന്റെ ഭവനങ്ങളിൽ സംഗീതം പകർന്നു. കിനാവുകളിൽ കിക്കിളി വിതച്ചു.

എന്നെക്കാണുമ്പോൾ ഒരു നേരിയ പുഞ്ചിരി, ആ ചെഞ്ചുണ്ടുകൾ വികസിക്കും. അതോടെ നൂറുനൂറു വികാരങ്ങൾ എന്റെ ഹൃദയത്തിൽ മിന്നിപ്പുളയും!....... ഒരിക്കിളി!! അപൂർണ്ണമായ ഒരിക്കിളി... അതു പൂർണ്ണതയ്ക്കു വേണ്ടി, വെമ്പിപ്പിടഞ്ഞു എന്റെ ഹൃദയത്തിലൂടെ ഓടിനടന്നു.

ദിവസങ്ങളുടെ ഇതളുകൾ കൊഴിഞ്ഞുകൊണ്ടിരുന്നു! പവിത്രമായ സ്നേഹത്തിന്റെ സുവർണ്ണശൃംഖലയിൽ ഞങ്ങളുടെ ഹൃദയങ്ങൾ ബന്ധിക്കപ്പെട്ടു. അങ്ങനെ ഒട്ടിച്ചേർന്ന രണ്ടു ജീവിതങ്ങൾ! പ്രേമത്തിന്റെ മുല്ലമാലയിൽ കൊരുക്കപ്പെട്ട രണ്ടു പൂക്കളായിരുന്നു ഞങ്ങൾ! മധുവും മലരും പോലെ! ആമ്പലും അമ്പിളിയും പോലെ—ഒരു ഞെട്ടിലെപ്പോലെ ഞങ്ങൾ വിടർന്നു. തേനിൽക്കുളിർത്തും, ആനന്ദത്തിൽ നൃത്തമാടിയും!.

പക്ഷേ ഞങ്ങളുടെ പ്രേമനഭസ്സ് വേഗം കാർകൊണ്ടിരുണ്ടുപോയി

---

ദായത്തിന്റെ വിനാശം ഇനിയും ഉണ്ടായിട്ടില്ലെന്നും, അടുത്തകാലത്തെങ്ങും അങ്ങനെയൊന്നു സംഭവിക്കാൻ പോകുന്നില്ലെന്നും വ്യക്തമാണ്. പരിണാമത്തിനും ക്രമാനുഗതമായ വികാസത്തിനും നിതാന്തം വിധേയമായിക്കൊണ്ടിരിക്കുന്ന മനുഷ്യസമുദായത്തെ, ബൂർഷ്വാസമുദായം എന്നൊരു മുദ്രയടിച്ചു സങ്കുചിതമായി വ്യവഹരിക്കുന്നത് പരിണാമത്തിന്റെ അനുസ്യൂതിയില്ലുള്ള അവിശ്വാസം കൊണ്ടാണെന്നു വേണം കരുതേണ്ടത്. ബൂർഷ്വായെന്നും പ്രോലിട്ടേറിയററ് എന്നുമുള്ള വിഭജനം അയഥാർത്ഥവും കൃത്രിമവുമാണ്. ചില സാമൂഹ്യദൂഷ്യങ്ങളെയും തിന്മകളെയും പൊന്തിച്ചുകാട്ടുവാൻ ഇങ്ങനെയൊരു വിഭജനം സഹായകമായേക്കും എന്നല്ലാതെ വിഭജനത്തെ മറ്റൊരു വിധത്തിലും സാധൂകരിക്കാൻ സാദ്ധ്യമല്ല.

എനിക്കു ഒരു വിവാഹാലോചനവന്നു. ഒരുയർന്നകുടുംബത്തിൽ നിന്നും. എന്നാൽ എന്റെ ഹൃദയം ഞാൻസരസ്സുവിനുവേണ്ടി പ്രതിഷ്ഠിച്ചുകഴിഞ്ഞിരുന്നു, അച്ഛനെന്നെ ഉപദേശിച്ചു. നിർബന്ധിച്ചു, ഞാൻ അവളെ മറക്കുവാൻ. പ്രേമത്തിന്റെ ബലികല്ലിൽ സരസുവിനു വേണ്ടി അവസാനത്തെ തുള്ളി രക്തംകൂടി ഒഴുക്കുവാൻ ഞാൻ തയാറായിരുന്നു. അങ്ങനെ ആദ്യമായി അച്ഛന്റെയും എന്റെയും അഭിപ്രായഗതികൾ തമ്മിലിടഞ്ഞു, അഴിവും അയവും ഇല്ലാത്ത രണ്ടു വിപരീത ആശയങ്ങൾ തമ്മിൽ ഏറ്റുമുട്ടി.

'ഗോപീ—' അച്ഛനെന്നെ വിളിച്ചു.

നിശ്ശബ്ദനായി ഞാൻ നേരത്തെ പറഞ്ഞതെല്ലാം. അവളെ അങ്ങു മറന്നേക്കു്.

'ആത്മാർത്ഥമായി ഞാൻ സ്നേഹിച്ചു... ......'

'നിന്റെ ആത്മാർത്ഥത. അതെല്ലാം വെറുംതോന്നലല്ലേ?......'

'വെറും തോന്നലോ?'......ഞാൻ അറിയാതെ പറഞ്ഞുപോയി.

'യുവത്വത്തിൽ ഇങ്ങനെയൊക്കെ തോന്നും! ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്കു കടക്കുമ്പോഴാണ്......'

“അച്ഛ! ഇക്കാര്യത്തിൽ......”

'ഈ കാര്യത്തിൽ നീ എന്നെ അനുസരിക്കണം.'

'അവളെ അല്ലാതെ ഞാൻ....'

'ങേ—എ—ഏ'

എന്റെ തല പുകയുന്നതായി എനിക്കു തോന്നി. കരളിൽ കദനഭാരം കടിച്ചുതൂങ്ങി. ആശയുടെയും ആശങ്കയുടെയും മദ്ധ്യേ ഞാൻ തളർന്നുവീണു.

'ജീവിതം'

പ്രേമം.'

ഇവ എന്റെ ഹൃദയത്തിൽ ഒരു 'കാഷ്മീർ' പ്രശ്നം എറിഞ്ഞിട്ടു. ഞാൻ അവസാനം ഒന്നു തീരുമാനിച്ചു.

......നിശീഥിനിയുടെ നിശ്ശബ്ദതയിൽ മുൻപറഞ്ഞിരുന്നതനുസരിച്ച് ആ വൃക്ഷച്ചുവട്ടിൽ ഞാൻ നേരത്തെ എത്തി. എന്റെ സരസുവിനേയും കാത്തുകാത്തു ഞാനിരുന്നു. നിമിഷങ്ങളുടെ നൂലിൽ, പ്രതീക്ഷയുടെ പൂക്കളും കൊരുത്തുകൊണ്ട്.

അനന്തമായ ആകാശത്തിന്റെ അടിത്തട്ടിൽ തല ചായ്ച്ചുകൊണ്ടു പൂർണ്ണചന്ദ്രൻ പുഞ്ചിരി തൂകി. വെൺനിലാവിന്റെ മൃദുസ്പർശമേറ്റു ഭൂമിയുടെ മാറിടം പുളകമണിഞ്ഞു. കൊച്ചുകൊച്ചു ചെടികളെ കിക്കിളി ഇട്ടുകൊണ്ട് ഒരിളം തെന്നൽ അതിലേ ഒളിച്ചുകളിച്ചു. വസന്തം മാറിനിന്നു മന്ദഹസിച്ചപ്പോൾ പ്രണയപരിഭവത്തോടെ കൈതപ്പൂങ്കുലകൾ കവിൾ തുടുപ്പിച്ചു. വിശപ്പു കത്തുന്ന പറവകളേപ്പോലെ കൊച്ചു മുകിലുകൾ ചിറകടിച്ചുപറന്നു.

എന്റെ പ്രതീക്ഷകളെ സാക്ഷാത്കരിച്ചുകൊണ്ട് അതാ അവൾ വന്നുകഴിഞ്ഞു. ഒരു വനദേവതയെപ്പോലെ.

പലതും എനിക്കവളോടു പറയുവാനുണ്ടായിരുന്നു എന്നാൽ വികാരം വാക്കുകളെ തൊണ്ടയിൽ കുരുക്കിനിറുത്തി.

എന്താണൊന്നും മിണ്ടാത്തതു്?

സരസു! അച്ഛനും അമ്മയും എന്നോടു വളരെ കോപിച്ചിരിക്കയാണ്.

ഞാനും അറിഞ്ഞു കുറെയൊക്കെ.

ഞാൻ ഒന്നുറച്ചുകഴിഞ്ഞു ഈ നാടു വിടാൻ.

എന്നിട്ടെവിടെ പോകാനാണ്

ബോംബെയിൽ എനിക്കൊരു ആത്മസുഹൃത്തുണ്ട്. ഒരു വലിയ കമ്പനിമാനേജരുടെ പുത്രനാണയാൾ, തീർച്ചയായും എനിക്കവിടെ എന്തെങ്കിലും ഒരു ജോലി കിട്ടാതിരിക്കയില്ല.

മൂകമായ അന്തരീക്ഷത്തിൽ മധുരശബ്ദമുതിർത്തുകൊണ്ടു പൂങ്കുയിലുകൾ പാട്ടുപാടി. യുവമാരുതൻ ലതികളെ തഴുകിപ്പുണർന്നു! പാതിരാപ്പൂക്കൾ നിർന്നിമേഷരായി ഞങ്ങളെ നോക്കിനിന്നു. അങ്ങു വിദൂരതയിൽ രണ്ടു രാക്കിളികൾ വട്ടമിട്ടു പറന്നു!! .....

അംബരപ്പരപ്പിൽ താരകകന്യകമാർ മേഘാവരണംകൊണ്ടു മുഖം മറച്ചു. വെള്ളിമേഘങ്ങൾ ചിരിയടക്കിക്കൊണ്ട് ഓടിപ്പോയി. നിശബ്ദതയെ പൊട്ടിച്ചെറിഞ്ഞുകൊണ്ട് അവൾ ചോദിച്ചു.

ഞാനും പോരട്ടെ!.......അങ്ങയുടെ കൂടെ.....

നിരവധി പ്രയാസങ്ങൾ! പട്ടിണികൂടിയും സഹിക്കണമെന്നുണ്ടെങ്കിലേ.......

അതിനുള്ള കഴിവ്......ഈശ്വരനെനിക്കു തന്നിട്ടുണ്ട്.

എങ്കിലും . . ,. . . .

സാരമില്ല . . . . ഞാനുംകൂടി

x x x x

ഞങ്ങൾ ബോംബെയിൽ എത്തി. രവിയെ കണ്ടു. അയാളുടെ അച്ഛന്റെ കമ്പനിയിൽനിന്നു തന്നെ എനിക്കൊരു ജോലി കിട്ടി. ചെറിയ ഒരു വീടു ഞങ്ങൾ വാടകക്കെടുത്തു. ജീവിതത്തെ നേരിടാൻ, ലോകത്തിന്റെ രണഭൂമിയിലേക്കു ഞങ്ങൾ ധൈര്യത്തോടെ ഇറങ്ങിക്കഴിഞ്ഞു.

സരസുവിന്റെ സാന്നിദ്ധ്യത്തിൽ ലോകം മുഴുവൻ എനിക്കു ആനന്ദമായിത്തോന്നി. പ്രേമത്തിന്റെ കായൽപ്പരപ്പിലൂടെ, ഞങ്ങളുടെ ജീവിതനൗക തിരകളെ മുറിച്ചു പാറിപ്പറന്നു.

സുന്ദരിയും സുശീലയും ആയ എന്റെ ജീവിതസഖിയിൽ ഞാൻ ആത്മാർത്ഥമായി അഭിമാനംകൊണ്ടു. പ്രേമത്തിന്റെ പൊന്നൂഞ്ഞാലിൽ

കയറി ആനന്ദത്തിന്റെ അപാരതയിലേക്ക അനേകകാതം ഞങ്ങൾ ആടി ഉയർന്നു! നിർവൃതിയുടെ കൈവരിയിന്മേൽ പിടിച്ചുകൊണ്ടു നാകത്തിന്റെ നട്ടക്കെട്ടുകൾ ഞങ്ങൾ നടന്നുകയറി.

മധുമാസത്തിന്റെ മനോഹാരിതയിൽ അവളുടെ സൗന്ദര്യം പ്രതിഫലിച്ചിരിക്കുന്നതായി ഞാൻ കണ്ടു. പൂക്കളിൽ അവളുടെ നൈർമ്മല്യവും ചന്ദ്രികയിൽ അവളുടെ വെണ്മയും ഞാൻ ദർശിച്ചു.

ആ മടിയിൽ ഞാൻ വിശ്രമിക്കുമ്പോൾ പർവ്വതങ്ങളെയും പാരാവാരങ്ങളെയും ഞാൻ ശാസിച്ചടക്കും. ആത്മാവിൽ ആത്മാവിന്റെ ബന്ധം തൊട്ടുത്തു ഞാൻ എന്നെത്തന്നെ പൂർണ്ണമായി വിസ്മരിക്കും. അവളുടെ സാന്നിദ്ധ്യത്തിൽ ഞാൻ മേഘങ്ങളുമായി സംസാരിക്കും. പക്ഷികളുമൊത്തു പാട്ടുപാടും. അവൾ ഉണ്ടെങ്കിൽ, കാതങ്ങൾ എനിക്ക വെറും കാലടികൾ മാത്രമാണ്. രാത്രിയുടെ ശ്മശാന മൌനം മധുരതരമാണ്. ഏകാന്തതയുടെ ഏകാങ്കങ്ങളിലൂടെ ഞങ്ങൾ പ്രേമ പരിഭവങ്ങൾ പകരും.

കഥകൾ നിറഞ്ഞ മാസങ്ങൾ ചിലതു കൊഴിഞ്ഞുപോയി.

സരസു! അവൾ തന്റെ ആവശ്യങ്ങളുടേയും അഭിലാഷങ്ങളുടെയും അതിരുവേലികൾ പൊളിച്ച് അകത്തി അകത്തി കെട്ടിത്തുടങ്ങി. വീട്ടുചെലവുകളും ക്രമേണ വർദ്ധിച്ചു വർദ്ധിച്ചു വന്നു. പരിമിതമായ എന്റെ വരവും പരിധിയില്ലാത്ത ഈ ചെലവുകളും തമ്മിൽ ഒരിക്കലും കൂട്ടിമുട്ടാത്ത രണ്ടു സമാന്തരരേഖകളെ പോലെ നിരങ്ങി നീങ്ങിക്കൊണ്ടിരുന്നു. നിവൃത്തിയില്ലാതെ വാങ്ങിച്ചുകൂട്ടിയ ചില കടങ്ങളും ദുഷ്ടനിറഞ്ഞ വ്രണം പോലെ അവിടവിടെ വിങ്ങി വീർത്തുകൊണ്ടിരുന്നു. ജീവിതത്തിന്റെ കാൽവാരിമല, ഏകനായി ഞാൻ നടന്നു കയറുകയായിരുന്നു.

രവി—എന്റെ സ്നേഹിതനായിരുന്നല്ലോ. ആപത്തിൽ എന്നെ സഹായിച്ച ആത്മാർത്ഥ സ്നേഹിതൻ. അയാൾ സാധാരണ വീട്ടിൽ വരാറുണ്ടായിരുന്നു. പണവും പ്രതാപവും ഉള്ള യുവാവ്. അയാളെ സൽക്കരിക്കുന്നതിൽ സരസുവിനു അതിയായതാല്പര്യമാണ്. എന്റെ മനസ്സു വല്ലാത്ത ചില സംശയങ്ങളെ കുത്തിക്കുറിച്ചു. ഹൃദയമതു മായിച്ചു കളഞ്ഞു. ഛേ! എന്റെ ആത്മസഖി എന്നെ വഞ്ചിക്കുകയോ!

എന്നാൽ! സരസുവിനു എന്നോടുള്ള പെരുമാറ്റത്തിലും ചില വ്യതിയാനങ്ങൾ കണ്ടുതുടങ്ങി. ആഫീസിൽനിന്നും എന്റെ വരവും പ്രതീക്ഷിച്ചു കാത്തുകാത്തിരിക്കാറുള്ള എന്റെ സരസു, ഒരു മദാലസയെപ്പോലെ ശയ്യയിൽ വീണു കിടക്കുന്നതു കാണാം. സദാ പുഞ്ചിരി മൊട്ടിട്ടു നിൽക്കാറുള്ള ആ ഓമനമുഖത്ത്, അലസതയുടെയോ, അനാദരവിന്റെയോ മായാത്ത നിഴലുകളാണ് തളം കെട്ടി നിൽക്കുന്നത്!

അന്ന് ഒരു വെള്ളിയാഴ്ചയായിരുന്നു. നാലു മാസത്തെ വാടക കൊടുത്തു തീർക്കാനുണ്ട്. അന്നു കൊടുത്തില്ലെങ്കിൽ ഇറക്കിവിടുമെന്ന അവസാനതാക്കീതും ലഭിച്ചുകഴിഞ്ഞിരിക്കുകയാണ്. പണമില്ലാതെ ഞാൻ പരക്കം പാഞ്ഞു. ശമ്പളം പകുതിയിലധികം പറ്റിക്കഴിഞ്ഞിരുന്നു. എന്റെ ഹൃദയത്തിൽ ഇരുട്ടു കയറുന്നുണ്ടായിരുന്നു. ചിന്തകൾ പൊട്ടിത്തെറിച്ചു. ആശകൾ ചതഞ്ഞരഞ്ഞു.

നീറുന്ന ഹൃദയത്തോടെ ആഫീസിൽനിന്നും ഞാൻ തിരിച്ചുവന്നു.

അവൾ അവിടെയില്ല. എവിടെപ്പോയിരിക്കും. നാലുമണിക്ക് ഒരിക്കലും അവൾ അവിടെ കാണാതിരിക്കുകയില്ല. അപ്പോൾ ഒരു തോന്നൽ, അവളുടെ പെട്ടി ഒന്നു പരിശോധിച്ചാൽ കൊള്ളാമെന്ന്.

പെട്ടി തുറന്ന്, ഓരോന്നു ഞാൻ എടുത്തു മാറ്റിക്കൊണ്ടിരുന്നു. മൂന്നു പുതിയ സാരികൾ. എന്നു വാങ്ങി, എങ്ങനെ വാങ്ങി, ഞാനറിഞ്ഞില്ല. അതിനടിയിൽ എന്ത്? നൂറിന്റെ നാലു നോട്ടുകൾ. എന്റെ കൈ പൊള്ളുന്നുണ്ടായിരുന്നു. തല കറങ്ങുന്നതുപോലെ.

“ആരു പറഞ്ഞു എന്റെ പെട്ടി തുറക്കാൻ—” ശബ്ദം കേട്ടു ഞാൻ തിരിഞ്ഞു നോക്കി.

“നീയിതുവരെ എവിടെപ്പോയിരുന്നു?”

“കോപിച്ചാണെന്നു തോന്നുന്നല്ലോ.”

“അതേ കോപിച്ചുതന്നെയാ! നിന്റെ കൈയ്യിലിരിക്കുന്നതെന്താ?”

അറിഞ്ഞിട്ടു കാര്യം”

വേണ്ട എനിക്കറിയേണ്ട അച്ഛൻ അന്നു പറഞ്ഞ വാക്കുകൾ ഞാൻ ഓർത്തു. എന്റെ ജീവിതത്തിന്റെ നെല്ലിപ്പലകയിൽ ചില വിള്ളലുകളും വിടവുകളും ഉണ്ടായി.

എന്നും ഒൻപതുമണിക്കു ഞാൻ ആഫീസിലേക്കു പോയാൽ നാലുമണികഴിഞ്ഞാണ് തിരിച്ചു വരാറുള്ളത്. അന്നു ഞാൻ അപ്പീസിലേക്കല്ല പോയതു്. എനിക്കു ചിലതറിയണം ഭീകരമായ സംശയങ്ങൾ എന്റെ ഹൃദയത്തെ വേദനിപ്പിച്ചുകൊണ്ടിരുന്നു.

കൃത്യം രണ്ടുമണിക്കു ഞാൻ വീട്ടിലെത്തി. വളരെ സാവധാനത്തിൽ ഞാൻ കയറിച്ചെന്നു. എന്റെ ഹൃദയം തുടിക്കുന്നുണ്ടായിരുന്നു. എന്റെ ഹൃദയം ഒരു ബലൂൺ പോലെ വീർത്തുവീർത്തു പൊട്ടിപ്പോകുമോ എന്നെനിക്കു തോന്നി. സരസുവിന്റെ മുറിയിൽ നിന്നും നേരിയ ഒരു സംഭാഷണം ഒഴുകിവരുന്നു. ഞാൻ ചെവിയോർത്തു.

# അടുക്കള - പുരുഷൻെറ പിടിയിലൊതുങ്ങാത്ത സാമ്രാജ്യം

## ഏബ്രഹാം ലിങ്കൻെറ ഇരുളടഞ്ഞ ഗാർഹിക ജീവിതത്തിലേക്ക് ഒരെത്തിനോട്ടം

(ററി. സി.)

മനുഷ്യനു പിടിച്ചടക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു സാമ്രാജ്യമുണ്ട് —അടുക്കള—അതിൻെറ രാജ്ഞിയാണു സ്ത്രീ. ഇതൊരു പച്ചപ്പരമാർത്ഥമാണ്. പക്ഷേ ഇതു പറഞ്ഞാൽ പുരുഷന്മാർ പിടിക്കുകയില്ല. പൗരുഷത്തിൻെറ കീഴിലമരാത്ത വല്ലാത്തതുമുണ്ടോ എന്നവർ ചോദിക്കും. ലോകസാമ്രാജ്യങ്ങളെ കിടുകിടെ വിറപ്പിക്കുന്ന, ലോകചരിത്രം മാറി എഴുതുന്ന മനുഷ്യനു് അവൻെറ ഗാർഹിക ജീവിതം ചൊല്പടിക്കു നയിച്ചുകൂടെന്നുവരുമോ! ഒന്നാലോചിച്ചുനോക്കൂ. അടുക്കള ചൊല്പടിക്കുള്ളതല്ലെങ്കിൽ ആർക്കെങ്കിലും സൗഭാഗ്യകരമായ കുടുംബജീവിതം നയിക്കുവാൻ സാദ്ധ്യമാണോ! ഭൗതികമായ ഉയർച്ചയുടെ ഉച്ചകോടിയിലെത്തിയ പല മഹാന്മാരുടെ ജീവിതത്തിൻെറ ഇരുൾ വെളിച്ചങ്ങൾ പരിശോധിച്ചുനോക്കുക. അവരുടെ അവിസ്മരണീയങ്ങളായ ജീവിതനേട്ടങ്ങൾ എവിടെ? കയ്പു നിറഞ്ഞ കണ്ണുനീരിൽ കുതിർന്ന കുടുംബജീവിതമെവിടെ? ലോകചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിച്ചിട്ടുള്ള അവരുടെ അമൂല്യങ്ങളായ സംഭാവനകൾ എവിടെ? സന്തോഷത്തിൻെറ വെളിച്ചം കയറാൻ യാതൊരു പഴുതുമില്ലാത്ത ഗാർഹികജീവിതത്തിൻെറ ഇരുട്ടറയെവിടെ? അകത്തും പുറത്തും ഒരുപോലെ വിജയിച്ചിട്ടുള്ളവർ വിരളമാണു". വിക്ലേർ എന്നയാൾ കണ്ടെത്തിയ വസ്തുതയാകാം. പക്ഷേ ഇതൊരു സാർവ്വത്രികമായ പരമാർത്ഥമാണെന്നു സമ്മതിച്ചേ തീരൂ. ഒരു വാദപ്രതിവാദത്തിനായി ഞാൻ മുതിരുന്നില്ല. ഒരു ചരിത്രസത്യം പറയുകയാണ്.

അടിമക്കച്ചവടം അവസാനിപ്പിച്ച പ്രസിഡണ്ട് ഏബ്രഹാംലിങ്കൻ അമേരിക്കയുടെ ചരിത്രത്തിൽ അവിസ്മരണീയനാണ്. അദ്ദേഹത്തിൻെറ കീർത്തിധാവള്യം ലോകമുള്ളിടത്തോളം കാലം നിലനിൽക്കുകതന്നെ ചെയ്യും.

എന്നാൽ ചരിത്രപ്രസിദ്ധമായ ആ ജീവിതവെളിച്ചത്തിൻെറ പിറകിൽ ഒരു കനത്ത ഇരുളുണ്ടായിരുന്നു. അതെന്താണെന്നോ? അദ്ദേഹത്തിൻെറ ദുരിതസമ്പൂർണ്ണമായ കുടുംബജീവിതം. അത്യന്തം ദൗർഭാഗ്യകരമായ ഒന്നായിരുന്നു അതു്.

മേർറോഡിനെ വിവാഹം ചെയ്തുകഴിഞ്ഞ് ഒരിക്കൽ മാത്രമേ തൻെറ വിവാഹത്തെക്കുറിച്ച് എന്തെങ്കിലും ഏബ്രഹാം ലിങ്കൻ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നുള്ളൂ. സാമുവൽ മാർഷലിൻെറ പേർക്ക് അദ്ദേഹം എഴുതിയ എഴുത്തിൽ "എൻെറ വിവാഹം നടന്നു, അതു തികച്ചും ഒരാശ്ചര്യസംഭവമായിട്ടാണ് എനിക്കു തോന്നുന്നതു്" എന്നു എഴുതിയിരുന്നു. അത്രമാത്രം.

അഭിഭാഷകവൃത്തിയിൽ ഇരുപതു വർഷത്തോളം ഏബ്രഹാം ലിങ്ക

---

"ഓമനേ, അയാളൊരു പ്രതിബന്ധമാണല്ലോ"

"ഓ...അയാൾ...പോകാൻ പറയണം"

വേണ്ട എനിക്കു കേൾക്കേണ്ട എൻെറ ഹൃദയത്തുടിപ്പുകൾക്കു ഏറം കൂടിക്കൂടി വന്നു. ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. സിരകളിൽ രക്തം തിളച്ചുപൊങ്ങി. ഞാൻ ജനൽ വഴി ഒന്നു നോക്കി. രവിയുടെ കരവലയത്തിൽ അവർ അമരുകയാണ്. വേണ്ട. എനിക്കു കാണേണ്ട. അരയിൽത്തിരുകിയിരുന്ന കഠാരി ഞാൻ വലിച്ചൂരി രണ്ടു ആത്മാക്കളെ കൊണ്ടുപോകാൻ യമദൂതന്മാർ പാഞ്ഞുവരുന്നതു ഞാൻ കണ്ടു.

അല്ലെങ്കിൽ എന്തിനു ഞാൻ അവരെ വധിക്കണം. അവർ സുഖിക്കട്ടെ. എൻെറ ജീവിതം ഏതായാലും നശിച്ചുകഴിഞ്ഞു. പൊട്ടിയൊഴിഞ്ഞ ഒരു വാണക്കുറ്റിപോലെ ഞാൻ എവിടേക്കോ ഓടിപ്പോയി.

തോമസ്സു ചോദിച്ചു. "അപ്പോൾ സ്നേഹിതാ സ്ത്രീകളെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്?

'പുഞ്ചിരിയുടെ പൂനിലാവിൽ പൊതിഞ്ഞ വഞ്ചനയുടെ കരിക്കട്ടയാണ് സ്ത്രീ"

യൂണിയൻ ക്രിസ്ത്യൻ കോളജ് മാസിക

ന്റെ സഹകാരിയായിരുന്ന ഹേൺഡൺ പറയുകയാണ്, ലിങ്കന്റെ കഴിഞ്ഞ ഇരുപതുവർഷക്കാലത്തിനിടയ്ക്ക് ഉല്ലാസപ്രദമായ ഒരൊറ്റ ദിവസമുണ്ടായിട്ടുണ്ടെങ്കിൽ അതെനിക്ക് അറിഞ്ഞുകൂടാ എന്ന്. അദ്ദേഹത്തെപ്പോലെ ലിങ്കന്റെ ജീവിതത്തിന്റെ ഉള്ളുകള്ളികൾ അറിയാവുന്നവർ ചുരുക്കമായിരുന്നു. ലിങ്കന്റെ ദുര്യോഗത്തിന്റെ നിദാനം അദ്ദേഹത്തിന്റെ വിവാഹജീവിതമായിരുന്നുവെന്നാണ് ഹേൺഡൺ പറയുന്നത്. ശോകപര്യവസായിയായ ഒരു നാടകമായിട്ടല്ലാതെ ലിങ്കന്റെ ഗാർഹികജീവിതത്തെ ചിത്രീകരിക്കുക സാധ്യമല്ല.

സ്വഭാവത്തിൽ ലിങ്കനും മേരിറ്റോഡും തമ്മിൽ ഉത്തരദക്ഷിണധ്രുവങ്ങൾ പോലുള്ള അകലമുണ്ടായിരുന്നു. വിവാഹത്തിനു വാക്കുകൊടുത്തതിനുശേഷമാണ് അവരുടെ സ്വഭാവവൈരുദ്ധ്യങ്ങളെ സംബന്ധിച്ച് ലിങ്കന് ബോധ്യമാകാൻ തുടങ്ങിയത്. അഭിരുചികളിലും താല്പര്യങ്ങളിലും പരിശീലനങ്ങളിലും എന്നുവേണ്ട, സ്വഭാവത്തിന്റെ എല്ലാ വശങ്ങളിലും പൊരുത്തമില്ലാത്തവരായിരുന്നു അവർ രണ്ടുപേരും. തങ്ങളുടെ വിവാഹജീവിതം സന്തുഷ്ടമാകാൻ പോകുന്നില്ലെന്നു ലിങ്കൻ നേരത്തെ മനസ്സിലാക്കി.

ഇല്ലിനോയിലെ ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഒരു കുലീനവനിതയായിരുന്നു മേരിറ്റോഡ്. അവരുടെ ഉച്ചാരണരീതിയുടെ വടിവും പെരുമാറ്റങ്ങളുടെ വെടിപ്പും ഒന്നു വേറെതന്നെയായിരുന്നു. എബ്രഹാം ലിങ്കനോ! അദ്ദേഹത്തിന്റെ വിദ്യാഭ്യാസകാലത്തിന്റെ ആകത്തുക വെറും 12 മാസത്തിൽ താഴെ മാത്രമേ ഉണ്ടായിരുന്നുള്ളു. മേരിറ്റോഡിന്റെ കൂടെപ്പിറപ്പായിരുന്നു തന്റെ തറവാടിത്തത്തെക്കുറിച്ചും വീടിനെക്കുറിച്ചുമുള്ള അഹന്ത. പക്ഷേ എബ്രഹാം ലിങ്കനു തന്റെ വീടിനെക്കുറിച്ചോ പാരമ്പര്യത്തെക്കുറിച്ചോ യാതൊരു പൊങ്ങച്ചവും ഇല്ലായിരുന്നു. എപ്പോഴും ഉടുത്തൊരുങ്ങി മോടിയായി നടക്കുന്നതിൽ മേരിറ്റോഡിനു നിർബന്ധമുണ്ടായിരുന്നെങ്കിൽ ലിങ്കൺ നേരെ വിപരീതസ്വഭാവമുള്ളവനായിരുന്നു. ഉടുപ്പിലും നടപ്പിലും അദ്ദേഹം അശേഷം ശ്രദ്ധിച്ചിരുന്നില്ല. ചിലപ്പോൾ അദ്ദേഹം തെരുവുകളിൽക്കൂടെ നടന്നുപോകുന്നതുകണ്ടാൽ ആരും ചിരിച്ചുപോകുമായിരുന്നു. കാൽച്ചട്ടയുടെ ഒരു കാൽ ചെരിപ്പിന്റെ പുറത്തു തൂങ്ങിക്കിടക്കുകയും മറ്റെക്കാൽ ചെരിപ്പിനുള്ളിൽ തിരുകിക്കയറ്റിവച്ചിരിക്കുകയും ചെയ്തിരിക്കുന്നതു കണ്ടാൽ ആരാണ് ചിരിക്കാതിരിക്കുക.

ഭക്ഷണം കഴിക്കുമ്പോൾ അനുഷ്ഠിക്കേണ്ട ചില മര്യാദകളുണ്ട്. അവ വരവണ്ണം തെറ്റാതെ പാലിക്കുന്നതിൽ മേരിറ്റോഡ് വളരെ ശ്രദ്ധിച്ചുപോന്നിരുന്നു. അങ്ങനെയുള്ള മര്യാദകൾ പാലിക്കുന്നതു പരിശുദ്ധമായ ആചാരമായിട്ടാണ് ആ വനിത കരുതിയിരുന്നത്. പക്ഷെ എബ്രഹാം ലിങ്കനെ ഇങ്ങനെയുള്ള നിയമത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കി നിറുത്തുവാൻ സാധ്യമല്ലായിരുന്നു.

അഹന്തയുടെയും ഔദ്ധത്യത്തിന്റെയും അസൂയയുടെയും ഉടൽപൂണ്ട സ്ത്രീരൂപമായിരുന്നു മേരിറ്റോഡ്. എന്നാൽ വിനയത്തിന്റെ തനി സ്വരൂപനായിരുന്നു ലിങ്കൺ. അദ്ദേഹത്തിന്റെ ലളിതസ്വഭാവവുമായി പൊരുത്തപ്പെടുന്ന യാതൊന്നും മേരിറ്റോഡിൽ കണ്ടില്ല.

വിവാഹനിശ്ചയം ചെയ്തു കുറെ കഴിഞ്ഞ് എബ്രഹാം ലിങ്കൺ മേരിറ്റോഡിന്റെ പേർക്ക് ഒരെഴുത്ത് എഴുതി തന്റെ സ്നേഹിതനായ ജോഷ്വാസ്പീഡിന്റെ കയ്യിൽ കൊടുത്തിട്ടു പറഞ്ഞു; ഇതു കൊണ്ടുപോയി മേരിറ്റോഡിന്റെ കയ്യിൽ കൊടുക്കണമെന്ന്. അവരെ വിവാഹം ചെയ്യത്തക്കവണ്ണം താൻ അവരെ സ്നേഹിക്കുന്നില്ലെന്നുള്ളതായിരുന്നു ആ സന്ദേശത്തിന്റെ സാരാംശം. സ്പീഡ് അതു വായിച്ച ശേഷം വലിച്ചുകീറി തീയിലിട്ടു കളഞ്ഞു. ലിങ്കൺ തന്നേ പോയി മേരിറ്റോഡിനെ കണ്ടു സംസാരിക്കണമെന്നു സ്പീഡ് ഉപദേശിച്ചു. അദ്ദേഹം അങ്ങിനെ ചെയ്തു. മേരിറ്റോഡിനെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നില്ലെന്നു തുറന്നു പറഞ്ഞു. അപ്പോൾ അവർ വാവിട്ടു കരയുവാൻ തുടങ്ങി. ഒരു യുവതിയുടെ കണ്ണീരിൽ അലിയാത്ത പാറക്കല്ലല്ലായിരുന്നു ലിങ്കന്റെ ഹൃദയം. മേരിറ്റോഡിനെ കെട്ടിപ്പിടിച്ചു ചുംബിച്ച ശേഷം അദ്ദേഹം മാപ്പു ചോദിച്ചു.

1841 ജനുവരി ഒന്നായിരുന്നു അവരുടെ വിവാഹത്തിനായി നിശ്ചയിച്ചിരുന്ന തീയതി. വിവാഹത്തിനുള്ള ചട്ടവട്ടങ്ങളെല്ലാം പൂർത്തിയായി. അതിഥികൾ എല്ലാവരും വന്നുകൂടി. പ്രസംഗിക്കുന്നയാളും അവിടെയുണ്ട്. എല്ലാവരും വരന്റെ വരവ് കാത്തിരിക്കുകയാണ്. പക്ഷെ ലിങ്കനെ കാണ്മാനില്ല. എന്തുകൊണ്ട് ലിങ്കൻ വരുന്നില്ല. എന്നുള്ള അന്വേഷണം തുടങ്ങി. വന്നുകൂടിയവർ അങ്ങോട്ടുമിങ്ങോട്ടും കുശുകുശുത്തു. ഒടുവിൽ മേരിറ്റോഡിന്റെ സഹോദരി പറഞ്ഞു ലിങ്കന് തലയ്ക്കു നല്ല സുഖമില്ലെന്ന്. എന്ത്! ലിങ്കന് ബുദ്ധിഭ്രമമോ? അതെ 'കൊള്ളരുതാത്തവന്റെ തുമ്പില്ലായ്മ' മേരിറ്റോഡിന്റെ ജ്യേഷ്ഠത്തിയുടെ ഭർത്താവു തുടർന്നു പറഞ്ഞു. സത്യത്തിൽ എന്താണു സംഭവിച്ചതെന്നോ; ലിങ്ക

## പിഞ്ഞാണങ്ങൾ

**കോപ്പ, പ്ളേററ്, കപ്പസാസർ, ടീസെററ്, ക്ലോസെററ് മുതലായ പിഞ്ഞാണങ്ങൾ. മേത്തരമായ നിർമ്മാണം, ആദായവില.**

**NEW INDIA CERAMICS Ltd.**
**FEROKE (Malabar)**


ൻ രോഗം പിടിപെട്ടു കിടപ്പിലായിരുന്നു. ശരീരത്തിനും മനസ്സിനും ഗുരുതരമായ രോഗം. ലിങ്കൺ പിച്ചും പേയും പറഞ്ഞുകൊണ്ടിരുന്നു. അന്യോന്യബന്ധമില്ലാത്ത പലതും. എനിക്ക് ഇനിയും ലോകത്തിൽ ജീവിക്കേണ്ട എന്നു ലിങ്കൺ പറഞ്ഞു. ആത്മഹത്യയെക്കുറിച്ച് അദ്ദേഹം ഒരുകവിതയെഴുതി സ്പ്രിംഗ്ഫീൽഡിലെ ഒരു പത്രത്തിൽ പ്രസിദ്ധം ചെയ്തു. ലിങ്കൺ ആത്മഹത്യ ചെയ്തേക്കുമോ എന്നു ശങ്കിച്ച കൂട്ടുകാർ അദ്ദേഹത്തിന്റെ പിച്ചാംകത്തി എടുത്തുമാററിക്കളഞ്ഞിരുന്നു.

ലിങ്കൺ തന്റെ ഒരു ആത്മസുഹൃത്തിന്റെ പേർക്ക് ഇപ്രകാരമെഴുതി.

“ഞാനിപ്പോൾ ലോകത്തിലേക്കും അരിഷ്ടമനുഷ്യനാണ്. ഞാൻ അനുഭവിക്കുന്ന മനഃക്ലേശം മാനവസമുദായത്തിലുള്ള ഓരോരുത്തക്കുമായി വീതിക്കപ്പെടുന്ന പക്ഷം ഭൂമുഖത്ത് ഒരൊററയാൾപോലും സന്തുഷ്ട മുഖത്തോടുകൂടെ കാണപ്പെടുകയില്ല. ഇതിൽ നിന്നു ഭേദപ്പെട്ട ഒരനുഭവം എനിക്കുണ്ടാകുമോ എന്നു് പറയുക സാദ്ധ്യമല്ല. അങ്ങനെ സംഭവിക്കുവാൻ പോകുന്നില്ലെന്നുതന്നെ ഞാൻ പറയട്ടെ. ഞാൻ ഇപ്പോൾ ആയിരിക്കുന്ന പ്രകാരം ജീവിക്കുക അസാദ്ധ്യമാണ്. ഞാൻ മരിക്കണം. അല്ലെങ്കിൽ ഈ ദുരവസ്ഥ നീങ്ങണം.”

അങ്ങനെ രണ്ടുവർഷം തള്ളിവിട്ടു. അതിനിടക്കു മേരിറോഡുമായി യാതൊരുസമ്പക്കവും ലിങ്കണ് ഇല്ലായിരുന്നു. എന്നാൽ ഒരിടനിലക്കാരൻ ഒരിക്കൽ മേരിറോഡിനേയും ലിങ്കണെയും തമ്മിൽ കൂട്ടിമുട്ടിച്ചു. മേരിറോഡ് ലിങ്കണോടു പറഞ്ഞു തന്നെ വിവാഹം ചെയ്യുക എന്നതു് ലിങ്കന്റെ ധർമ്മമാണെന്ന് എന്തിന്! ലിങ്കൺ മേരിറോഡിനെ വിവാഹം ചെയ്തു. ക്ലേശനിർഭരമായ അവരുടെ ജീവിതയാത്ര അങ്ങനെ ആരംഭിച്ചു. കയ്പു നിറഞ്ഞ 23 നീണ്ട വർഷങ്ങൾക്കിടയിൽ ഏബ്രഹാം ലിങ്കൺ അനുഭവിക്കേണ്ടി വന്നിട്ടുള്ള നരകയാതനകൾ അവർണ്ണനീയങ്ങളാണ്. ഒരു സംഭവം മാത്രം പറയട്ടെ. അവരുടെ വിവാഹം നടന്നിട്ട് അധികമായില്ല. ലിങ്കണും പത്നിയും ഒരു ബോർഡിംഗ് ഹൗസിൽ താമസമാക്കി. ഒരു ദിവസം രാവിലെ ഈ നവദമ്പതികൾ സഹവാസികളോടു കൂടെ കാപ്പികുടിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനിടക്കു ലിങ്കൺ എന്തോ പറഞ്ഞതു് മേരിറോഡിനു പിടിച്ചില്ല. അവൾ ഒട്ടും കൂട്ടാക്കിയില്ല; മേശപ്പുറത്തിരുന്ന തിളച്ച കാപ്പിയെടുത്തു് ലിങ്കന്റെ മുഖത്തേക്ക് ഒഴിച്ചു. അതും ആ ബോർഡിംഗ്ഹൗസിലുള്ള മററു് ആണുങ്ങളുടെയും പെണ്ണുങ്ങളുടെയും മുമ്പിൽ വച്ച്. ലിങ്കൺ ഒരക്ഷരം പോലും ഉരിയാടിയില്ല. മററാരെങ്കിലുമായിരുന്നെങ്കിൽ...... ലിങ്കൺ സഹിഷ്ണുതയുടെ നെല്ലിപ്പലകയിൽ ഉറച്ചു നിന്നതല്ലാതെ കോപാവിഷ്ടനായി യാതൊന്നും പ്രവർത്തിക്കുകയുണ്ടായില്ല. ആ ബോർഡിംഗ്ഹൗസിന്റെ ഉടമസ്ഥ ഒരു നനഞ്ഞ തുണികൊണ്ടുവന്നു ലിങ്കന്റെ മുഖം തുടച്ചു.

ഇതുപോലെ എത്രയെത്ര തീവ്രയാതനകൾ ഏബ്രഹാംലിങ്കൺ തന്റെ കുടുംബജീവിതത്തിൽ അനുഭവിക്കേണ്ടി വന്നിട്ടുണ്ടായിരിക്കാം. അവരുടെ കുടുംബജീവിത പരാജയത്തിനു നിദാനം തികച്ചും മേരിറോഡിന്റെ ധിക്കാരമായിരുന്നു, എന്നു് തീർത്തു വിധികല്പിക്കരുതു്. മേരിറോഡിന്റെ ബുദ്ധിക്കു് അല്പം തകരാറുണ്ടായിരുന്നു. ഒടുവിൽ അവൾക്ക് ഒട്ടും സ്ഥിരതയില്ലാതായിത്തീർന്നു.

എന്നാൽ ഏബ്രഹാംലിങ്കനെസംബന്ധിച്ചിടത്തോളം ലോകം എന്നും അനുസ്മരിക്കുന്ന ഏററവും അഭികാമ്യമായ ഒരു പരമാർത്ഥമുണ്ട്, ഏററവും ദൗർഭാഗ്യകരമായ തന്റെ കുടുംബജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന നരകയാതനകളെ അദ്ദേഹം നിശ്ശബ്ദമായി സഹിച്ചു. കയ്പുനിറഞ്ഞ തീവ്രവേദനകൾ സഹിക്കേണ്ടിവന്നിട്ടുള്ളപ്പോൾ അദ്ദേഹം ഒരിക്കലും നെററി ചുളിച്ചിട്ടില്ല. യാതൊരു നീരസവും കൂടാതെ ആ കയ്പുനീരു കുടിച്ചു. ക്ഷമക്കും ഒരതിരില്ലേ? ഇല്ല, ലിങ്കനെ സംബന്ധിച്ചിടത്തോളം ക്ഷമക്കും സഹിഷ്ണുതക്കും അതിരില്ലായിരുന്നു. തന്റെ ദുരിതാനുഭവങ്ങളെക്കുറിച്ച് ഒരൊററ വാക്കു പോലും ആരോടും ലിങ്കൺ പറഞ്ഞിട്ടുമില്ല. ക്രിസ്തുദേവനെപ്പോലെ അദ്ദേഹം എല്ലാം ക്ഷമിച്ചു, എല്ലാം സഹിച്ചു.

# ഇന്ത്യയിലെ മാതൃത്വത്തിന്റെ വിശേഷതകൾ



ഇന്ത്യൻ സെൻസസ്സ് കമ്മീഷണർ മി. ആർ. എ. ഗോപാലസ്വാമി തന്റെ 1951-ലെ സെൻസസ്സ് റിപ്പോർട്ടിൽ ഇന്ത്യയിലെ മാതൃത്വത്തെപ്പററി ശ്രദ്ധേയമായ പല വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയിലെ അധികം മാതാക്കൾക്കും മൂന്നിൽ അധികം വീതം സന്താനങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ ഇന്ത്യയിൽ ജനനമരണങ്ങൾ മിക്കവാറും ഒരേ നിലയിൽ നിർത്താൻ സാധിക്കും.

ഇന്ത്യയിലെ മാതൃത്വത്തിന്റെ പ്രത്യേകതകൾ പരാമർശിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:—

ഇന്ത്യയിൽ ഓരോ 1000 പേർക്കും പ്രതിവർഷമുണ്ടാകുന്ന 40 സന്താനങ്ങളിൽ 8 എണ്ണം കടിഞ്ഞൂൽ പ്രസവങ്ങളാണ്, 16 എണ്ണം 1-ാമത്തേയോ 2-ാമത്തേയോ പ്രസവങ്ങളാണ്, 23 എണ്ണം 1-ാമത്തേയോ 2-ാമത്തേയോ 3-ാമത്തേയോ പ്രസവങ്ങളാണ്, 17 എണ്ണം 4-ാമത്തേതുമുതൽക്കുള്ള പ്രസവങ്ങളാണ്

## മററു രാജ്യങ്ങളിലെ നില

മററു രാജ്യങ്ങളിൽ മൂന്നിൽ മേൽപ്പോട്ടുള്ള പ്രസവങ്ങൾ പരിമിതമാണ്. ഇന്ത്യയിൽ അതു കുറവായിവരുന്നതിന്റെ യാതൊരു ലക്ഷണങ്ങളുമില്ല.

1951-ലെ കാനേഷുമാരിയുടെ പ്രധാനഭാഗങ്ങൾ ഓരോന്നായി ഇന്ത്യാഗവർമ്മെണ്ട് പ്രസിദ്ധപ്പെടുത്തിവരുന്നതിൽ "മാതൃത്വം" (പ്രസവം) എന്ന 5-ാം ലഘുപത്രികയിലെ വിവരങ്ങളാണ് മേൽ കൊടുത്തിട്ടുള്ളത്.

## തിരു—കൊച്ചിയിൽ ഒരു സ്ത്രീക്ക് 6 കുട്ടികൾ

ഇന്ത്യയിൽ കുട്ടികൾ ജനിക്കുന്നതിന്റെയും മരിക്കുന്നതിന്റെയും വിവരങ്ങൾ ലഭിക്കാൻ തിരു-കൊച്ചിയേയും മദ്ധ്യപ്രദേശത്തേയുമാണ് അവ ഗ്രന്ഥവിഷയമാക്കിയതു്. തിരു-കൊച്ചിയിൽ കാനേഷുമാരി നടത്തുന്നകാലത്ത് വിവാഹിതയും 45 വയസ്സിനു താഴെയുള്ളവളും ഒരിക്കലെങ്കിലും പ്രസവിച്ചവളുമായ ഓരോ സ്ത്രീക്കും ശരാശരി 6·6 കുട്ടികളുണ്ടായിരുന്നുവെന്നും അതിൽ സെൻസസ്സ് എടുക്കുന്നകാലത്ത് 4. 6 കുട്ടികൾ ജീവിച്ചിരിപ്പുണ്ടെന്നും കണ്ടിരിക്കുന്നു. അതായതു 6 കുട്ടികളിൽ 2 എണ്ണം മരിച്ചു.

ഈ 6, 4, 2 എന്ന നമ്പറുകൾ യഥാക്രമം തിരു-കൊച്ചിയിലെ ശിശുക്കളുടെ ജനനം, ജീവിതം, മരണം, എന്നിവയുടെ സൂചനകളായി കരുതാം.

മാതാവിനു് പ്രായം വർദ്ധിക്കുന്തോറും ഈ സൂചനാസംഖ്യകളില്ലാം വർദ്ധനവുണ്ടാകുന്നു.

സന്താനങ്ങൾ ഏററവും അധികം ഉണ്ടാകുന്നതു് സ്ത്രീയുടെ 20 വയസ്സിനും 30 വയസ്സിനും മദ്ധ്യേയാണ്. 30-നുശേഷം കുറയാൻ തുടങ്ങും.

## സമ്പത്തും സന്താനങ്ങളും

യൂറോപ്യൻ രാജ്യങ്ങളുടെ അനുഭവങ്ങളെ മുൻനിർത്തിക്കൊണ്ട് സമ്പത്ത് കുറയുന്തോറും സന്താനം വർദ്ധിക്കുമെന്ന ഒരഭിപ്രായഗതിയുണ്ട്. അതായത് തൊഴിലെടുത്തു ജീവിക്കുന്നവർക്കാണ് സമുദായമേലേക്കിടയിലുള്ളവരേക്കാൾ അധികം മക്കളുണ്ടാകുന്നതെന്നു്. തിരു-കൊച്ചിയെസംബന്ധിച്ചിടത്തോളം ഈ പ്രമാണം വാസ്തവമായിക്കാണുന്നില്ലെന്നു സെൻസസ്സ് കമ്മീഷണർ അഭിപ്രായപ്പെട്ടിരിക്കുന്നു. തിരു-കൊച്ചിയിലെ നാട്ടിൻപുറങ്ങളിലെ കർഷകജനതയുടെയും നഗരവാസികളുടെയും സ്ഥിതികൾ പരിശോധിച്ചപ്പോൾ സന്താനോല്പത്തിയെ സംബന്ധിച്ച ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള വ്യത്യാസം വളരെ കുറച്ചുമാത്രമേയുള്ളു. നാട്ടിൻപുറങ്ങളിലെ അല്പം വർദ്ധന പരിഗണിക്കത്തക്കതല്ല.

15-നും 19-ം മദ്ധ്യേയുള്ള വയസ്സിൽ പ്രസവിക്കാൻ തുടങ്ങിയവരും, 20 നും 24-ാനും മദ്ധ്യേ പ്രസവം തുടങ്ങിയവരും തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ അധികം സന്താനങ്ങൾ മുൻപറഞ്ഞവർക്കാണെന്നു കണ്ടിരിക്കുന്നു.

## മദ്ധ്യപ്രദേശം

ജനനനിരക്ക് മദ്ധ്യപ്രദേശത്തിൽ തിരു-കൊച്ചിയേക്കാൾ അധികമാണെങ്കിൽ മരണനിരക്കും അധികമാണ്. 30 വയസ്സിനുമേൽ സന്താനോല്പാദനം കുറയുന്ന സമ്പ്രദായം തിരു-കൊച്ചിയിലും മദ്ധ്യപ്രദേശത്തും ഒരുപോലെയാണ്.

സെൻസസ്സ് കാലത്ത് വിവാഹിതകളായവരുടെ കണക്ക് മാത്ര



# കതിരു കാണാക്കിളി

അടൂർ ജി. ചന്ദ്രശേഖരൻ നായർ

നാളെ കോളേജ് തുറക്കും. എനിക്കു പ്രിയപ്പെട്ടതിനെ എല്ലാം പിരിഞ്ഞ് ഞാൻ കോളേജിലേയ്ക്കു പോകയാണ്. അന്നു കാലത്തു കല്ലുവെട്ടു മഴുവുമായി അച്ഛൻ ഇറങ്ങിപ്പോയപ്പോൾ ഒരു പൊതി എന്റെ കയ്യിൽ തന്നിട്ടു പറഞ്ഞു; "മോനേ, ചക്രം കണ്ടമാനം കളയല്ലേ!" എന്ന്. വിയർപ്പു മണക്കുന്ന ആ ഭാരമുള്ള പൊതി മടിയിൽ വച്ചുകൊണ്ട് ഞാൻ നടന്നു. അമ്മ കണ്ണുനീർ വാർത്തു. ചേച്ചി ചെറുതായി ഒന്നു ചിരിച്ചു.

വണ്ടി പട്ടണത്തിലേക്കു നീങ്ങുകയാണ്. അതൊരു കവലയിൽ നിന്നപ്പോൾ കുറേപ്പിള്ളേർ 'സോഡാ, ക്രഷ്, നാരങ്ങാവെള്ളം, മോര്' എന്നു വിളിച്ചു കൊണ്ടടുത്തു. നല്ല ചൂട്. ഒരു ഗ്ലാസ് മോരു വാങ്ങി ഒററപ്പോട്ടം ദാഹത്തോടും ചുണ്ടിലേക്കടുപ്പിച്ചു. പച്ചവെള്ളത്തിനൊരു ചെറിയ വെള്ളനിറം. തൈരിന്റെ കഷണങ്ങൾ അതിൽക്കിടന്നു. ഞാനതു കുടിച്ചു. നല്ലരുചി! നല്ലതണുപ്പത്ത് തീക്കനലിനോടടുത്ത സുഖം! അരയണ കൊടുത്തു വാങ്ങി ആ പയ്യൻ മണപ്പിച്ച് മൂക്കും ചുണ്ടും കൂടി മേല്പോട്ടാക്കിട്ടെന്നെ നോക്കി. "വിയർപ്പിന്റെ മണം" ഞാൻ പറഞ്ഞില്ല. ഞാനാലോചിച്ചു. അപ്പോൾ ഇനിയും എന്റെ കാശ് ആരെല്ലാം മണത്തു നോക്കും! കോളേജിൽനിന്ന്, ഹോട്ടലിൽനിന്ന് കടകളിൽനിന്ന്. പക്ഷേ ഞാൻ ആത്മാർത്ഥമായി ആശിച്ചു. ബീഡിക്കും സിഗററിനും വേണ്ടി, ആ തഴമ്പിച്ച കൈകളിൽ വീണു കിലുങ്ങിയ ചക്രം കൈമാറരുതെന്ന്; സിനിമാശാലയിൽ നിന്നും അതിന്റെ മണം പൊന്തി വരരുതെന്ന്........

വണ്ടിയുടെ 'കുട്ടകം' പെട്ടെന്നു മാറി. കറുത്ത റോഡിൽക്കൂടി വണ്ടി ഓടുകയാണ്. ഇരുളിൽ നിന്ന് വെളിച്ചത്തിലേക്കു കടന്ന ഒരു പ്രതീതി. മനോഹരമായ ചുററുപാടുകൾ ആകർഷകമായ കെട്ടിടങ്ങൾ....

വണ്ടി നിന്നു. കൂലിക്കാരുടെ ഒരു ബഹളം. ഞാൻ വണ്ടിയിൽ നിന്നും ഇറങ്ങി. ബസ്സിന്റെ അടുത്തേയ്ക്കോടി എത്തുന്ന ചുമട്ടുകാരന്റെയും റിക്ഷാക്കാരന്റെയും മടി ഭാരം കൊണ്ടു താണുകിടന്നു. ചക്രത്തിന്റെ ഭാരം. വേഗമുള്ള ആ നടപ്പിൽ അവ താളംപിടിക്കുന്നു.......എന്റെ കയ്യിലിരുന്ന കൊച്ചുപെട്ടിക്ക് രണ്ടുപിള്ളേർ പിടികൂടി. "ആരും വേണ്ട" എന്നു പറഞ്ഞു ഞാൻ മുമ്പോട്ടുപോയപ്പോൾ അവർ പറകയാണ് "എങ്ങാണ്ടുനാട്ടുംപുറത്തുനിന്നു വന്നു ചാടിയതാ" എന്ന്. എങ്കിലും ഞാൻ പെട്ടി ചുമന്നു. എന്റെ അച്ഛൻ, എന്റെ പെട്ടിയുടെ ഇരട്ടി ഭാരമുള്ള കല്ലുകൾ ദിവസം നൂറു പ്രാവശ്യമെങ്കിലും കുഴിയിൽ നിന്നെടുത്ത് കരയ്ക്കു കൊണ്ടുവരും...ഞാൻ പലപ്പോഴും അച്ഛന്റെ ജോലിസ്ഥലത്തു പോയിട്ടുണ്ട്. കുനിഞ്ഞു നിന്നുകൊണ്ട് ഉറച്ച ആ കൽത്തളത്തിൽ വെട്ടുമ്പോൾ മൂക്കിൽക്കൂടി "ശ്ശൂ" എന്നൊരു ജീവന്റെ അംശം പുറത്തേക്കുപോകും. അതു കേട്ടെന്റെ ഹൃദയം വേദനിച്ചിട്ടുണ്ട്. വിയർപ്പിൽ കുഴഞ്ഞ, ചെമ്മണ്ണു പുരണ്ട ആ ശരീരം കൂടെക്കൂടെ നടുവിന് ആശ്വാസം നൽകാൻ നിവർന്നു നിന്നു ഞെളിയും. പിന്നെയും വെട്ടും. എന്തിനാണതെല്ലാം? പണക്കാർക്കു മാളികപണിയാനല്ല .. ജീവിക്കാൻ. ഞങ്ങൾക്കും ജീവിക്കണം.... രോഗിയായ അമ്മയ്ക്കു മരിക്കുന്നതുവരെ ജീവിക്കാൻ..., വീട്ടുകാര്യങ്ങളുമായി കഴിയുന്ന ചേച്ചിക്കും, വിദ്യാഭ്യാസവുമായി കഴിയുന്ന എനിക്കും ജീവിക്കാൻ ....അതിനുവേണ്ടി അച്ഛൻ ദിവസവും മരിക്കുകയാണ്. അല്പാല്പമായി.

"നീയെങ്കിലും എല്ലുനുറുങ്ങുന്ന പണിയെടുക്കാൻ ഇടയാകരുത്" എന്നു പറഞ്ഞാണച്ഛൻ എന്നെ പഠിപ്പിക്കുന്നത്...

---

മാണു മേൽ വിവരിച്ചിട്ടുള്ളത്. തിരു—കൊച്ചിയിൽ 49 വയസ്സിനുമീതെ വിധവകളായിരുന്നവരുടെ സന്താനസംഖ്യ 6·6—നുപകരം 5·5 ആയിരുന്നു. ശിശുമരണം തിരു-കൊച്ചിയെക്കാൾ ജാസ്തി മദ്ധ്യപ്രദേശത്താണ്.

മാതൃത്വത്തെ സംബന്ധിച്ചുള്ള മേല്പറഞ്ഞ പരിശോധന ഇന്ത്യൻ കാനേഷുമാരി (1951)യുടെ ഒരു സവിശേഷതയാണ്. ഇതരരാജ്യങ്ങളിലെ സെൻസസ്സ് കണക്കുകളിൽ ഇത്രയൊന്നും വിവരങ്ങളടങ്ങിയിട്ടില്ല.

എനിക്കുവേണ്ടി മരിക്കുന്ന ആ ശരീരവും മനസ്സിൽ കണ്ടുകൊണ്ടു ഞാൻ നടന്നു....

ഒരു നീണ്ട വിസിൽ. ഒരു കറുത്ത കാർ അതിവേഗം പാഞ്ഞുപോയി.... ഒരാൾ പറഞ്ഞുതന്നു— "രാജപ്രമുഖൻ.,,ഞാനോർത്തു— നമ്മുടെ അന്നദാതാവായിരുന്ന പൊന്നുതിരുമേനി! ഞാനെങ്ങോട്ടാണു് പോകുന്നതു്. ഒരു മുറുക്കാൻ കടയിലേക്കു് ഞാൻ നീങ്ങി. അയാൾ ചോദിച്ചു പ്ളെയഴ്സസാസിസറോ?" എനിക്കു് കാര്യം മനസ്സിലായി. "ഒരു ഗ്ളാസ്സ് പച്ചവെള്ളം ,,അയാൾ ദൂരെയുള്ള പൈപ്പു ചൂണ്ടിക്കാണിച്ചു.

ആ കച്ചവടക്കാരനു് മാലയുണ്ടു്, മോതിരമുണ്ടു്, വാച്ചുണ്ടു്... ധൃതിയിൽ കച്ചവടം നടത്തുകയാണു്.... ഒരു കുപ്പി പൊട്ടിച്ചപ്പോൾ ഗ്യാസ്സു പോയതു കേട്ടു ഞാൻ ഞെട്ടിപ്പോയി.

എന്റെ നാട്ടിലെ വലിയകട "കീവറീതു്:' ന്റെയാണു്. "മൊലാളി'' എന്ന പേരിലാണയാൾ അറിയപ്പെടുന്നതു്. അയാൾ ഒരാഴ്ച കച്ചവടം നടത്തിയാലും ഈ മുറുക്കാൻകടയിലെ ഒരുമണിക്കൂറു നേരത്തെ വരവുകാണുകയില്ല....കീവറീതാള് മിടുക്കനാണു്. ആദ്യം മീൻകച്ചവടമായിരുന്നു. ശാസ്താംകോട്ടക്കായലിലെ പച്ചമീൻ ചുമന്നു പന്ത്രണ്ടുമൈൽ ദൂരെയുള്ള പറക്കോട്ടു ചന്തയിൽ കൊണ്ടുവന്നു വിൽക്കും. ശുദ്ധജലത്തിലെ പച്ചമീൻ. നാറുന്ന ചക്രംവാരി കുട്ടയിലിട്ടു കൊണ്ടയാൾ വീട്ടിലെത്തും. 'റാഹേൽ' അതെല്ലാം കഴുകിയെടുക്കും........നല്ലകാലം മീൻ കായലിൽ കുതിച്ചുപൊങ്ങി....ധാരാളം പണം. അവക്കു പുതിയ വീടു വെയ്ക്കാൻ കല്ലുവെട്ടിയതും അച്ഛനാണു്. കീവറീതിനെ ഉയർത്തിയതു് മീൻകച്ചവടമാണെങ്കിലും അതു് അന്തസ്സിനു പററിയതല്ലെന്നുള്ള റാഹേലിന്റെ അഭിപ്രായത്തോടു കീവറീതും യോജിച്ചു. അങ്ങിനെ 'പലചരക്കും' റേഷനും തുണിയും എല്ലാം കൂടി മീൻകാരൻ കീവറീതിനെ 'മൊലാളി കീവറീതായി മാററി.

എന്റെ അച്ഛൻ അന്നും ഇന്നും കല്ലുവെട്ടുകയാണു്. ഒരു വ്യത്യാസവുമില്ല. വ്യത്യാസമുള്ളതു് കല്ലുവെട്ടുന്ന മഴുവിനു മാത്രം!

ഞാൻ പൈപ്പിൽ നിന്നും വെള്ളം കുടിച്ചു. ചൂടുപിടിച്ച കുഴലിലെ വാടിയ വെള്ളം!എനിക്കു ഛർദ്ദിക്കണമെന്നു തോന്നി. . എന്റെ ചിന്ത പെട്ടെന്നു തിരിഞ്ഞു രണ്ടു കൊല്ലത്തിനപ്പുറത്തേക്കു്. എനിക്കന്നു പതിനാലു വയസ്സുണ്ടു്... കൂലിക്കാരനായി കഴിയുന്ന അച്ഛന്റെ കൂലി വാങ്ങിക്കഴിയുന്ന 'ചേന്നന്റെ മകൾ 'കുറുമ്പ'യായിരുന്നു അന്നത്തെ എന്റെ കൂട്ടുകാരി. അവൾ മിടുക്കിയാണു്. എതാണ്ടു് പത്തുവയസ്സു് പ്രായം വരും. ഉറച്ചതും ഭംഗിയുള്ളതുമായ കറുത്ത ശരീരം, ചുരുണ്ട കറുത്ത മുടി, കിളിയുടെ ശബ്ദം....ഞാൻ പശുവിനേയും കൊണ്ടു് അടുത്തുള്ള വനത്തിലേക്കു പോകുമ്പോൾ അവൾ അവളുടെ ആട്ടിൻ കുട്ടിയേയും കൊണ്ടു് എന്റെകൂടെവരും. ആ കൊച്ചുപെണ്ണു് ചുറുചുറുക്കോടു് കുഞ്ഞാടിന്റെ പുറകെ ഓടുന്നതു കാണേണ്ടതു തന്നെയാണു്. ചന്തമുള്ള ഓട്ടം..... ഈ കൂലിക്കാരന്റെ മകനെ അവൾ 'കുഞ്ഞമ്പ്രാനെ' എന്നു വിളിക്കും. അവൾക്കു് ഞാൻ തമ്പുരാനാണു്. എനിക്കുമുണ്ടു് തമ്പുരാൻ....

"കൂ കൂ കൂ കൂ ക്കൊ" അതൊരു കിളിയുടെ ശബ്ദമാണു്. നിലം കൊയ്തു കഴിയുന്ന സമയത്തു്, അതായതു ചക്കയുള്ള കാലത്തു് ആ പക്ഷിയുടെ കരച്ചിൽ കേൾക്കാം. ആ ശബ്ദം കേൾക്കുമ്പോൾ കുറുമ്പ പറയും "ചക്കയ്ക്കുപ്പുണ്ടോ എന്നു ചോദിക്കയാണെന്നു്. ഞാനതിനെ തിരുത്താൻ പറയുംരാവണന്റെ കിളിയാണെന്നു "ശിരസ്സുപ്പോയ്" തെററാഎന്നു ചോദിക്കയാണെന്നും അതുംണെന്നു പറയുമ്പോൾ അവൾ. പറയും "അച്ഛൻ കൊമ്പത്തോ എന്നു ചോദിക്കയാണെന്നു്............ ഇതെല്ലാം അവൾ മാത്രമല്ല, നാട്ടുകാരും പറയുന്നതാണു്. ഒന്നു മാത്രമതിൽ പരമാർത്ഥമായുണ്ടു്. കരിയില്ലാത്ത കാലത്തെ ആ പക്ഷിയുടെ ശബ്ദം വിദൂരതയിൽനിന്നും കേൾക്കാറുള്ളു.....

കുറുമ്പയ്ക്കു് ഒരാഗ്രഹം ആ പച്ചിയെ കാണണം. വനത്തിൽ പശുവിനേയും, ആട്ടിൻകുട്ടിയേയും വിട്ടിട്ടു ഞങ്ങൾ നടന്നു. ആ കതിരുകാണാക്കിളിയുടെ ശബ്ദത്തിനൊത്തു് അവൾ പറഞ്ഞുകൊണ്ടിരുന്നു "ചക്കയ്ക്കുപ്പുണ്ടോ" എന്നു് വളരെ ദൂരം ഞങ്ങൾ നടന്നു. ഒരു വലിയ തേക്കുമരത്തിന്റെ അഗ്രത്തിൽ ഒരു മഞ്ഞക്കിളിയിരുന്നു പാടുന്നു "കൂകൂകൂകൂക്കോ" എന്നു്. ഞാൻ അവളെ ചൂണ്ടിക്കാണിച്ചു. അതാ "നോക്കു്'' അവൾ വിളിച്ചു, ബാ, ബാ, ബാ.,..,.അതു പറന്നു പോയി. ഒരു മരത്തിലേക്കു ചാരിയിരുന്ന അവൾക്കു ഞാൻ ഒരു പാറയിൽ കെട്ടിനിന്ന ചൂടുള്ള വെള്ളം അല്പം കോരികൊടുത്തു... അവൾ ഛർദ്ദിക്കാൻ തുടങ്ങി...,... ഞാനവളുടെ പുറം തിരുമ്മി....

ഞാൻ എന്റെ പുറവും തിരുമ്മികൊണ്ടു പൈപ്പിന്റെ ചുവട്ടിൽനിന്നും നീവന്നു. ഞാൻ ഓർത്തുപോയി. എന്റെ കൊച്ചുകുറുമ്പയെ! അവളുടെ ശബ്ദം എന്റെ ചെവിയിൽ മുഴങ്ങി. ആ പുഞ്ചിരിയടരാത്ത മുഖവും തേനൂറുന്ന കൊഞ്ചലും ഞാൻ എപ്പോഴും കാണും. പക്ഷെ അതോടൊപ്പം എന്റെ കണ്ണുകൾ നിറഞ്ഞുപോകും. അവളുടെ കരളലിയിക്കുന്ന

കഥയോർത്തു.....ഛർദ്ദിക്കാൻ തുടങ്ങിയ കുറുമ്പിയെയും താങ്ങിയെടുത്തുകൊണ്ടു തിരിച്ചുവന്നപ്പോൾ ഞങ്ങൾ കണ്ടതു് ആ ആട്ടിൻകുട്ടിയുടെ തലയും കാലുകളുമാണു്. ഉണങ്ങിയ ഇലകൾ മുഴുവൻ രക്തം ചിതറിക്കിടക്കുന്നു. പച്ച മാംസത്തിന്റെ മണം....അവളുടെ കണ്ണുകൾ നിറഞ്ഞു് ഒഴുകി. ആ നിർജ്ജീവമായ തലയെടുത്തു മടിയിൽ വച്ചുകൊണ്ടവൾ 'മോളേ' എന്നു വിളിച്ചു.....ഒരു ശബ്ദം.....ആ ആട്ടിൻകുട്ടിയുടെ സ്വാദറിഞ്ഞ വായിൽനിന്നു പുറപ്പെട്ട ശബ്ദം. വായും പിളർന്നു് രക്തം ഒഴുകുന്ന നാക്കും നീട്ടി അലറിക്കൊണ്ടതു കാട്ടിന്റെ ഒരു വശത്തുനിന്നും മുമ്പോട്ടു വന്നു. എന്റെ നാവു താണുപോയി. എങ്കിലും ഞാൻ വിളിച്ചു "കുറുമ്പേ പുലി.. .." അവൾ അനങ്ങിയില്ല. പുലി അടുത്തു കഴിഞ്ഞു, ഞാൻ കണ്ണു പൊത്തിപ്പോയി. "എന്നെ തിന്നോ" ഒരു പ്രതികാരശക്തിയോടെ അവളുടെ ശബ്ദം ഉയർന്നു. അതോടൊപ്പം അവളുടെ അവസാനശബ്ദവും ആ കാടുകളിൽ തട്ടിമുട്ടി മാറ്റൊലിക്കൊണ്ടു. .. ഉണക്കയിലകൾ ഞെരിയുന്ന ശബ്ദം അകലെ കേട്ടു. ആ പക്ഷി അപ്പോഴും കരയുന്നു. "കക്കക്കൊക്കോ," എന്നു്. "അല്ല—ശിരസ്സുപ്പോയി" എന്നു്....

ഞാൻ പെട്ടിയുമായി മുമ്പോട്ടു നീങ്ങി. എന്റെ ഓരോ അണുവും അവളെപ്പററിയുള്ള ഓർമ്മയുമായി മുമ്പോട്ടു നീങ്ങുകയാണു്.

പെട്ടെന്നു്—എന്റെ പ്രായം വരും—ഒരാൾ എന്നെ സമീപിച്ചു. ഞാൻ ചോദിച്ചു, "കോളജ് എവിടെയാണു്" എന്നു്. "ദാ! അവിടെ! ഈ പെട്ടിയുടെ ആളെന്തിയേ? അയാൾ എന്റെ ചോദ്യത്തിനുത്തരവും, ഉത്തരത്തിനായി ഒരു ചോദ്യവും തന്നു. ഒരു കൂലിക്കാരന്റെ മകനെ ഒരു കൂലിക്കാരനായി അവൻ കണ്ടതിൽ ഒരു തെററുമില്ല.....

ഞാൻ പറഞ്ഞു. "മുമ്പേ നടന്നു."

"ഇതിനെന്തോ കൂലിതരും?"

"ആറണ" ഞാൻ പറഞ്ഞു.

അയാൾ പെട്ടെന്നു പറകയാണു് "ഞാനാണെങ്കിൽ പന്ത്രണ്ടണ വാങ്ങിക്കും:—ഒരു കെട്ടങ്ങോട്ടു കയററിയാൽ, പത്തു ചുവടങ്ങോട്ടു വച്ചാൽ, ഒരു പെട്ടി വണ്ടിയിൽ നിന്നിറക്കിയാൽ, 8ണ, 12ണ; 14ണ. വാങ്ങിക്കാതെ ഞാൻ മാററില്ല. .." അയാൾ വിജയഭാവത്തോടെ പറഞ്ഞു.

എനിക്കെന്നെപ്പററി നിരാശതോന്നി. അടിയിലും മുകളിലും നല്ല ചൂടു്, നീറുന്ന തലച്ചോറു്; പിടയ്ക്കുന്ന ഹൃദയഭിത്തികൾ, തണുപ്പില്ലാത്ത രക്തം, ഭാവിയെ ഉററുനോക്കുന്ന നയനങ്ങൾ, ആഹാരം നോക്കിയിരിക്കുന്ന വയറു്, വരണ്ട നാവു്, അങ്ങിനെ ഒരു തീക്കനൽ; തീയിൽക്കൂടി പെട്ടിയും പേറി മുമ്പോട്ടു നീങ്ങുകയാണു്.

ഒരു ചെറിയ ജീവിതത്തിനു വേണ്ടതെല്ലാം അന്നുതന്നെ അന്വേഷിച്ചു ശരിപ്പെടുത്തി പിറേറദിവസം കോളേജിൽ ചേർന്നു. ഒരു പുതിയ ജീവിതത്തിലേയ്ക്കു ഞാൻ പ്രവേശിച്ചു. എവിടെയും പുഞ്ചിരി—അലക്കിത്തേച്ചവില പിടിപ്പുള്ള വസ്ത്രങ്ങൾ, ചോരക്കൊഴുപ്പുള്ള യുവതികളും യുവാക്കന്മാരും. എനിക്കെന്നെപ്പററിത്തന്നെ ലജ്ജ തോന്നി. സാരിയും, പട്ടുപാവാടയും. ലിനൻ മുണ്ടു നിലത്തു കിടന്നിഴയുമ്പോൾ! പുക്കിളിനടിയിൽ വച്ചുടുത്തിട്ടും എന്റെ മുണ്ടു് പാദം തൊടാൻ ഇനിയും ഒരു ചാൺ കൂടി വേണം!

ഞാൻ വേഗം നടന്നു, ആരുടെയും ശ്രദ്ധയിൽ പെടരുതെന്ന ആഗ്രഹത്തോടെ. "ഇവിടെ ചേർന്നതാണോ?" പെട്ടൊന്നാരാൾ എന്നോടു ചോദിച്ചു. "അതെ" ഞാൻ പറഞ്ഞു. അങ്ങിനെയെല്ലാം പറഞ്ഞുകഴിഞ്ഞപ്പോൾ അയാൾ പറഞ്ഞു" ഞാനുംകൂടി വരട്ടോ നിങ്ങളുടെ മുറിയിൽ താമസിക്കാൻ" ഞാൻസമ്മതിച്ചു അങ്ങിനെ ഞങ്ങൾ രണ്ടുപേർ ആ ഹോട്ടലിന്റെ പുകശ്ശല്യമുള്ള 'ചരിപ്പിൽ' കാലത്തും വൈകിട്ടും കഞ്ഞിയുംകുടിച്ചു് ഉച്ചയ്ക്കു് പച്ചരിച്ചോറുമുണ്ടു് കഴിഞ്ഞുകൂടി. കട്ടിലില്ല, മേശയില്ല, കസേരയില്ല, ഒരു തകരപ്പെട്ടിയും, രണ്ടു പനമ്പായും മാത്രം.

'പണിക്കർ' അതാണെന്റെ കൂട്ടുകാരൻ. അയാൾക്കു പാടനാറിയാം. കവിതയും കഥയും എഴുതും. ബീഡിക്കുററികൾ ഒരാഴ്ചകൊണ്ടു് മുറിയിൽ നിറഞ്ഞു. എന്നിട്ടും ഞാനതുപയോഗിച്ചില്ല.

ചിറകു മുളയ്ക്കാത്ത ഒരു കുരുവിക്കുഞ്ഞിനെ ഇണക്കുരുവികളുടെ ശബ്ദം വകവെയ്ക്കാതെ ഒരു ചേര വായിലാക്കി. ആ ഇളം ചുണ്ടിൽനിന്നും വന്ന മുറവിളി! തള്ളക്കുരുവികളുടെ നിലവിളി ചേരയുടെ അർത്തി....പണിക്കരുടെ ഒരു കവിതയിലെ എനിക്കിഷ്ടപ്പെട്ട കഥ!

കാമുകിയെ സന്ദർശിക്കാൻ എന്നും തോണിയാൽ ആററിൽക്കൂടി പൊയ്ക്കൊണ്ടിരുന്ന ഒരു ഗ്രാമീണകാമുകൻ ചുഴിയിൽ അകപ്പെട്ടു് ഒഴുക്കുവെള്ളത്തിൽ താഴ്ന്നുപോകുന്നതു് പണിക്കരുടെ ഒരു കഥയിൽക്കൂടി ഞാൻ കണ്ടു.

ഞാൻ ക്ലാസ്സിന്റെ ഒരു ഒഴിഞ്ഞ മൂലയിൽ നിശ്ശബ്ദനായി കഴിയുകയാണു്. എന്റെ അടുത്തിരിക്കാൻ ആർക്കും ഇഷ്ടമില്ല. എന്തെല്ലാം ബഹളമാണു് ക്ലാസ്സിൽ: പടക്കം പൊട്ടിക്കയും സിഗററ്റു വലിക്കയും പതിവാണു്. ഒരു ദിവസം വലിയ ബഹളമുണ്ടാക്കിയ ഒരാളെ പുതിയതായി വന്ന ഒരു സാർ എഴുന്നേല്പിച്ചു. അപ്പോൾ എന്തോരു ബ

ഹളമായിരുന്നെന്നോ ക്ലാസ്സിൽ. ഒരാൾ പറഞ്ഞു. "സാറേ! അയാൾ കേളൻ മാധവൻെറ അനിയനാ."

മേത്തർ സ്റ്റോഴ്സിൽ നിന്നും ഒരു പിച്ചാത്തി വാങ്ങിയതു് മുഴുവനെ അവൻെറ കയ്യിൽ ഇരുപ്പൊണ്ടു സാർ" വേറൊൾ പറഞ്ഞു. ചിരിയും ക്രുവല്യം, ബഹളവും. സാർ പറയാതെതന്നെ അയാൾ ഇരുന്നു.

പണിക്കർക്കു ഹോട്ടലിൽ കടമായി. പണിക്കാർ ഉറങ്ങാതെ കിടക്കുന്നതുകണ്ടാണു് അന്നു ഞാൻ ഉറങ്ങാൻ കിടന്നതു്. പ്രഭാതമായി. പണിക്കരെ കണ്ടില്ല. അയാളുടേതായി ഒന്നുംതന്നെ അവിടെ കണ്ടില്ല—ഉണ്ടു്—കുറെ ബീഡിക്കുററികൾ മാത്രം. അയാൾ പോയി—എൻെറ മിതമായ ചിലവുകളുടെ മിച്ചവുമായി.

"പ്രിയപ്പെട്ട ചന്ദ്രനു്.

ഞാൻ പോവുകയാണു്. എൻെറ വിദ്യാഭ്യാസം കതിരുകാണാതെ ഇവിടെ അവസാനിക്കയാണു്. നിങ്ങളുടെ അച്ഛൻെറ ഒരു ദിവസത്തെ വിയർപ്പിൻെറ വില—അതു ഞാൻ എടുക്കുന്നു. ക്ഷമിക്കണം

എന്നു നിങ്ങളുടെ പണിക്കർ"

എൻെറ രൂപ പോയതിൽ എനിക്കു ഖേദമില്ല. പേനയില്ലാത്ത എനിക്കു് അയാളുടെ ലേഖനം വച്ചിട്ടു പോയതിൽ സന്തോഷവുമില്ല. അന്നു ഞാൻ കോളേജിൽ പോയില്ല. എൻെറ ഒരു ചേട്ടൻ വേദന നിറഞ്ഞ ഹൃദയവും തടിവികൊണ്ടു് പോയതുപോലെ എനിക്കു തോന്നി.

ഓണം അവധി. ഞാൻ വീട്ടിലെത്തി. നാട്ടുകാർ എന്നെ തുറിച്ചുനോക്കി. "അവൻ ആളായിപ്പോയി" ചിലർ പറഞ്ഞു. ഞാൻ ഒന്നും ആയില്ല, എനിക്കൊരു മാററവും വന്നില്ല. അൽപ്പം വൃത്തിയായി നടക്കാൻ ഞാൻ പഠിച്ചു. അത്രമാത്രം.

എന്നെ കണ്ടപ്പോൾ അമ്മയെന്നെ കെട്ടിപ്പിടിച്ചു. ആ കുഴിഞ്ഞ കണ്ണുകളിൽനിന്നും നീർമുത്തുകൾ മുളച്ചു പൊട്ടിയൊഴുകി. ഒരു പക്ഷേ അമ്മ പ്രതീക്ഷിച്ചതല്ലായിരിക്കാം എന്നെ ഒന്നുകൂടികാണാമെന്നു്.

ഓണത്തിൻെറ തലേദിവസം രാത്രി എൻെറ അമ്മ അവസാനമായി മണ്ണിനെ പുണർന്നു പിറേറദിവസത്തെ ഓണത്തിനൊരുക്കിയതെല്ലാം അവിടെത്തന്നെയായിരുന്നു. ഓണം! ഞങ്ങളുടെ അടുപ്പുപുകഞ്ഞില്ല. ഹൃദയം പുകഞ്ഞുകൊണ്ടേയിരുന്നു. പലഭാഗങ്ങളിൽനിന്നും ഓണപ്പാട്ടുകളും കുരവകളും ഞങ്ങളുടെ വീട്ടിൽ കടന്നുവന്നു് അസുഖമുണ്ടാക്കി. അങ്ങനെയെല്ലാം വെറുത്തു് മരണത്തിൻെറ നിഴലിൽ കണ്ണുനീർ കുടിച്ചു് ഞങ്ങളുടെ ഓണവും ഊഞ്ഞാലാടി.

അമ്മ പോയി. അച്ഛൻ ജോലിക്കു പോകും. ഞാൻ കോളേജിലും. പ്രായമായ എൻെറ ചേച്ചിമാത്രം വീട്ടിൽ! എൻെറ വിദ്യാഭ്യാസവും ആ കതിരുകാണാപ്പക്ഷിയെപ്പോലെയാകുമോ?

പണവും സൗകര്യവും ഇല്ലാത്തവൻ പണിചെയ്തുതന്നെ ജീവിച്ചുകൊള്ളണമെന്നു് ഞാൻ മനസ്സിലാക്കി. എങ്കിലും അച്ഛൻ അനുവദിച്ചില്ല. ഞാൻ കോളേജിൽതന്നെ തുടർന്നു പോകാൻ നിർബന്ധിച്ചു. ഞാൻ പോയി.

ഓമനിച്ചു വളർത്തിയ പത്നിയെയും അഴിച്ചുവിററു. മകൻ ബിരുദധാരിയായിക്കാണാനുള്ള അച്ഛൻെറ ആഗ്രഹം!

നശിക്കുകയാണു് ഉയരാനുള്ള ആഗ്രഹത്തിൽ. ഏകാന്തതയിൽ ചുഴിതെററിയേക്കാം.

"ചുററുപാടുകൾ, ആവശ്യങ്ങൾ, ആഗ്രഹങ്ങൾ, ഇവ മനസ്സിനെ ചീത്തയാക്കുകയില്ലേ?"

"ചീത്തയാക്കാം" ഞാൻ ഞെട്ടിയുണർന്നു. ഇല്ല! ഒന്നുമില്ല. കലക്കിവച്ചിരുന്ന ഒരു കുപ്പി മഷി കാലുതട്ടി കറുത്തു നീലിച്ചു് ഒഴുകിക്കിടക്കുന്നു. അത്രമാത്രം........പിന്നെ ഞാനുറങ്ങിയില്ല. അമ്മയുടെ അസ്ഥിമാടത്തിൽ ഇന്നും ചേച്ചി വിളക്കു വച്ചുകാണും. അച്ഛൻ പകലത്തെ ജോലിയുംകഴിഞ്ഞു ക്ഷീണിച്ചു നടുവിനു കയ്യും കൊടുത്തു് ആ കയററുകട്ടിലിൽ കിടന്നു മകൻെറ ഭാവി സ്വപ്നം കാണുകയായിരിക്കാം!....ഞാൻ പലതും ചിന്തിച്ചു.

X　　X　　X

ഏതാണ്ടു രണ്ടുമാസം കഴിഞ്ഞു. ഒരു രാസത്തെ രൂപ ഹോട്ടലിൽ കൊടുക്കാനുണ്ടു്. അച്ഛൻെറ ഒരു എഴുത്തു കിട്ടി, ഞാൻ പെട്ടെന്നു ചെല്ലണമെന്നു് മാനേജരോടൊരവധിയും പറഞ്ഞിട്ടു. ഞാൻ വീട്ടിലെത്തി. നേരം സന്ധ്യയായിരുന്നു. ഒരു മണ്ണെണ്ണവിളക്കു് മങ്ങിക്കത്തുന്നു. അച്ഛൻ വളരെ ക്ഷീണിച്ചു് ആ കട്ടിലിൽ കിടക്കുന്നു.

"അച്ഛാ" ഞാൻ വിളിച്ചു. അച്ഛൻ പെട്ടെന്നെഴുന്നേററു. ഒരു പെട്ടി എൻെറ നേരെ എറിഞ്ഞു. അതിൽനിന്നും വെള്ളിനാണയങ്ങൾ ഉരുണ്ടുപോയി. "കെട്ടുപോയി പഠിക്കു് നിൻെറ ചേച്ചി നിനക്കുവേണ്ടി സമ്പാദിച്ചതാണു്. പക്ഷെ ഇ....വ....ൾ, ഈ കടുംകൈ പ്രവർത്തിക്കുമെന്നു ഞാനറിഞ്ഞില്ല........" ഒരു ഭ്രാന്തനായി ഞാൻ കിടപ്പിലാണു് വ്യസനവും കോപവും കലർന്ന സ്വരത്തിൽ അച്ഛൻ പറഞ്ഞു.

എനിക്കെല്ലാം മനസ്സിലായി. അനിയൻ മാന്യനായിക്കാണാനുള്ള ചേച്ചിയുടെ ആഗ്രഹം. അനിയനു പണംവേണം, ഒരാരുവഴിയും അവൾ കണ്ടില്ല. അവൾ ചെയ്തതു ശരിയോ തെറ്റോ?

# നിങ്ങൾക്കറിയാമോ?

## 1 അററ്ലസ്

ഭൂപടങ്ങൾ കാണിക്കുന്ന പുസ്തകത്തിന് അററ്ലസ് എന്നു പേരുകിട്ടാൻ കാരണമെന്ത്?

ആഫ്രിക്കയിൽ മൗരിത്താനിയായിലെ രാജാവായ അററ്ലസ് ലോകം മുഴുവൻ തന്റെ ചുമലിൽ താങ്ങിയതായി ഒരു കെട്ടുകഥയുണ്ടല്ലോ ഇതു് അററ്ലസ് പർവ്വതം, ആകാശത്തെ താങ്ങി നിൽത്തത്തക്ക ഉയരമുള്ളതാണെന്നു് കവിതാരൂപത്തിൽ പറയുന്ന ഒരു കഥയാണ്. 'മെർകേറററ്' എന്ന ഫ്ളമിഷ് ശാസ്ത്രജ്ഞൻ 1550-ൽ ഉണ്ടാക്കിയ തന്റെ ഭൂപട പുസ്തകത്തിന്റെ പുറം ചട്ടയിൽ അററ്ലസ് ഭൂഗോളം മുഴുവൻ തന്റെ ചുമലിൽ താങ്ങുന്നതായ പടം കൊടുത്തിരുന്നു. അന്നു വളരെ പ്രചാരത്തിലിരുന്ന ഈ പുസ്തകത്തെ ഭൂപടപുസ്തകം എന്ന പേരിനു പകരം പുറം ചിത്രത്തെ ആസ്പദമാക്കി "അററ്ലസ്" എന്നുതന്നെ എല്ലാവരും പറഞ്ഞുവന്നു. അന്നുമുതൽ ഭൂപട പുസ്തകങ്ങൾക്കെല്ലാം ആ പേരു് പ്രചാരത്തിലായി.

## 2 ആമസോൺ എന്നു പറഞ്ഞാൽ ആരു്?

യുദ്ധത്തിൽ അതിസമർത്ഥയും കുതിര സവാരിയിൽ നിപുണയും ആയ ഒരു പൗരുഷമുള്ള സ്ത്രീയെയാണ് ഇങ്ങനെ വിളിക്കുന്നതു്. ഈ വാക്കിന്റെ അർത്ഥം "സ്തനങ്ങളില്ലാത്ത" എന്നാണ്. ഗ്രീക്കുകഥകളിൽ ആഫ്റിക്കയിൽ ധൈര്യശാലികളും യുദ്ധസാമർത്ഥ്യമുള്ളവരുമായ ഒരു കൂട്ടം സ്ത്രീകളുണ്ടായിരുന്നെന്നു് കാണുന്നുണ്ട്. ഇക്കൂട്ടർക്കു് ഒരു ആൺകുട്ടി ജനിച്ചാൽ അതിനെ ഒന്നുകിൽ കൊന്നു കളകയോ അല്ലെങ്കിൽ അയൽ രാജ്യത്തിലെവിടെയെങ്കിലും വസിക്കുന്ന ആ കുട്ടിയുടെ അച്ഛന്റെയടുക്കൽ അയച്ചുകൊടുക്കയോ ചെയ്യണമെന്നുണ്ടായിരുന്നു. പെൺകുട്ടികളാണെങ്കിൽ അവരുടെ വലതു സ്തനങ്ങൾ വളരാതിരിക്കുന്നതിനുവേണ്ടി കരിച്ചു കളകയോ ഛേദിച്ചു കളകയോ ചെയ്യും. അപ്പോൾ അവർക്കു് യുദ്ധം ചെയ്യുവാൻ അമ്പ് നല്ലതുപോലെ വലിച്ചു് എയ്യുന്നതിനു് സൗകര്യമുണ്ട്.

## "ജോൺബുൾ"

ഒരു ഇംഗ്ലീഷുകാരനെ ഇങ്ങനെ വിളിക്കുന്നതെന്തിനു്?

ഏതൊരു ഇംഗ്ലീഷുകാരനെയും കളിയാക്കി വിളിക്കുന്ന ഒരു പേരാണല്ലോ ഇതു. തെടിപറയാൻ വിരുതനും, ദയാമനാസനും, മൂരിക്കാളയെപ്പോലെ ആക്രാ കീഴടങ്ങാത്തവനുമായ ഒരു കൃഷിക്കാരനാണെന്നാണു് ആ വാക്കിനർത്ഥം. ഇപ്രകാരമുള്ള ഒരു വ്യക്തിയെ 'ഡോ. അർബ്യത്നോട്ട്' തന്റെ ഹാസ്യകൃതിയിൽ ഒരു ഇംഗ്ലീഷുകാരനായി ചിത്രീകരിച്ചിട്ടുണ്ട്. ഈ കൃതിയിൽ ഫ്റഞ്ചുകാരനു് "ലൂയിബാബൂൺ" എന്നും ഡച്ചുകാരനു് നിക്കോളാസ് ഫ്രോഗ് എന്നുമുള്ള ഹാസ്യനാമങ്ങൾ കൊടുത്തിട്ടുണ്ട്.

(ബാബൂൺ എന്നുവെച്ചാൽ പട്ടിയുടെ പല്ലുകളോടുകൂടിയ നീണ്ട മുഖവും തടിച്ച ചുണ്ടും കുറിയ വാലുമുള്ള ഒരു ജാതി കുരങ്ങനാണെന്നർത്ഥം. തവള എന്നർത്ഥമുള്ള 'ഫ്രോഗ്' എന്ന ഇംഗ്ലീഷ് വാക്ക് നമുക്ക് സുപരിചിതമാണല്ലോ)

4 "മല മഹമ്മദിന്റെ അടുക്കലേക്ക് വരുന്നില്ലെങ്കിൽ മഹമ്മദ് മലയുടെ അരികിലേക്ക് പോകും"

താൻ ഉദ്ദേശിക്കുന്ന കാര്യം ശ്രമരഹിതമായി സാധിക്കുന്നില്ലെങ്കിൽ അതു് ലഭിക്കുവാൻ വേണ്ടി അവൻ സർവ്വകഴിവും പ്രയോഗിക്കണം. നാം ആഗ്രഹിക്കുന്നതുപോലെ പ്രവർത്തിക്കുവാൻ സാധിക്കുന്നി

---

"ഹോ ആ കുഴിയിൽ നിന്നിറക്കുമ്പോൾ മണ്ണിടിഞ്ഞുവീണു് ചത്തിരുന്നെങ്കിൽ" അച്ഛൻ വേദനയോടെ അട്ടഹസിച്ചു. ഞാൻ ഞെട്ടിപ്പോയി.

ചേച്ചി അടിവയറും തടവിക്കൊണ്ട് കലങ്ങിയ കണ്ണുമായിരുന്നും ചാരിയിരിക്കുന്നു.

"എങ്കിലും അവർക്കെങ്ങിനെ തോന്നി. ആ പൊതി എന്റെ കയ്യിൽ കൊണ്ടുത്തരാൻ!" അച്ഛൻ വെറുപ്പോടെ പറയുകയാണ്. ശരിയാണെ ഞാൻ നടുങ്ങിപ്പോയി.

ഞാൻ മുററത്തേക്കിറങ്ങി. ഭീകരമായ നിശ്ശബ്ദത എന്റെ വിദ്യാഭ്യാസവും കതിരു കാണാതെ അവസാനിച്ചു. ഞാനപ്പോൾ ആശിച്ചുപോയി അന്നു് ആ പുലി എന്നെയും കടിച്ചു ചീന്തിയിരുന്നെങ്കിൽ

"എങ്കിലും ഇതു വേണ്ടായിരുന്നു ചേച്ചീ" ഞാൻ പിറുപിറുത്തു.

ഒരു പക്ഷിയുടെ ചിറകടി ശബ്ദം കേട്ടു. അടുത്തുള്ള പുളിമരത്തിലിരുന്നു ചോദിക്കയാണ് "ശിരസ്സെപ്പോപ്പോയി" എന്നു്. ശരിയാണ്. ഞങ്ങളുടെ ജീവിതത്തിന്റെ ശിരസ്സ്. അതു് എന്നേക്കുമായി പൊട്ടിത്തെറിച്ചുപോയി.

(യൂണിവേഴ്സിററികോളജ് മാസിക)

അന്തരിച്ചുപോയ വൈദ്യരത്നം പി. എസ്. വാര്യരുടെ

# ആര്യവൈദ്യശാല

ഹെഡ് ആഫീസ്—കോട്ടയ്ക്കൽ, തെക്കേ മലബാർ

ബ്രാഞ്ചുകൾ—കോഴിക്കോട്, പാലക്കാട്, തിരൂർ & ഈറോഡ്.

ഇവിടെ ചിരപരിചയം സിദ്ധിച്ച വിദഗ്ദ്ധന്മാരുടെ മേൽനോട്ടത്തിൽ ആയുർവേദവിധിപ്രകാരമുള്ള മരുന്നുകൾ നിർമ്മിച്ചുവരുന്നു.

ധാര, പിഴിച്ചിൽ, ഞവരക്കിഴി മുതലായ പ്രത്യേക ചികിത്സകൾ പ്രധാന വൈദ്യന്റെ മേൽനോട്ടത്തിൽ കോട്ടയ്ക്കൽവെച്ച് നടത്തുന്നതാണ്.

സർപ്പവിഷം മുതലായ വിഷങ്ങൾക്കുള്ള ചികിൽസയും ഇവിടെ ഏർപ്പാട്ടുണ്ട്.

അധിക വിവരങ്ങൾക്ക് ഹെഡാഫീസിലേക്ക് എഴുതിച്ചോദിക്കുക, ഔഷധപ്പട്ടിക സൗജന്യം

മാനേജർ.

ല്ലെങ്കിൽ നമ്മെക്കൊണ്ട് ആവതും പരിശ്രമിച്ചുനോക്കുക.

മഹമ്മദ് അള്ളായിൽനിന്ന് (ഈശ്വരനിൽ നിന്ന്) തനിക്കു ലഭിച്ച തത്വജ്ഞാനത്തെപ്പററി ആദ്യം പ്രസ്താവിച്ചപ്പോൾ അറബികൾ, രോഷവും ദേഷ്യവും കാണിച്ചതുപോലെ തന്റെ പരിശുദ്ധമായ അമാനുഷിക ശക്തി തെളിയിക്കാൻ എന്തെങ്കിലും അതിൽ തങ്ങളെ കാണിക്കണമെന്ന് ആവശ്യപ്പെട്ടു. ഇത്തരത്തിൽ നിങ്ങൾ ചോദിക്കുന്നത് ഈശ്വരന്റെ ശക്തിയെ പരീക്ഷിക്കുകയാണ്. അതിനാൽ ഫറോവിനോട് ചെയ്തതുപോലെ നിങ്ങളുടെ മേലും തന്റെ കോപാഗ്നി ജ്വലിക്കും എന്ന് മഹമ്മദ് പറഞ്ഞു. പക്ഷെ അറബികൾ ഇതു കേട്ടതുകൊണ്ടൊന്നും തൃപ്തരാകാത്തതിനാൽ അകലെനിന്നിരുന്ന "സാഫാപർവതം എന്റെ അടുക്കലേക്കു വരട്ടെ" എന്ന് ഉച്ചത്തിലാജ്ഞാപിച്ചു. എല്ലാവരുംനോക്കിയിരുന്നിട്ടും മല ഇളകിയില്ല. അപ്പോൾ മഹമ്മദു പറഞ്ഞു. "ഈശ്വരൻ കരുണയുള്ളവനാണ്. മല എന്നെ അനുസരിച്ചിരുന്നെങ്കിൽ അതു് എന്തു ഭയങ്കര അപകടമാകുമായിരുന്നു. ഈ മലയിളകി നമ്മുടെ മേൽ വീണ് എല്ലാവരും നശിച്ചുപോകുമായിരുന്നു. ഏതായാലും അങ്ങനെ സംഭവിക്കാഞ്ഞതു് എത്ര നന്നായി. അതിനാൽ കഠിനഹൃദയരായ ഈ തലമുറയെ നശിപ്പിക്കാതെ അത്യാപത്തിൽ നിന്നു രക്ഷിച്ച ആ കരുണാനിധിയായ അല്ലാഹുവിനെ സ്തുതിക്കാനായി ഞാൻ ആ മലയിലേക്കു കയറിച്ചെല്ലട്ടെയെന്നു പറഞ്ഞു മലമുകളിലേക്കു പോയി.

## ചില മൃഗങ്ങളും അവകുറിക്കുന്നചില സ്വഭാവങ്ങളും

ഉറുമ്പ്—തീററി അതിവേഗം കണ്ടുപിടിക്കാനുള്ള കഴിവ് സാമൂഹ്യസ്നേഹം.

കഴുത—മറയത്തരം

കരടി—ഹീനാകൃതിയും മുരടിച്ച സ്വഭാവവും

തേനീച്ച—പരിശ്രമശീലം

മൂരികാള—ആജ്ജവത്വം

ചിത്രശലഭം—സുഖജീവിതവും വ്യായാമശീലവും

പൂച്ച—കള്ളത്തരവും പതുങ്ങിയ സ്വഭാവവും

പട്ടി—യജമാനസ്നേഹം വൃത്തികെട്ട തഴക്കങ്ങൾ

പ്രാവ്—നിഷ്കളങ്കത നിരുപദ്രവി

കുറുക്കൻ—വക്രബുദ്ധി

മുയൽ—ഭയം, ചഞ്ചല മനസ്സ്

പിടക്കോഴി—ശിശുസംരക്ഷണം

കുതിര—വേഗത,



# എന്തിന് നിങ്ങൾ വിവാഹം കഴിച്ചു?

**രമണി**

ഈയ്യിടെ ഒരു കല്യാണത്തിനു പോയപ്പോൾ പഴയ കുറെ സുഹൃത്തുക്കളെ കാണാനിടയായി. 15 കൊല്ലത്തിനു മുൻപ് ഞങ്ങൾ ഒന്നിച്ചുപഠിച്ച ദിവസങ്ങൾ ഞാൻ ഓർത്തു. എന്നാൽ ഇന്ന് അവരിൽ മിക്കവരും ദാമ്പത്യജീവിതത്തിൽ പ്രവേശിച്ചു. ഇവർ കല്യാണം കഴിക്കാനുണ്ടായ കാരണമറിയാനായി ഞാൻ ഓരോരുത്തരെയും സമീപിച്ചു. ഒരുത്തൻ പറഞ്ഞു. "സ്നേഹിതാ, ഹോട്ടലിലെ ഭക്ഷണം കൊണ്ട് ഞാൻ വിഷമിച്ചു. പിന്നെ എന്റെ മാതാപിതാക്കന്മാർ മരിച്ചുപോകുകയും ചെയ്തു. പിന്നെ എന്നെ അന്വേഷിക്കാനോ എന്റെ ആവശ്യങ്ങൾ നിറവേറ്റിതരാനോ ആരുമില്ലാതെ ഞാൻ വല്ലാതെ വിഷമിച്ചു. അപ്പോൾ ഞാൻ തന്നെ ആലോചിച്ചു നോക്കിയപ്പോൾ വിവാഹം കഴിക്കുന്നതു തന്നെയാണ് അതിനു പറ്റിയ മർഗ്ഗമെന്നു തോന്നിച്ചു. അങ്ങിനെ എനിക്കു പറ്റിയ ഒരു ഭാര്യയെ കണ്ടുപിടിച്ചു. അവൾ പാചകത്തിൽ എത്ര സമർത്ഥയാണെന്നോ? ഇന്നു വൈകുന്നേരം നിങ്ങൾ എന്റെ കൂടെ ഊണുകഴിക്കാൻ വരൂ.

വേറൊരുവൻ പറഞ്ഞു.

സഹോദരാ, ഞാൻ വിവാഹം ചെയ്യണമെന്ന് ഒട്ടും ഉദ്ദേശിച്ചിരുന്നതല്ല. എന്തെങ്കിലും സാമൂഹ്യസേവനത്തിനു് ഇറങ്ങിപ്പുറപ്പെടണമെന്നുതന്നെയായിരുന്നു എന്റെ ആഗ്രഹം. എന്നാൽ എന്റെ വീട്ടിൽ മൂത്തസഹോദരൻ അച്ഛനോടും അമ്മയോടും പിണങ്ങി അവർ വേറെ മാറിത്താമസിക്കാൻ പോകയാണു്. മാതാപിതാക്കന്മാരെ വയസ്സുകാലത്തന്വേഷിക്കാൻ ആരുമില്ല. ഗൃഹജോലികളെല്ലാം മാതാവിനു തന്നെ നോക്കാൻ തക്ക ആരോഗ്യവുമില്ല. അതുകൊണ്ട് അച്ഛൻ എന്നെ വിവാഹം ചെയ്യാൻ വളരെ നിർബന്ധിച്ചു. അല്ലാതെ തന്നെ ഞാൻ എന്റെ ഏകാന്ത ജീവിതത്തെ വെറുത്തും തുടങ്ങിയിരുന്നു.

പിന്നീട് ഞാൻ കണ്ടതു് പുരുഷന്മാരുടെ കീഴിൽ അടിമപ്പെട്ടു് ജീവിക്കാൻ ഇഷ്ടമില്ലാത്തതിനാൽ വിവാഹം വേണ്ടെന്നു വച്ചിരുന്ന ഒരു സ്നേഹിത ഇപ്പോൾ രണ്ടുകുട്ടികളുടെ മാതാവായി അവരൊടൊത്തു് ഉല്ലാസമായി നിൽക്കുന്നതാണ്.

അവരുടെ പഴയ അഭിപ്രായങ്ങളെല്ലാം ഇപ്പോൾ പാടേ മാറിപ്പോയി. 10 കൊല്ലത്തോളം ജോലി നോക്കി ജീവിച്ചെങ്കിലും അവർക്ക് സ്വന്തമായി യാതൊന്നുമില്ല. അവധിക്ക് സ്നേഹിതകളുടെയും ബന്ധുക്കാരുടെയും വീട്ടിലായി സമയം കളയും. എങ്കിലും എന്തോ ഒരു പോരായ്മ. തന്റെ പണത്തെയല്ലാതെ തന്നെ സ്നേഹിക്കാനാരുമില്ലെന്ന് ഒരു തോന്നൽ. തനിക്ക് കുട്ടികളോട് വലിയ ഇഷ്ടമാണെങ്കിലും അവർക്ക് തന്നോട് ഒരു അകൽച്ച. വിവാഹം ചെയ്ത സ്നേഹിതകളാരും അവരുടെ ഭർത്താക്കന്മാർ മർദ്ദകരെന്നു പറയുന്നില്ല. പിന്നെയോ എല്ലാവരിലും വളരെ ബഹുമാനവും സ്നേഹവും ആണ് ദൃശ്യമായതു്. അതുകൊണ്ട് എനിക്കും അനുരൂപനായ ഒരുവനെ കണ്ടുപിടിക്കാൻ തീരുമാനിച്ചു എന്നാണ് പറഞ്ഞതു്. എഴുത്തുകാരൻ രവിയോട് സംസാരിച്ചപ്പോൾ പൊന്നു സോദരാ, എന്നോട് ഇക്കാര്യം ചോദിക്കാതിരിക്കയാണ് നല്ലതു്. ഒരു മറുപടി പറയാൻ അസാദ്ധ്യമായ ഒരു സംഗതിയാണിതു്.

ഏതായാലും വിവാഹം കൊണ്ട് ഞാൻ ഒരു വലിയ സംഗതിസാധിച്ചു. വിവാഹം രണ്ടു ആത്മാക്കൾ തമ്മിലുള്ള ഒരു ഏകീകരണമാണ്. സംശയമില്ല. വളരെ വിഷമതരമായ ഒരു ചുറ്റുപാടിൽ ജീവിച്ചിരുന്ന ഒരു നല്ല പെൺകുട്ടിയെ ഞാൻ സമുദ്ധരിച്ചു.. അവളെ നേർവഴി കാണിച്ചുകൊടുത്തു. ഇപ്പോൾ എന്റെ പ്രിയസഖി അംബുജാക്ഷി ഞാൻ ദിവസേന വായിച്ചു കേൾപ്പിക്കുന്ന എന്റെ കവിതകൾ കേട്ടു രസിക്കും.

എന്റെ അച്ഛൻ ഈ കവിതാഭ്രമം വലിച്ചെറിഞ്ഞു നീ ഒന്നു കല്യാണം കഴിക്കൂ എന്നു് പലപ്പോഴും പറയുമായിരുന്നു. ഇപ്പോൾ കവിതകളെഴുതാതെതന്നെ കവിത ആസ്വദിക്കുന്നതിനു ഒരാളെ എനിക്കു ലഭിച്ചു. എന്താ അതു പോരേ? പിന്നെ കണ്ടതു് ഒരു ധനികനായ സ്നേഹിതനെയാണ്. എന്റെ ശങ്കരേ, നിനക്ക് ലോകത്തിലെ എല്ലാസുഖങ്ങളുമുണ്ടായിരുന്നിട്ടും നീ പിന്നെ എന്തിനാണു് വിവാഹം ചെയ്തതു്.

ശരിയാണ് എനിക്ക് എല്ലാം ഉണ്ടായിരുന്നു ഒന്നിനും കുറവുമി

# നമ്പൂതിരി സ്ത്രീകളും വിവാഹവും

വെണ്മണി ദേവസേന അന്തർജ്ജനം

കഴിഞ്ഞകാലം അരുണയിൽ വിവിധങ്ങളായ വിവാഹരീതികൾ, എന്നലേഖനം വായിച്ചു. അതിൽ നമ്പൂതിരിമാരുടെ വിവാഹരീതി വർണ്ണിച്ചിട്ടുള്ളതിൽ കുറെ പ്രമാദങ്ങളും പാകപ്പിഴയും വന്നുപോയിട്ടുണ്ടു്. ഒരു അനുഭവസ്ഥയുടെ നിലയിൽ ശരിയായ ഒരു രൂപം വരയ്ക്കാൻ ഞാൻ ശ്രമിക്കാം. എന്നാൽ അതിനു് മുമ്പ് നമ്പൂതിരിമാരുടെ വിവാഹ സമ്പ്രദായത്തിലെ മറ്റു ചില വശങ്ങളെപ്പററി ആദ്യമായി പ്രതിപാദിക്കാം. ഒരു പന്തീരാണ്ടിന്നു് മുമ്പുവരെ നമ്പൂതിരി സ്ത്രീകളുടെസ്ഥിതി—പ്രത്യേകിച്ചും വിവാഹ വിഷയത്തിൽ—ദുസ്സഹവും ദുരിതം നിറഞ്ഞതുമായിരുന്നു. അതിനുള്ള പ്രധാന കാരണം വരദൌർല്ലഭ്യമാണു്. ഒരു കുടുംബത്തിൽ എത്ര പുരുഷന്മാരുണ്ടായാലും ഒരാൾ മാത്രമേ സ്വജാതിയിൽ വിവാഹം ചെയ്തിരുന്നുള്ളൂ. മറ്റുള്ളവരെല്ലാം വിജാതിയിൽ സംബന്ധം ചെയ്യുകയാണു് പതിവു്. തന്മൂലം ഉളവായ ഭർത്തൃക്ഷാമത്തെ പരിഹരിക്കാൻ ഒരാൾതന്നെ കൂടുതൽ വേളികഴിക്കാൻതുടങ്ങി. ഒരച്ഛനു് നാലുപുത്രന്മാരും നാലുപുത്രിമാരും ഉണ്ടെന്നു് കരുതുക. പ്രഥമപുത്ര

---

ല്ല,ക്ഷാമമില്ല. പക്ഷേ, ഒരു ഭാര്യമാത്രം ഇല്ലായായിരുന്നു. പട്ടണങ്ങളിലെ മോടിപ്പെണ്ണുങ്ങളെ കൊണ്ടു് ഞാൻ വലഞ്ഞു. എന്റെ ധനം മോഹിച്ചു് ചുററിക്കൂടിയിരുന്ന ഈ കൃത്രിമ സൌന്ദര്യങ്ങൾ കാണുമ്പോൾ എനിക്കു തലവേദനയുളവാകുമായിരുന്നു. ചിലർ എന്നെത്തന്നെ സ്നേഹിക്കുന്നവരുമുണ്ടു്. പക്ഷേ എന്റെ ഭാവനയ്ക്കൊത്ത ഒരു സ്ത്രീയെ കാണാൻ കഴിഞ്ഞില്ല എന്നാൽ ലക്ഷ്മിയെ കണ്ടപ്പോൾ തന്നെഞാൻ ആകൃഷ്ടനായി. അവളുടെ ലളിതസുന്ദരമായ നടത്തയുംമറ്റും എനിക്കുനന്നെ പിടിച്ചു. പാശ്ചാത്യ സൌന്ദര്യ സാധനങ്ങളൊന്നും ഇല്ലാതെ, തിളങ്ങുന്നസാരിയോ മണം വീശുന്ന സെൻറുകളൊ, ഉയർത്തിപ്പിടിച്ച മുടിയോ ഇല്ലെങ്കിലും അവളുടെ പ്രകൃതിസുന്ദരമായ ഓമന മുഖവും വടിവൊത്ത ശരീരവും അതിലുപരിയായി കളങ്കമററ സംഭാഷണവും എന്നെ വല്ലാതാകർഷിച്ചു. രണ്ടുമൂന്നു ദിവസത്തെ സംസാരം കൊണ്ടുതന്നെ അവൾ എനിക്കു പററിയവളാണെന്നു് ബോദ്ധ്യമായി. മറെറാരുത്തൻ പറഞ്ഞു സ്നേഹിതാ ഞാൻ എന്റെ നാട്ടിൽ വച്ചു വഷളായി നടന്നു് ചീത്തപേരു സമ്പാദിച്ചു–പിന്നെ ജോലിക്കു് അന്യനാട്ടിൽ താമസിക്കവേ എന്റെ പ്രേയസിയുമായി കണ്ടുമുട്ടി–ഞങ്ങൾ അന്യോന്യം പ്രേമബദ്ധരായി–ഏതായാലും വീട്ടുകാരും അനുവദിച്ചു വിവാഹവും നടന്നു. വാസുവാണെങ്കിൽ ഇത്തരത്തിലൊന്നുമല്ല വിവാഹം ചെയ്യാനുള്ള കാരണം വളരെ ചെറുപ്പത്തിൽ തന്നെ അച്ഛനമ്മമാർ തമ്മിൽ നിശ്ചയിച്ചുറച്ചു് വച്ചിരുന്നതാണു് സുമതി വാസുവിന്റേതായിരിക്കണമെന്നു്. പ്രായം തികഞ്ഞ ശേഷവും അവർ തമ്മിൽ സഹോദരസ്നേഹത്തോടെ വർത്തിച്ചിരുന്നവരാണു്, ഒരു ഭാര്യാഭർത്തൃ സ്നേഹം വാസുവിനു് അന്നും ഇന്നും തോന്നുന്നില്ല. എങ്കിലും സ്വത്തു് അന്യാധീനമാകാതിരിക്കാൻ മുതിർന്നവരെ അനുസരിക്കേണ്ടതായി വന്നു.

എന്നാൽ ഇപ്പോൾ ഞാൻ ക്ഷണിക്കപ്പെട്ടിരിക്കുന്ന ഈ വിവാഹം എങ്ങിനെ യെന്നോ? അതാണു് ബഹുരസം – ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഇതെവരെ കണ്ടിട്ടില്ല പെൺകുട്ടിക്കു് വരനെ അത്ര പിടിച്ചില്ലെന്നു പറയുന്നതുകേട്ടു്–തിരുകൊച്ചിക്കു് വെളിയിലുള്ള ജോലിയല്ല, വിദ്യാഭ്യാസം പോരാ, Personality പോരാ യെന്നും മററും അനവധി കുററങ്ങൾ. പിന്നെ അച്ഛനമ്മമാരില്ലാത്തതിനാലും കാണാൻ മേശമായതിനാലും, പ്രായം കവിഞ്ഞു നിൽക്കുന്നതിനാലും, സഹോദരന്മാർക്കു് വല്ലതരത്തിലും തലയിൽ നിന്നും ഭാരം ഒഴിക്കാനായി കുറെ പണം കൊടുത്തായാലും ശരി നടക്കട്ടെയെന്നു വച്ചു. വേണ്ടെന്നു ശാഠ്യം പിടിച്ചാൽ ഇനിയും നിന്നുപോയേക്കുമല്ലോ എന്നു ഭയന്നു് പെൺകുട്ടി സമ്മതം അരമനസ്സാലെ മൂളിയിരിക്കയാണു്. വരൻ തനിക്കുള്ള വൈകല്യങ്ങളോർത്തും ധനികനാണെങ്കിലും പണമോഹം നിമിത്തം വലിയോരുതുക കിട്ടുമെന്നതിനാൽ മൌനാനുവാദം നൽകി–ഇവരുടെ വിവാഹാനന്തര ജീവിതം ഏതുതരത്തിലാകുമോ എന്തോ?

ഈശ്വരനറിയാം. ഇതൊക്കെ കണ്ടിട്ടും എനിക്കു വിവാഹം ചെയ്യുന്നതിൽ ഇതുവരെ അനുകൂലാഭിപ്രായം ഉണ്ടാകുന്നതുമില്ല.–

ന്റെ വിവാഹത്തോടുകൂടി ഒരു പുത്രിയുടെ വിവാഹം നടക്കുന്നു, ബാക്കിയുള്ളവർ അവിവാഹിതരായി ഇരിക്കുന്നു. നമ്പൂതിരിസമുദായത്തിൽ ഈ അവസ്ഥ സാർവ്വത്രികമായിത്തീർന്നപ്പോൾ മാററത്തിനല്ലാതെ വേളിനടക്കില്ലെന്നു വന്നു. അപ്പോൾ ജ്യേഷ്ഠപുത്രനു് എത്ര സഹോദരിമാരുണ്ടോ അത്രയും വിവാഹം ചെയ്യാതെനിവൃത്തിയില്ലാതെയായി. പലപ്പോഴും അച്ഛനു് മക്കൾക്കുവേണ്ടിയും വേളി കഴിക്കേണ്ടിവരും. തന്മൂലം യുവതികളായ വിധവകൾ വർദ്ധിച്ചുവശായി. ക്രമേണ സപത്നികളുടേയും വൃദ്ധ കന്യകമാരുടെയും വിധവകളുടേയും വിഹാരരംഗങ്ങളായി മിക്കനമ്പൂതിരിഗൃഹങ്ങളും. നമ്പൂതിരി സ്ത്രീകളിൽ 50. ശതമാനവും ഇവയിൽ ഏതെങ്കിലും ഒന്നിൽ കുടുങ്ങിഞെരിയുന്നവയായിത്തീർന്നു.

എന്നാൽ യോഗക്ഷേമസഭയുടെയും യുവജനസംഘത്തിന്റെയും 35 കൊല്ലത്തെ നിരന്തര പരിശ്രമഫലമായി അടുത്തകാലത്തു് ഈ ദുർവ്വഹ ദുസ്ഥിതിക്കു് വലിയമാററം വന്നിട്ടുണ്ടു്. മുമ്പ് വേളികഴിച്ചു കൂട്ടുന്നതു് പെങ്കൊടയ്ക്കും, കടവുകെട്ടാനും, ആനയെ മേടിക്കാനും, കടം വീട്ടാനും മററുമായിരുന്നു. സന്തത്യർത്ഥവും വേളികഴിച്ചിരുന്നു. ഇന്നു് വിവാഹം ചെയ്യുന്നതു് ഭാര്യയെ ലഭിക്കുവാൻ വേണ്ടിയാണു്. ഞങ്ങളുടെ ഇടയിൽ ഇന്നു് വിധവാവിവാഹവും നടപ്പായിട്ടുണ്ടു്. 20 കൊല്ലംമുമ്പു സമുദായത്തിൽ ആദ്യമായി ഒരു വിധവാവിവാഹം നടന്നപ്പോൾ ആകാശം അടർന്നുവീഴുമെന്നും അംബുധി അതിരുവിട്ടുമെന്നും പർവ്വതം പൊട്ടിത്തെറിക്കുമെന്നും ഏവരും ഭയപ്പെട്ടു. ഒന്നും സംഭവിച്ചില്ല. ഇന്നു് വിധവാവിവാഹത്തിൽ വൈദികനും പങ്കുകൊള്ളാം,

അധിവേദനം (രണ്ടും മൂന്നുംവേളി) നിയമം മൂലം തടയപ്പെട്ടിട്ടുണ്ടു്. നമ്പൂതിരിയുവാക്കന്മാർ മിക്കവാറും സ്വജാതിയിൽത്തന്നെ വിവാഹം ചെയ്തുതുടങ്ങി. തന്മൂലം കൂട്ടുകുടുംബം വിട്ടു് ഭാഗം വാങ്ങി സ്വപ്രയത്നത്താൽ സൈ്വരജീവിതം നയിക്കുന്ന നമ്പൂതിരിഗൃഹങ്ങൾ നിരവധിയായി. നമ്പൂതിരി സ്ത്രീകൾ ആചാരങ്ങളുടേയും അന്ധവിശ്വാസങ്ങളുടേയും മർക്കടമുഷ്ടികളിൽ നിന്നു് വിമുക്തകളായി. അവർ കരിപുരണ്ട "അടുക്കളയിൽ നിന്നും അരങ്ങത്തേക്കു്" വിശാലലോകത്തിലേക്കു്— ആനയിക്കപ്പെട്ടു. നമ്പൂതിരി വിദ്യാലയത്തിൽ കൂടിയാണെങ്കിലും ഇന്നു് മിക്ക സ്കൂളുകളിലും കാളേജുകളിലും നമ്പൂതിരി സ്ത്രീകളെ കാണാം. അല്പം ചില ഉദ്യോഗങ്ങളിലും ഇന്നവർ കയറിപ്പററിയിട്ടുണ്ടു്. ചുരുക്കത്തിൽ നമ്പൂതിരിസ്ത്രീകളും ഇന്നു് മനുഷ്യസ്ത്രീകളായി.

ഞങ്ങളുടെ വിവാഹവിഷയത്തിൽ ഇനി ഒരുശാപമായി നിൽക്കുന്നതു് സ്ത്രീധനസമ്പ്രദായമാണു്. അതു് മക്കത്തായത്തിന്റെ ശാശ്വതദോഷമണെന്നു് വേണം കരുതാൻ. രണ്ടായിരം മുതൽ പന്തീരായിരംരൂപാവരെ സ്ത്രീധനം കൊടുത്തുവരുന്നുണ്ടു്. കേന്ദ്രഗവണ്മെന്റിന്റെ ഹിന്ദുവിവാഹനിയമംമൂലം ഈ ദുഷിച്ച സമ്പ്രദായത്തിനു് ശാശ്വതപരിഹാരം കിട്ടുമെന്നു് സമാശ്വസിച്ചിരിക്കയാണു്.

ഇനിഞങ്ങളുടെ വിവാഹസമ്പ്രദായത്തെപ്പററി വിവരിക്കാം. വധൂവരന്മാരുടെ കുടുംബസ്ഥിതി, പ്രായം, മുതലായ സാധാരണമട്ടിലുള്ള അന്വേഷണങ്ങൾക്കു് ശേഷം ജാതകം പൊരുത്തപ്പെട്ടാൽ മുഹൂർത്തം നോക്കി ദിവസം നിശ്ചയിക്കുന്നു. മാററമല്ലെങ്കിൽ സ്ത്രീധനസംഖ്യയും നിജപ്പെടുത്തുന്നു. 'അയിനൂണ്' മുതൽക്കാണു് ക്രിയ—വിവാഹദീക്ഷ— ആരംഭിക്കുന്നതു്. ഇതു് വിവാഹദിവസമോ തലേദിവസമോ സൗകര്യംപോലെ മുൻകൂട്ടിനിശ്ചയിച്ചിരിക്കും. വധൂവരന്മാരുടെ ബന്ധുക്കൾക്കും സമീപസ്ഥന്മാർക്കും ക്ഷണക്കത്തു് അയയ്ക്കുന്നതു് അയിനൂണിനു കാലത്തു് കുളിക്കാൻ തക്കവണ്ണം എത്തിച്ചേരണമെന്നാണു് അന്നു കാലത്തു വരൻ വിളക്കും നിറപറയും വച്ചതിന്റെ മുമ്പിലിരുന്നു് ക്ഷൗരം ചെയ്തു് എണ്ണതേച്ചു കുളിക്കണം. പ്രത്യേകപൂജാവിധിയും സദ്യയും ഉണ്ടായിരിക്കും. വരൻ തറവാട്ടുത്തു് കുലദൈവങ്ങളേയും ഗുരുകാരണവന്മാരേയും വച്ചു് ബന്ധുക്കൾക്കും സമീപസ്ഥന്മാർക്കും അഭിവാദ്യം (ദക്ഷിണ) ചെയ്യുന്നു. പിന്നീടുള്ള ചടങ്ങനുസരിച്ച ഭക്ഷണത്തിനാണു് അയിനൂണ് എന്നു് പറഞ്ഞുവരുന്നതു്. വരൻ ഭക്ഷണം കഴിക്കുന്ന അതേ മുഹൂർത്തത്തിൽത്തന്നെ വധുവും സ്വല്പം വ്യത്യസ്തമായ ചടങ്ങുകളോടുകൂടി വധൂഗൃഹത്തിൽ അയിനൂണു് നടത്തുന്നുണ്ടാവും. ഭക്ഷണത്തിനു് മുമ്പു തന്നെ വരൻ സർവ്വാലംകൃതനായിരിക്കും. പിന്നീടു് ശിരസ്സിൽ ഒരു തുളസിമാല കെട്ടി അതിൽ മലർ നിരക്കും. ഇതു് വധൂഗൃഹത്തിലേക്കു പുറപ്പെടുന്നതിനുള്ള ഒരു മംഗളകർമ്മമാണു്. പുറപ്പെടുന്ന അവസരത്തിൽ ആർപ്പു്, കുരവ തുടങ്ങിയ ശുഭശബ്ദങ്ങൾ മുഴക്കും. ഇടത്തു് ചുമലിൽ അലക്കിയ മുണ്ടു് മടക്കിയിട്ടു് വലത്തു് കയ്യിൽ ഓലക്കുടയുമായി മംഗളസൂക്തങ്ങൾ ചൊല്ലി പുറത്തേക്കു് കടക്കുന്നു. പടിക്കൽ അഭിമുഖമായി ശുഭശകുനദ്യോതകങ്ങളായ 'കയറിട്ട കാള പശുവും' വരുന്നുണ്ടാവും. ഇപ്രകാരം വരൻ വധൂഗൃഹത്തിലേക്കു് യാത്രയായി.—. (ശേഷംമറെറാരുലക്കത്തിൽ വിവരിക്കാം.)




# കലാകാരൻ തൊഴിലാളികളുടെ പറുദീസായിൽ

രവീന്ദ്രനാഥ ടാഗോർ

"ഉപയോഗ"മുള്ള പണിയിൽ വിശ്വസിക്കാത്ത ഒരാളായിരുന്നു അവൻ. പ്രയോജനമുള്ള ജോലിയൊന്നുമില്ലാതിരുന്നതിനാൽ യഥേഷ്ടം ചില വികൃതികൾ ചെയ്തുകൊണ്ടിരുന്നു. പുരുഷന്മാർ, സ്ത്രീകൾ, കൊട്ടാരങ്ങൾ എന്നിവയുടെ രൂപങ്ങൾ അയാൾ കൊത്തി. മണ്ണുകൊണ്ടു പല രൂപത്തിലുള്ള സാധനങ്ങൾ നിർമ്മിച്ച് അതിന്മേൽ സമുദ്രത്തിൽനിന്നു ലഭിക്കുന്ന ശംഖുകൾ പതിച്ചു. അവൻ ചിത്രങ്ങൾ വരച്ചു. അങ്ങനെ പ്രയോജനമില്ലാത്ത കാര്യങ്ങൾക്കായി അവൻ അവന്റെ സമയം മുഴുവൻ ചെലവഴിച്ചു. ജനങ്ങൾ അവനെ നോക്കി ചിരിച്ചു. ഈ യഥേഷ്ട വിനോദം വലിച്ചെറിയുമെന്ന് അവൻ പല പ്രാവശ്യം ശപഥം ചെയ്തു. പക്ഷേ, അവന്റെ ഹൃദയത്തിൽ അവ പററിപ്പിടിച്ചു കിടക്കും.

പുസ്തകം വായിക്കയില്ലെങ്കിലും പരീക്ഷയിൽ ജയിക്കുന്ന കുട്ടികളുണ്ട്. അതുപോലെയൊരു സംഭവം അവന്റെ കാര്യത്തിലും സംഭവിച്ചു. അവൻ ജീവിതം മുഴുവൻ പ്രയോജനമില്ലാത്ത ജോലി ചെയ്തു കഴിഞ്ഞുകൂടിയെങ്കിലും മരണത്തിനു ശേഷം സ്വർഗ്ഗത്തിന്റെ കവാടങ്ങൾ അവനു തുറന്നു കിട്ടി.

എന്നാൽ ചലിക്കുന്ന അംഗുലികൾ സ്വർഗ്ഗത്തിലും ചലിച്ചുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ, അവനെ സൂക്ഷിച്ചുകൊണ്ടിരുന്ന സ്വർഗ്ഗദൂതൻ അബദ്ധത്തിൽ അവനെ തൊഴിലാളികളുടെ പറുദീസയിലേക്കു അയച്ചു.

X X X

ഈ പറുദീസായിൽ വിശ്രമം ഒഴികെയുള്ളതെല്ലാം ലഭ്യമാണ്. "ദൈവമേ, ഞങ്ങൾക്ക് ഒരു നിമിഷം മെനക്കേടില്ല" എന്നു പുരുഷന്മാർ പറയുന്നു. "നമുക്കു വേഗത്തിൽ പ്രവർത്തിക്കാം സമയം പറന്നുപോവുകയാണ്." എന്നു സ്ത്രീകൾ പൊറുപൊറുക്കുന്നു. എല്ലാവരും വിളിച്ചു പറയുന്നതു "സമയം വിലയേറിയതാണ്" എന്നാണ്. ഞങ്ങൾക്കു മുഴുവൻ സമയവും ജോലിതന്നെ. ഓരോ നിമിഷവും ഞങ്ങൾ ഉപയോഗപ്പെടുത്തുന്നു.

അവർ ദീർഘനിശ്വാസത്തോടെയാണ് ഇതെല്ലാം പറയുന്നത്. എങ്കിലും ഈ വാക്കുകൾ അവരെ സന്തുഷ്ടരും സമുന്നതരും ആക്കുന്നു.

ഈ പുതിയ ആൾ ഇതേവരെ ഉപയോഗമുള്ള ഒരു ജോലിയും ചെയ്യാതെ ഭൂമിയിൽ കഴിച്ചുകൂട്ടിയ അവൻ—തൊഴിലാളികളുടെ പറുദീസയിലെ വ്യവസ്ഥിതിയുമായി പൊരുത്തപ്പെട്ടില്ല. അവൻ പെരുവഴികളിൽ ഉദാസീനനായി നടന്നു. വഴിയെ പോകുന്നവരുമായി സംസാരിപ്പാൻ ശ്രമിച്ചു. പച്ചപ്പുൽപ്പരപ്പിൽ അവൻ മലർന്നു കിടന്നു. കാര്യവ്യഗ്രതയുള്ള കൃഷിക്കാർ അവനെ ശല്യപ്പെടുത്തി. എല്ലാവരുടെയും മാർഗ്ഗത്തിൽ അവൻ ഒരു തടസ്സമായി അനുഭവപ്പെട്ടു.

തന്റെ പാത്രത്തിൽ വെള്ളം നിറയ്ക്കുന്നതിനുവേണ്ടി ഒരു നിശ്ശബ്ദ പ്രവാഹത്തിന്റെ സമീപത്തേക്ക് ഒരു പെൺകുട്ടി ദിവസേന പൊയ്ക്കൊണ്ടിരുന്നു. (തൊഴിലാളികളുടെ പറുദീസയിൽ ഒരു കാട്ടരുവിപോലും പാട്ടുപാടി ശക്തി പാഴാക്കുകയില്ല.

(8-ാം പേജിൽ നിന്നു തുടർച്ച)

ത്ഥ്യപ്രതീതിയും പ്രദാനം ചെയ്യുന്നു. "ബൈസക്കിൾ തീഫ്", മിറക്കിൾ ഓഫ് മിലാൻ" എന്നീ ഇററാലിയൻ കഥകളും ഇത്തരം ഫിലിമുകളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു.

## കുട്ടികളുടെ കഥകൾ

ജാൻസി കി റാണി, ദോ ബീഗാ സമീൻ മുതലായി കുട്ടികൾ അഭിനയിച്ചിട്ടുള്ള പല കഥകളിലും കുട്ടികൾക്കു സുപ്രധാനമായ ഒരു ഭാഗമുണ്ട്.

ഇൻഡ്യയും ഇംഗ്ലണ്ടിലേതുപോലെ കുട്ടികൾക്കായി കലാസംഘങ്ങൾ രൂപവൽക്കരിക്കേണ്ടതാണ്. ഗവണ്മെൻറിന്റെ സഹായസഹകരണങ്ങൾ ഇതിനത്യന്താപേക്ഷിതമാണ്. വളരെയധികം പറഞ്ഞു കഴിഞ്ഞു. കുറച്ചേ ചെയ്തു തീർത്തിട്ടുള്ളു. കുട്ടികളുടെ കലാവാസനയെ അഭിവൃദ്ധിപ്പെടുത്തുവാൻ ശ്രമിക്കേണ്ടതു് ഏററവും അത്യാവശ്യമാണ്.

ഒരു വീണയുടെ കമ്പികളിന്മേൽ ദ്രുതതരം ചലിച്ചുകൊണ്ടിരിക്കുന്ന വിദഗ്ധമായ അംഗുലികളുടെ ചലനംപോലെയായിരുന്നു. ആ നഗരവീഥിയിൽ ആ പെൺകുട്ടിയുടെ നടപ്പ്. അവളുടെകേശഭാരം അഴിഞ്ഞുലഞ്ഞു കിടന്നിരുന്നു അവളുടെ നയനങ്ങളുടെ നീലിമപൂണ്ട വിസ്മയഭാവം ദർശിക്കുവാൻ മൂന്നു നാലു തലമുടികൾ അവളുടെ നെററിത്തടത്തിലേക്ക് വീണു കിടന്നിരുന്നു.

അലസൻ അരുവിയുടെ സമീപം നിൽക്കുകയായിരുന്നു. ഏകനായ ഒരു തെണ്ടക്കാരനെ ഒരു രാജകുമാരി കണ്ടു് മനസ്സലിയുന്നതുപോലെ ആ അലസനെ കണ്ടു് പ്രയത്നവ്യഗ്രതയേറിയ അവളുടെ മനസ്സലിഞ്ഞു.

"ആ–ഹാ" അവൾ വിളിച്ചു പറഞ്ഞു. നിങ്ങൾക്കു് ജോലിയൊന്നുമില്ലേ?

നെടുവീർപ്പോടുകൂടി അവൻപറഞ്ഞു. "ജോലിയോ! ജോലി ചെയ്യുവാൻ എനിക്കു് ഒട്ടും സമയമില്ല."

അവന്റെ വാക്കുകൾ മനസ്സിലാകാത്ത അവൾ പറഞ്ഞു. "നിങ്ങൾക്കു് ഇഷ്ടമെങ്കിൽ ഞാൻ ഒരു ജോലി തരാം.

അവൻ— നിശ്ശബ്ദനിർഝരിയുടെ കുമാരി, നിന്നിൽ നിന്നു് എന്തെങ്കിലും ജോലി സ്വീകരിക്കാൻ ഇതേവരെ ഞാൻ കാത്തിരിക്കുയായിരുന്നു.

അവൾ—ഏതുതരം ജോലിയാണു് നിങ്ങൾ ഇഷ്ടപ്പെടുന്നതു്.?

അവൻ— "നിശ്ശബ്ദ നിർഝരിയുടെ കുമാരി, നിന്റെ പാത്രങ്ങളിലൊന്നു് എനിക്കു തരുമോ?"

അവൾ–ഒരു പാത്രം!ഒരുപക്ഷെ ജലപ്രവാഹത്തിൽ നിന്നു് വെള്ളം കോരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടായിരിക്കും.

അവൻ—"അല്ല ഞാൻ നിന്റെ പാത്രത്തിന്റെ മേൽ ചിത്രങ്ങൾ വരയ്ക്കാം.

പെൺകുട്ടി വിസ്മയസ്തബ്ധയായി.

അവൾ—നിങ്ങളെ പ്പോലെയുള്ളവർക്കുവേണ്ടി സമയം ചെലവാക്കാൻ ഞാൻ സന്നദ്ധമല്ല. ഞാൻ പോവുകയാണു്.

അവൾപോയി.

ഒരു ജോലിയും ചെയ്യുവാനില്ലാത്തവനെ ഒരു അദ്ധ്വാനശീല എങ്ങനെസഹായിക്കും? എല്ലാം ദിവസവും അവർതമ്മിൽ കണ്ടു. എല്ലാ ദിവസവും അവൻ അവളോടു് ഇങ്ങനെ ചോദിച്ചു:–നിശ്ശബ്ദ നിർഝരീ കുമാരി, നിന്റെ പാത്രങ്ങളിൽ ഒന്നെനിക്കു തരൂ. ഞാൻ അതിന്മേൽചിത്രങ്ങൾവരയ്ക്കാം.

ഒടുവിൽ അവൾ അവന്റെ അപേക്ഷയ്ക്കു വിധേയയായി. അവളുടെ പാത്രങ്ങളിൽ ഒന്നു് അവനു നൽകി. അവൻ ആ പാത്രത്തിന്മേൽ വരയ്ക്കാൻ തുടങ്ങി. ഒന്നിനു പുറകേ ഒന്നായിഅനേകം വരകൾ അവൻ വരച്ചു. ഓരോരോ വർണ്ണങ്ങൾ അവൻ അവയ്ക്കുനൽകി.

അവൻ വരച്ചു കഴിഞ്ഞപ്പോൾ അവൾ പാത്രം എടുത്തു സൂക്ഷിച്ചുനോക്കി. അവളുടെ കണ്ണുകൾ അമ്പരന്നു. അവളുടെ പുരികങ്ങൾ ചുളിഞ്ഞു. അവൾ പറഞ്ഞു:—ഇതിന്റെയൊക്കെ അർത്ഥമെന്തു്? ഈ വരകളും നിറങ്ങളും! ഇതിന്റെ ഉദ്ദേശ്യമെന്തു്?

X X X

അവൻ പൊട്ടിച്ചിരിച്ചു. ഒരു ചിത്രത്തിനു് ഒരർത്ഥവുമുണ്ടായിരിക്കണമെന്നില്ല. ഒരു പ്രയോജനവുമുണ്ടായിരിക്കയില്ല.

X X X

ആ പെൺകുട്ടി പാത്രവും വഹിച്ചുകൊണ്ടുപോയി. വീട്ടിൽ ചെന്നു് സ്വകാര്യമായി വെളിച്ചത്തു പിടിച്ചു് തിരിച്ചും മറിച്ചും ചരിഞ്ഞും തിരിഞ്ഞും നോക്കി.രാത്രിയിൽ അവൾ കിടക്കയിൽ നിന്നെഴുന്നേറ്റു് വിളക്കുകത്തിച്ചു വീണ്ടും നിശ്ശബ്ദമായി നോക്കി. ഒരുദ്ദേശ്യവും ഒരു പ്രയോജനവുമില്ലാത്ത ഒരു വസ്തു ആദ്യമായിട്ടാണു് അവൾ കാണുന്നതു്.

അടുത്ത ദിവസം അവൾ ജലപ്രവാഹത്തിങ്കലേക്കു പോയപ്പോൾ അവളുടെ കാലുകൾ മുമ്പത്തെപ്പോലെ വേഗത്തിൽ നീങ്ങിയില്ല. കാരണം അവളുടെ മനസ്സിൽ ഒരു പുതിയ ബോധം ഉണർന്നു കഴിഞ്ഞു. ഒരുദ്ദേശ്യവും ഒരുപ്രയോജനവും ഇല്ലാത്ത ഒരുബോധം.

കലാകാരൻ ജലപ്രവാഹത്തിന്റെ സമീപം നിൽക്കുന്നതുകണ്ടു് അവൾ ചോദിച്ചു. പിന്നെന്താ,എന്താണു നിങ്ങൾക്കു വേണ്ടതു്.?

അവൻ–".നിങ്ങളിൽ നിന്നു് എന്തെങ്കിലും ജോലി."

അവൾ–എന്തുജോലിയാണു് നിങ്ങൾ ഇഷ്ടപ്പെടുന്നതു്.

അവൻ–നിന്റെ തലമുടിക്കു് നിറമുള്ള ഒരു റിബൺ ഞാനുണ്ടാക്കട്ടെ.

അവൾ–അതെന്തിനു്?

അവൻ–വെറുതെ.

റിബ ബൺ നിർമ്മിക്കപ്പെട്ടു. വർണ്ണങ്ങളാൽ അലംകൃതമായി റിബ്ബൺ. ഈ റിബ്ബൺ തലമുടിയിൽ കെട്ടുന്നതിനു് ദിവസേന തൊഴിലാളികളുടെ പറുദീസായിലെ വിശ്രമരഹിതയായ പെൺകുട്ടി വളരെ നേരം ചെലവഴിച്ചു. പ്രയോജനമില്ലാത്ത നിമിഷങ്ങൾ കടന്നു പോയി. പല ജോലികളും ചെയ്തു തീക്കാതെ കിടന്നു.

X X X

തൊഴിലാളകികളുടെ പറുദീസായിൽ ജോലി പലതും മുടങ്ങി. മുമ്പു് ഉത്സാഹ ശീലന്മാരായിരുന്നവർ് ഇപ്പോൾ വെറുതേയിരിക്കാൻ തുടങ്ങിയിരിക്കുന്നു. ചിത്ര മെഴുത്തു്

# ആഫ്റിക്കയിലെ ഹിഡുംബികളും താടകമാരും

മാടശ്ശേരി മാധവവാരിയർ

ആദികാലം മുതൽ തന്നെ സ്ത്രീകളും യുദ്ധത്തിൽ പങ്കെടുത്തതായി പഴങ്കഥകൾ ഘോഷിക്കുന്നുണ്ട്. എല്ലാരാജ്യത്തും. കഥമാത്രമല്ല കാര്യമായിത്തന്നെ ഒരു സ്ത്രീസേന 19-ാം നൂററാണ്ടിന്റെ അവസാനം വരെ ആഫ്റിക്കയിൽ ഉണ്ടായിരുന്നു. ഈ സേനയ്ക്കു് രണ്ടു് നൂററാണ്ടിലെ പാരമ്പര്യവും ഉണ്ടായിരുന്നു. ചില സംസ്കൃതനാടകത്തിൽ എന്നതുപോലെ രാജാവിന്റെ ദേഹരക്ഷയ്ക്കുമാത്രമല്ല ഇവർ ഉപകരിച്ചതും. രാജ്യരക്ഷയ്ക്കു് ഇവരെ നമ്പിയാണ് ആ നാട്ടിലെ രാജക്കന്മാർ ജീവിച്ചിരുന്നതും.

ആറടിപൊക്കം. വാൾത്തട്ടത്തു പൊലെയുള്ള ഉടൽ. നീലക്കുപ്പായം. വെളുത്ത തൊപ്പി. മുതലായമുദ്രയാണ് ഇവരുടെ കൊടിയടയാളം. ഈ വേഷത്തിൽ അട്ടഹസിച്ചുകൊണ്ടുവരുന്ന ഈ പട്ടാളക്കാരെ ആ നാട്ടിലുള്ളവൎക്കു് ഏറെ ഭയമായിരുന്നു. നീഗ്രോവർഗ്ഗക്കാരായ ഈ പെൺപടയെ പടക്കളത്തിൽ വച്ചു മാത്രമേ പുരുഷന്മാർ നേർക്കു് കണ്ടിരുന്നുള്ളൂ. പട കടന്നുപോകുന്നുണ്ടെന്നു് അറിയിക്കാൻ ഒരു പട്ടാളക്കാരി മുന്നിൽ മണിയും കിലുക്കിക്കൊണ്ടു് നടക്കും. ആ ശബ്ദം ശ്രവിച്ചാൽ പുരുഷന്മാർ എല്ലാവരും പുറം തിരിഞ്ഞു നിന്നു കൊള്ളണം. അല്ലാതെ വല്ലതിന്നും പുറപ്പെട്ടാൽ കൊല്ലുക എന്നതാണ് കുറഞ്ഞ ശിക്ഷ. ഈ നാരീസേനയിൽ ഉള്ള വല്ലവരും ആയി ബന്ധം പുലർത്താൻ അരചൻ ഒഴികെ വല്ലവരും ശ്രമിച്ചാൽ പിന്നെ അയാൾക്കു് ആയുസ്സില്ല.

ഈ ഹിഡുംബികളുടെ പരിശീലനവും വിചിത്രമായിരുന്നു. മുള്ളുമുരിക്കിൽ നഗ്നപാദകളായി വലിഞ്ഞു കയറുക എന്നതാണ് ആദ്യത്തെ അഭ്യാസം. കാലിന്റെ വെള്ളയോ ദേഹമോ കീറി മുറിഞ്ഞാലും കരയുകയോ കണ്ണീർ കാണിക്കുകയോ അരുതു്. ഇങ്ങനെ തുടങ്ങുന്ന അഭ്യാസം ആറു കൊല്ലം നീണ്ടു നിൽക്കും. പഠിച്ചു് പണിക്കത്തികളായ 2500 പട്ടാളക്കാരികൾ ഈ സേനയിൽ എന്നും ഉണ്ടായിരുന്നു.

യുദ്ധരംഗത്തിൽ ഇവരോളം വീര്യവും ശൗര്യവും മറെറാരു പടയും കാണിച്ചിരുന്നില്ല. ഈ നാരീസേനകളെ സംഘടിപ്പിച്ചതും വെറും ഒരു ആകസ്മികസംഭവം കൊണ്ടു മാത്രമാണ്.

ആഫ്റിക്കയുടെ പടിഞ്ഞാറുഭാഗത്തുള്ള ദഹോമി എന്ന രാജ്യത്തെ തുരുദധാരാജാവാണ് ഈ സേനയെ സംഘടിപ്പിച്ചതു്. 18-ാം നൂററാണ്ടിന്റെ ആദ്യകാലത്താണ് ഈ സംഭവം. നാട്ടുകാരെയും അടുത്തുള്ള രാജ്യത്തിൽ ഉള്ളവരെയും പിടിച്ചു് പാശ്ചാത്യർക്കു് അടിമകളായി വിററാണ് രാജാവു് ഖജനാവു നിറച്ചതു്. കടൽപ്പുറത്തുനിന്നു് അറുപതു് മൈൽ അകലത്താണ് ഈ രാജ്യം സ്ഥിതി ചെയ്യുന്നതു്. ഈ കച്ചവടത്തിൽ കിട്ടിയ ലാഭവും ആയി മടങ്ങുമ്പോൾ കാത്തിരു

---

ശില്പം മുതലായ പ്രയോജനമില്ലാത്ത പണിക്കായി അവരുടെ വിലയേറിയ നിമിഷങ്ങൾ അവർ ചിലവഴിക്കയാണ്.

പ്രധാനികൾ ഉൽക്കണ്ഠാ ഭരിതരായി. ഒരു യോഗം അവർ വിളിച്ചു കൂട്ടി. തൊഴിലാളികളുടെ പറുദീസായിൽ ഇങ്ങനെയൊരവസ്ഥ ഇതിനു മുമ്പു് അജ്ഞാതമായിരുന്നുവെന്നു എല്ലാവരും സമ്മതിച്ചു.

സ്വർഗ്ഗദൂതൻ പെട്ടന്നു കടന്നു വന്നു് പ്രധാനികളുടെ മുമ്പിൽ തലകുനിച്ചു കൊണ്ടു് കുററ സമ്മതം പ്രഖ്യാപിച്ചു. ഒരു തെററായ മനുഷ്യനെ ഞാൻ ഇവിടെ കൊണ്ടുവന്നു. ഇതെല്ലാം അവൻ നിമിത്തമാണ് സംഭവിച്ചതു്.

അവനെ (ചിത്രകാരനെ) വിളിപ്പിച്ചു. അവൻ അവിടെ വന്നു. അവന്റെ വിചിത്രമായ വേഷവും, തൂലികയും വർണ്ണങ്ങളും അവൻ കണ്ടു. തൊഴിലാളികളും സ്വർഗ്ഗത്തിലേക്കു പററിയ പുള്ളിയല്ല അവനെന്നു് അവർക്കു ബോദ്ധ്യപ്പെട്ടു. പ്രസിഡണ്ടു് കർശനമായ ഉത്തരവിട്ടു.—“നിന്നെപ്പോലെയുള്ളവർക്കുള്ള സ്ഥലമല്ലിതു്. നീ ഉടനെ സ്ഥലം വിടണം.”

ചിത്രകാരൻ ആശ്വാസത്തിന്റെ ദീർഘനിശ്വാസത്തോടെ തൂലികകളും ചായങ്ങളും പെറുക്കിയെടുത്തു. പക്ഷെ, അവൻ പോകാൻ ഭാവിച്ചപ്പോഴേക്കു് നിശ്ശബ്ദ നീരന്ധരിയുടെ കുമാരി മുന്നോട്ടു നടന്നുവന്നു് ഇങ്ങനെ പറഞ്ഞു. “അല്പം താമസിക്കൂ. ഞാനും വരുന്നു നിന്റെകൂടെ”

പ്രധാനികൾ വിസ്മയാധീനരായി. ഇതിനു മുമ്പു് തൊഴിലാളികളുടെ പറുദീസായിൽ ഇങ്ങനെയൊരുകാര്യം ഉണ്ടായിട്ടില്ല. ഒരുദ്ദേശ്യവും ഒരു പ്രയോജനവും ഇല്ലാത്ത കാര്യം.

ൻ് ഇതു് തട്ടിപ്പറിക്കാൻ കുറച്ചു കൊള്ളക്കാർ തയ്യാറായി. വൈഥ, ആർഡ്്റ, എന്നു രണ്ടു വർഗ്ഗക്കാരാണു് ഇതിനു് തുനിഞ്ഞതു്.

ഇതു് ആ രാജാവിനു് അസഹ്യമായി. അദ്ദേഹം സേനകളെ സംഘടിപ്പിച്ചും കൊണ്ടുവന്നു് ഈ വ വർഗ്ഗക്കാരെ വല്ലാതെ ഉപദ്രവിച്ചു. ഇങ്ങനെ കടൽക്കരയിലേക്കുള്ള മാർഗ്ഗം അദ്ദേഹം നിർബാധമായി കുറച്ചുകാലം സൂക്ഷിച്ചു. എന്നല്ല ഈ വിജയം കൊണ്ടാടിയതു് 400 ശത്രുക്കളെ കടലിനു് ബലി കൊടുത്താണു് താനും. ബലിദാനം തന്നെ വിചിത്രമായ രീതിയിലാണു് നടന്നതു്. ചീങ്കണ്ണികൾ, പുള്ളു്, കാട്ടുപൂച്ച, മുതലായ ദുഷ്ടജന്തുക്കളെ വലിയകൂട്ടിൽ ഇട്ടു് അടച്ചു കൊണ്ടുവരും. ഈ കൂട്ടിൽ ഇവയ്ക്കു് കൂട്ടിനായി 'കഷ്ടം പിടിച്ച' ഒരോ മനുഷ്യനേയും തിരുകിക്കയറ്റും.

നമ്മുടെ മാഹാത്മ്യം പ്രേതലോകത്തിൽ പോയി വാഴ്ത്തു എന്ന ഉപദേശത്തോടെയാണു് ഈ കൂടുകൾ കടലിൽ എറിയുന്നതും.

രാജധാനിയിൽ അലങ്കാരത്തിനു് മുഖ്യവസ്തുവും ശത്രുക്കളുടെ തലയോട്ടുകൾതന്നെ. 40000 തലയോട്ടുകൾ പട്ടത്തതായിരുന്നു അദ്ദേഹത്തിന്റെ പ്രാകാരത്തിന്റെ ഗാംഭീര്യത്തിനു് മുഖ്യ [illegible]ാട്ടം.

എന്നാൽ മദോന്മത്തനായ ഈ രാജാവു് കുറച്ചുകഴിഞ്ഞപ്പോൾ അലസനായി. ഈ തക്കം നോക്കി ശത്രുക്കൾ അദ്ദേഹത്തിന്റെ രാജ്യത്തിൽ കടന്നു് ആക്രമിച്ചു. അവിചാരിതമായി ഉണ്ടായ ഈ പോരിൽ 'തുരുഡോ, രാജാവു് തോൽക്കും എന്നായി. 'അററകൈ' എന്നതുപോലെ അവിടെ ഉണ്ടായിരുന്ന സ്ത്രീകൾക്കു് എല്ലാവർക്കും അദ്ദേഹം ആയുധംനൽകി. ഉടൻ ഫലവും കണ്ടു. യുദ്ധം ഭയങ്കരമായി. അട്ടഹസിച്ചുകൊണ്ടു് ഈ ഭദ്രകാളികൾ കുന്തവും, തോക്കും, വാളും ശത്രുക്കളുടെ നേർക്കു് പ്രയോഗിച്ചു. ശത്രുക്കൾ ആയുധം വച്ചു് കീഴടങ്ങിയിട്ടും ഈ താടകകൾ കൊലനിറുത്തിയില്ല. ഇവരുടെ യുദ്ധ കൗശലം കണ്ടു് എല്ലാവരും അത്ഭുതപ്പെട്ടു.

പുരുഷന്മാർ മാന്യരാണെന്നും യുദ്ധം മാത്രമാണു അവരുടെ തൊഴിലെന്നും ഏറക്കാലമായി ഈ നാട്ടുകാർ വിചാരിച്ചിരുന്നു. അതുകൊണ്ടു് മററുള്ള ജോലികൾക്കു് എല്ലാം സ്ത്രീകളായിരുന്നു ചുമതലക്കാർ. ഒരുങ്ങി പടക്കിറങ്ങുകയും കുടിച്ചു കൂത്താടുകയും മാത്രം ചെയ്തിരുന്ന ആണുങ്ങളെക്കാൾ കരുത്തും മനക്കരുത്തും ഇങ്ങനെ അവിടുത്തെ പെണ്ണുങ്ങൾക്കു് വന്നുചേർന്നു. എന്തും സഹിക്കാനുള്ള ശക്തിയും.

ഇങ്ങനെ തനിക്കു് തക്കത്തിൽ ഉപകരിച്ച സ്ത്രീകളെ ശരിക്കു് അഭ്യസിപ്പിക്കാൻ രാജാവു് നിശ്ചയിച്ചു. ഇങ്ങനെ രാജ്യരക്ഷയ്ക്കു് നന്നായി ഉപകരിക്കുന്ന സ്ത്രീസേന അനാട്ടിലുണ്ടായി.

തുരുഡോരാജാവിന്റെ ഇളയമകനു് ഈ സ്ത്രീസേനകൾ ഏറെ സഹായംചെയ്തു. സിംഗ എന്നു പേരുള്ള ജ്യേഷ്ഠനെക്കാൾ സുന്ദരൻ 'ബോസാ' എന്ന ഇളമുറത്തമ്പുരാനായിരുന്നതുകൊണ്ടു് നാട്ടിലെ തമ്പുരാനാകാൻ അവർ നിശ്ചയിച്ചു. പെണ്ണുങ്ങൾ ഒരുങ്ങി പുറപ്പെട്ടാൽപിന്നെ എല്ലാത്തടസ്സവും ഒഴിഞ്ഞു വാങ്ങില്ലേ? ഏതായാലും അവർ വിചാരിച്ചതു സാധിച്ചു. മൂത്തതമ്പുരാൻ കടലിലുള്ള ജന്തുക്കൾക്കു് ഇരയായി.

ബോസായിക്കു വേണ്ടി എന്തും ചെയ്യുവാൻ ഈ സ്ത്രീസേന തയ്യാറായി. പീരങ്കികളും കോട്ടകളും ഉണ്ടായിട്ടും ശത്രുക്കൾക്കു് ഇവരെ തടുത്തു നിൽക്കുവാൻ സാധിച്ചില്ല. ബലംകൊണ്ടു സാധിക്കാത്തതു ഇവർ ഛലം കൊണ്ടു് നേടി. തോററു മണ്ടൊളിച്ചു എന്നുഭാവിച്ചു് ഇവർ പടനിലം വിട്ടു. ഓടിപ്പോകുമ്പോൾ കൊണ്ടുപോകാൻ മറന്നതുപോലെ ഏറെ മദ്യകുംഭങ്ങൾ പടനിലത്തു വച്ചിട്ടാണു് ഇവർ കടന്നുകളഞ്ഞതു്. വിജയത്തിന്റെ ലഹരിക്കു് മോടികൂട്ടാൻ ഈ ശത്രുക്കൾ കുടിതുടങ്ങി. കുടിച്ചു കൂത്താടി തുടങ്ങിയപ്പോൾ സ്ത്രീസേന പിന്നെയും യുദ്ധത്തിനു് വന്നു. പിന്നെ ശത്രുക്കൾക്കു് ആയുസ്സില്ലാതെ വന്നു.

'നരബലിക്കു്', ബലിമൃഗങ്ങളെ പിടിച്ചുകൊണ്ടുവരുക എന്നതായിരുന്നു ഇവരുടെ പ്രധാനജോലി. അയൽ നാട്ടിൽ കടന്നാണു് ഈമൃഗങ്ങളെ സമ്പാദിച്ചതും.

'ബോസാ, മരിച്ചപ്പോൾ ഈനാരീസേനയിൽ ഏററവും സുന്ദരികളായ ആറുപേരെ അദ്ദേഹത്തിന്റെ ശവത്തിന്റെ കൂട്ടത്തിൽ ജീവനോടെ കുഴിച്ചിട്ടു. എന്നല്ല അദ്ദേഹവും ആയി അടുത്തു ബന്ധം പുലർത്തിയ മുന്നൂറു താടകകളെ പ്രേതരാജ്യത്തിലേക്കു് അകമ്പടി സേവിക്കാൻ യാത്രയയച്ചു. എന്നല്ല മനസ്സുമുട്ട നാരീസേനതലതല്ലിയുംതമ്മിലടിച്ചും മരിക്കാൻതയ്യാറായി. അത്രയ്ക്കു വ്യസനം നാഥന്റെ മരണത്തിൽ ഇവർക്കു് ഉണ്ടായി.


എന്നാൽ 19 ാം നൂററാണ്ടിന്റെ ഒടുവിൽ ഈ സ്ത്രീസേന വെള്ളക്കാരുമായി ഏററുമുട്ടി. ഫ്രഞ്ചുകാർ കൈവശമാക്കിയ ആഫ്രിക്കൻ ദേശത്തു് ഇവർ കടന്നു് ആക്രമിച്ചു. എന്നാൽ വെള്ളക്കാർക്കും ഈ പെൺപടയെ അത്രവേഗം അടക്കാൻ സാധിച്ചില്ല. ചത്തൊടുങ്ങുക എന്ന വ്രതക്കാർ മുറയ്ക്കു് പടക്കളത്തിൽ പലപ്രാവശ്യം നിരന്നു. ഫ്രഞ്ചുകാർ ജയിച്ചു നാടടക്കിയപ്പോഴേക്കും ഈ നാരീസേനയും നാമാവശേഷമായി.

Regd: No. 5595.

ARUNA

Monthly Home Journal in Malayalam

കേരളത്തിലെ പ്രമുഖ കേന്ദ്രങ്ങളിൽ 2-4-54മുതൽ
പ്രദർശനമാരംഭിക്കുന്നു



★ കാർക്കോട്ടൈ ★

ശാരങ്കപാണി, കെമംപരാജ്, പന്തലു, കൃഷ്ണകുമാരി, ജയലക്ഷ്മി,
സുലോചന തുടങ്ങിയ പ്രശസ്ത താരങ്ങൾ അഭിനയിച്ച
പുതിയ തമിഴ്ചിത്രം.

GEO RELEASE

Published by Verghese Kalathil M. A., Kottayam and Printed at the M. M. Press, Kottayam.